# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 3, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--411]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 1232 മുതൽ 1406 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 1407 മുതൽ 1533 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 1534 മുതൽ 1623 വരെ |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി | : 1624 മുതൽ 1642 വരെ |

**<u>പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ</u>**

1232 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഉയർന്ന ഗുണനിലവാരത്തിലും, സമയബന്ധിതമായും നടപ്പിലാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

**<u>കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക</u>**

1233 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ വിവിധ പ്രവൃത്തികൾ നടപ്പാക്കിയ കരാറുകാർക്ക് നിലവിൽ നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക വിതരണം ചെയ്യാത്തത് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളെയും റോഡുകളുടെ അറ്റകുറ്റപ്പണികളെയും ഉൾപ്പെടെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>റോഡുകളെ ബി.എം. & ബി.സി നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി</u>**

1234 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലഘട്ടത്തിൽ എത്ര കിലോമീറ്റർ വരെയുള്ള പി.ഡബ്ല്യൂ.ഡി. റോഡുകളാണ് ബി. എം. & ബി. സി. (ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ്) നിലവാരത്തിൽ നവീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ എത്ര കിലോമീറ്റർ വരെയുള്ള റോഡുകളാണ് ഇനി ബി. എം. & ബി. സി. നിലവാരത്തിലേക്ക് ഉയർത്തുവാനുള്ളത്; വിശദമാക്കാമോ;

(സി) അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ</u>

1235 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് മെയിന്റനൻസ് വിഭാഗം മുഖേന നടത്തിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെസ്ഥിതിയും വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകളുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>കുണ്ടറ മണ്ഡലത്തിലെ മരാമത്തു പ്രവൃത്തികൾ</u>

1236 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന റോഡ്, കെട്ടിടം, പാലം പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) 2021 ജൂൺ മാസത്തിന് ശേഷം കുണ്ടറ നിയോജക മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള റോഡ്, കെട്ടിടം, പാലം പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## <u>ഹരിപ്പാട് മണ്ഡലത്തിലെ മരാമത്ത് പ്രവർത്തികൾ</u>

1237 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. റോഡ്സ്,ബിൽഡിംഗ്സ്, മെയിന്റനൻസ് കെ.ആർ.എഫ്.ബി, എന്നീ വിഭാഗങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന വിവിധ നിർമ്മാണ പ്രവൃർത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) കൊടുന്താർ- മേൽപ്പാടം പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കാമോ;

(സി) മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; ഈ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള

നടപടികൾ അറിയിക്കാമോ;

(ഡി) ഹരിപ്പാട് എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പിഡബ്ല്യുഡി വകുപ്പ് മുഖേന ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃർത്തികളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ?

## കടുത്തുരുത്തി ബസ്ബേ നിർമ്മാണം

1238 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ്ബേ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി പി. ഡബ്ല്യു. ഡി. പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അതിർത്തി നിർണ്ണയം നടത്തിയത് ഏത് തീയതിയിലാണ്; ആയതിന് തയ്യാറാക്കിയ സർവേ റിപ്പോർട്ടിന്റെയും സ്കെച്ചിന്റെയും വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലമുടമകളുമായി നടത്തിയ ചർച്ചകൾ ഏത് ഘട്ടത്തിലാണ്; എത്ര പേരിൽ നിന്ന് സമ്മതപത്രം ലഭിച്ചിട്ടുണ്ടെന്നും സമ്മതം നൽകാത്ത ഉടമകൾ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) സ്ഥലമെടുപ്പിനായി തയ്യാറാക്കിയ പ്രാഥമിക സ്കെച്ച്, അളവു രേഖകൾ എന്നിവ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) യൂട്ടിലിറ്റി ഷിഫ്റ്റിംഗ് സംബന്ധിച്ച് കെ. എസ്. ഇ. ബി, കേരള വാട്ടർ അതോറിറ്റി, ബി. എസ്. എൻ. എൽ, കെ-ഫോൺ എന്നീ സ്ഥാപനങ്ങളുമായി നടത്തിയ സംയുക്ത പരിശോധനകളുടെ തീയതികൾ ഏതെല്ലാമാണെന്നും അവരിൽ നിന്ന് ലഭിച്ച എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ബസ്ബേ നിർമ്മാണത്തിനായുള്ള ഡി. പി. ആർ. തയ്യാറാക്കൽ നിലവിൽ ഏത് ഘട്ടത്തിലാണ്; ഡി .പി. ആർ. പൂർത്തിയാക്കി അംഗീകാരത്തിനായി സമർപ്പിക്കാൻ എന്നത്തേക്ക് സാധിക്കും; വ്യക്തമാക്കാമോ?

## നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കോൺസ്റ്റിറ്റ്യൂൻസി മോണിട്ടറിംഗ് ടീം

1239 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ കോൺസ്റ്റിറ്റ്യൂൻസി മോണിട്ടറിംഗ് ടീം (സി.എം.ടി.) പ്രതിമാസം യോഗം ചേരണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സി. എം. ടി. യോഗങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാറുണ്ടോ; ആലപ്പുഴ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷം ചേർന്ന യോഗങ്ങളുടെ മിനിറ്റ്സ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഏതെല്ലാമാണ് ഇതുവരെ നടപ്പിലാക്കിയത് എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഇതുവരെ നടപ്പിലാക്കാത്തവ ഏതെല്ലാമാണ്; അവ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; വിശദാംശം ലഭ്യമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ

1240 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിന് 2016-17 മുതൽ 2025-26 സാമ്പത്തിക വർഷം വരെ പൊതുമരാമത്ത് വകുപ്പ് മുഖേന റോഡ് നിർമ്മാണം, മെയിന്റനൻസ് എന്നീ പ്രവൃത്തികൾക്കായി അനുവദിച്ച ഫണ്ട് എത്രയാണെന്നും; ഓരോ പ്രവൃത്തിയുടെ പേരും അതിന് ഒരോന്നിനും അനുവദിച്ച തുകയും എത്രയെന്ന് സാമ്പത്തികവർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വിശദമാക്കാമോ?

## തൊടുപുഴ മണ്ഡലത്തിൽ മരാമത്തു വകുപ്പിന്റെ പദ്ധതികൾ

1241 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജക മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിനു കീഴിൽ പൂർത്തീകരിച്ച റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ ഏതെല്ലാമാണ് ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ടി വകുപ്പിന് കീഴിൽ പ്രവൃത്തികൾ പൂർത്തീകരിച്ചവ, നിർമാണത്തിലിരിക്കുന്നവ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തവ എന്നിവ ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ മരാമത്ത് വകുപ്പ് പദ്ധതികൾ

1242 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ റോഡ്, പാലം, കെട്ടിട നിർമ്മാണം, നവീകരണം എന്നിവയുടെ പ്രവൃത്തി തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ ഏറനാട് മണ്ഡലത്തിൽ മരാമത്തു പ്രവൃത്തികൾക്കായി അനുവദിച്ച തുകയും, ഓരോ പ്രവർത്തിക്കും വിനിയോഗിച്ച തുകയും എത്രയാണെന്ന് പദ്ധതി/വർഷം തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കാമോ; നിലവിൽ ഏറനാട് മണ്ഡലത്തിൽ പൂർത്തീകരിക്കപ്പെടാതെ കിടക്കുന്ന അല്ലെങ്കിൽ വൈകുന്ന മരാമത്തു പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) ഏറനാട് മണ്ഡലത്തിലെ സംസ്ഥാനപാതകൾ, പ്രധാന ജില്ലാ റോഡുകൾ, മറ്റ് പി.ഡബ്ല്യൂ.ഡി. റോഡുകൾ എന്നിവയുടെ ദൈർഘ്യം എത്രയാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദീകരിക്കാമോ; കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഏറനാട് മണ്ഡലത്തിൽ റോഡ് പരിപാലനം, പാച്ച് വർക്ക്, റീസർഫസിംഗ് എന്നിവയ്ക്കായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

1243 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

1244 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് (മെയിന്റനൻസ് വിഭാഗം) മുഖേന നടപ്പിലാക്കിയതും നിലവിൽ നടന്നുവരുന്നതുമായ ഓരോ പദ്ധതികളുടെയും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതി വിവരങ്ങളും ലഭ്യമാക്കാമോ;?

## മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്റർ നവീകരണ പ്രവൃത്തി

1245 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്റർ നവീകരണ പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും; എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും; അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ;

(സി) ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ഡി) പാവറട്ടി സെന്റർ റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഇ) ഈ സർക്കാരിന്റെ കാലാവധിയ്ക്കുള്ളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഒരാടം പാലം – മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണം

1246 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഒരാടം പാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള പി & ഇ ചാർജ്ജിൽ അധികമായി അടയ്ക്കണമെന്ന് റെയിൽവേ ആവശ്യപ്പെട്ട തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ

കാലതാമസത്തിന് കാരണമെന്താണ്; വ്യക്തമാക്കുമോ;

(സി) ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ ഭാഗമായുള്ള റെയിൽവേ സ്പാനിന്റെ ഡിസൈൻ ഡ്രോയിംഗ്സ്, അംഗീകരിച്ച അലൈൻമെന്റ്, സോയിൽ ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ അടങ്ങിയ വിശദാംശങ്ങൾ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ,എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ്; അടിയന്തരമായി വിശദാംശങ്ങൾ ലഭ്യമാക്കി പ്രവർത്തി ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രവൃത്തി നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്തുവാൻ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ദീർഘകാലമായി കാര്യമായ പുരോഗതി കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## പദ്ധതി നിർവഹണത്തിനായി പൊതുമരാമത്ത് വകുപ്പ് ചെലവഴിച്ച തുക

1247 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026വരെ പൊതുമരാമത്ത് വകുപ്പ് പദ്ധതി നിർവഹണത്തിനായി എത്ര തുക ചെലവഴിച്ചു; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് എത്ര പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു; നിലവിൽ എത്ര പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു; വിശദാംശം വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

1248 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ പേരും തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

## മങ്കട മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1249 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ വഴി മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് നടപ്പാക്കിയതും നിലവിൽ നടന്നുവരുന്നതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) മങ്കട മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മിതികളിൽ ശോചനീയാവസ്ഥയിലുള്ളതും നിലവിൽ നവീകരണത്തിന് യാതൊരു തുകയും വകയിരുത്തിയിട്ടില്ലാത്തവ ഏതെല്ലാമാണെന്നും ഇവയിൽ അടിയന്തര

പ്രാധാന്യത്തോടെ നവീകരിക്കേണ്ടത് ഏതെല്ലാമാണെന്നുമുള്ള മുൻഗണനാക്രമത്തിലുള്ള പട്ടിക ലഭ്യമാക്കുമോ?

## കയ്പമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1250 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയതും കഴിഞ്ഞ അഞ്ച് വർഷത്തിനിടെ അനുവദിക്കപ്പെട്ടതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ സാങ്കേതിക അനുമതി ലഭ്യമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും സാങ്കേതിക അനുമതി ലഭ്യമാകാത്ത പ്രവൃത്തികളിൽ അത് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിക്കാതിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇവ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

## പൊതുമരാമത്ത് അനുവദിച്ച നബാർഡ് പദ്ധതികൾ

1251 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഉദുമ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച നബാർഡ് പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

## കരുനാഗപ്പള്ളി മണ്ഡലത്തിലെ മരാമത്ത് വകുപ്പിന്റെ പദ്ധതികൾ

1252 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## ക്ലിഫ് ഹൗസിൽ നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികൾ

1253 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ക്ലിഫ് ഹൗസിൽ നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം നൽകാമോ; ഇതിനായി

ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

**മഞ്ചേരിയിൽ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

1254 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലയളവിൽ മഞ്ചേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) വഴി ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; അനുവദിച്ച ഓരോ പ്രവൃത്തിയുടെയും പേര്, അടങ്കൽ തുക എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി, ഇതുവരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ മഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗം വഴി ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുക, പുരോഗതി, ഇതുവരെ ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ മഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പാലം വിഭാഗം വഴി ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയവയുടെ അനുവദിച്ച അടങ്കൽ തുക, പ്രവൃത്തിയുടെ പുരോഗതി, ഇതുവരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ?

**കോതമംഗലം-കാക്കനാട് റോഡ് നിർമ്മാണം**

1255 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-കാക്കനാട് റോഡ് നിർമ്മാണം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) നിർദിഷ്ട കോതമംഗലം-കാക്കനാട് റോഡിന്റെ അലൈൻമെന്റ് മാറ്റുന്നതിനുള്ള പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) കൊച്ചി-ധനുഷ്കോടി ദേശീയ പാതയിൽ (എൻ. എച്ച്-85) നേര്യമംഗലം മുതൽ വാളറ വരെ 14.5 കിലോമീറ്റർ ദൂരം റോഡ് വികസനം സംബന്ധിച്ച് കാലതാമസം കൂടാതെ ഉത്തരവിറക്കി നിർമ്മാണ പ്രവർത്തനങ്ങൾ തുടരുവാൻ ബഹു. കേരള ഹൈകോടതി ആർ. പി-972/25 നമ്പർ കേസിലെ 24.10.2025 -ലെ വിധി പ്രകാരം നിർദ്ദേശം നൽകിയതിന് ശേഷം ഇക്കാര്യത്തിൽ എടുത്ത നടപടികളുടെ വിശദ വിവരം വ്യക്തമാക്കാമോ?

**താമരശ്ശേരിചുരത്തിന് ബദലായുള്ള പദ്ധതി**

1256 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനസാന്ദ്രത വർദ്ധനവും വികസന സാധ്യതകൾ പരിമിതവുമായ താമരശ്ശേരി ചുരത്തിന് ബദലായി വിഭാവനം ചെയ്യുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും

ആയതിന്റെ വിശദാംശവും ലഭ്യമാക്കുമോ;

(ബി) ചിപ്പിലിത്തോട്-മരുതിലാവ്-തളിപ്പുഴ റോഡിന്റെ സാധ്യതാ പഠനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## പുത്തൂർ പോസ്റ്റോഫീസ് – കൈവേലിക്കൽ – നിള്ളങ്ങൽ റോഡ്

1257 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവഹിച്ച കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ പുത്തൂർ പോസ്റ്റോഫീസ് – കൈവേലിക്കൽ – നിള്ളങ്ങൽ റോഡിന്റെ നിർമ്മാണ പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പി.ഡബ്ല്യൂ.ഡി. വിഭാഗം നിരക്ക് പുതുക്കിയതിനാലും ജലജീവൻ മിഷനുമായി ബന്ധപ്പെട്ട റീസ്റ്റോറേഷൻ പ്രവൃത്തി വൈകിയതിനാലും, പ്രസ്തുത റോഡിന്റെ പ്രവൃത്തിക്കായി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി എപ്പോൾ ലഭ്യമാവുമെന്ന് വ്യക്തമാക്കാമോ?

## എൻ.എച്ച്. 766 നവീകരണ പദ്ധതി

1258 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 766-ൽ എത്ര ബൈപ്പാസുകളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഏതൊക്കെ ഇടങ്ങളിലാണെന്ന് വിശദമാക്കാമോ;

(സി) നാഷണൽ ഹൈവേ 766 വീതികൂട്ടി നവീകരിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡിന്റെ നിർമ്മാണം

1259 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ (പി.യു.കെ.സി.) റോഡിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ രണ്ടാം റീച്ചായ ഉള്ള്യേരി-കുറ്റ്യാടി റോഡിന്റെ അലൈൻമെന്റ് നിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് എത്ര മീറ്റർ വീതിയിലാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്; പേരാമ്പ്ര ബൈപാസ് വഴിയാണോ പ്രസ്തുത റോഡ് നിർമ്മിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവൃത്തി

1260 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ മലയോര ഹൈവേയുടെ പ്രവൃത്തി ഏതു ഘട്ടത്തിലാണുള്ളത്; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണ പൂർത്തീകരണം

1261 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ബൈപ്പാസിന്റെ രണ്ടാം ഘട്ട നിർമ്മാണം സംബന്ധിച്ച പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ബൈപ്പാസിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

1262 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുമരാമത്തു റോഡ്സ് വിഭാഗത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ;

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## പെരുമ്പാവൂർ മണ്ഡലത്തിലെ മലയോര പാതയുടെ പുരോഗതി

1263 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര പാതയുടെ പ്രവർത്തനം പുരോഗമിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെറ്റിലപ്പാറയിൽ നിന്നും തുടങ്ങി പെരുമ്പാവൂർ മണ്ഡലത്തിലെ ചെട്ടിനാട് ജംഗ്ഷൻ വരെ വനത്തിലൂടെ കടന്നുവരുന്ന റോഡിന് വനാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം

1264 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിക്ക് ഐ.ആർ. സി. (Indian Roads Congress) മാനദണ്ഡ പ്രകാരമുള്ള പുതിയ അലൈന്മെന്റിനു അംഗീകാരം ലഭ്യമായിട്ടുണ്ടോ; പ്രവൃത്തിയ്ക്ക് ആവശ്യമായി വരുന്ന സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാര തുക നൽകുന്നത് ഉൾപ്പെടെയുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കൊല്ലം മണ്ഡലത്തിലെ നിരത്തുകളുടെ നിർമ്മാണം.

1265 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (നിരത്തുവിഭാഗം) മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കാമോ?

## ദേശീയപാത 85-ലെ നേര്യമംഗലം-വാളറ പ്രദേശത്തെ സംരക്ഷിത വനമേഖല

1266 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 85- ലെ നേര്യമംഗലം-വാളറ പ്രദേശം സംരക്ഷിത വനമാണോ എന്ന വിഷയത്തിൽ സർക്കാർ പരസ്പരവിരുദ്ധമായ സത്യവാങ്മൂലങ്ങൾ ഹൈക്കോടതിയിൽ നൽകിയതിനെ തുടർന്ന് കോടതി താക്കീത് ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പരസ്പരവിരുദ്ധമായ സത്യവാങ്മൂലങ്ങൾ നൽകിയത് ഏത് സാഹചര്യത്തിലാണെന്നറിയിക്കാമോ; ഭൂമിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വസ്തുത വ്യക്തമാക്കുമോ?

## കോഴിക്കോട് - പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ

1267 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് -പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ , ഹൈ സ്പീഡ് കോറിഡോർ ആയി വികസിപ്പിക്കുവാനുള്ള കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശം മൂലം നിലവിൽ നിർദ്ദേശിക്കപ്പെട്ട എൻട്രി എക്സിറ്റ് പോയിന്റുകളുടെ എണ്ണം പുതുക്കി നിശ്ചയിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രീൻഫീൽഡ് ഹൈവേ കടന്നുപോകുന്ന മണ്ണാർക്കാട് മണ്ഡലത്തിലെ എടത്തനാട്ടുകര കോട്ടപ്പള്ള ഭാഗത്ത് എൻട്രി/എക്സിറ്റ് പോയിന്റുകൾ നിലനിർത്തുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിലും ദേശിയ ഹൈവേ അതോറിറ്റിയിലും സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കണ്ണമ്പ്ര-മണപ്പാടം റോഡ് നവീകരണം

1268 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര-മണപ്പാടം റോഡ് നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

## വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തി

1269 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂമി സൗജന്യമായി വിട്ടുനല്കുന്നവർക്ക് മതിലുകൾ പുനർനിർമ്മിക്കുന്നതിനും മറ്റ് ജീവനോപാധികൾ നിലനിർത്തുന്നതിനും എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ?

## ഓരോടംപാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണം

1270 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകുമോ;

(സി) ബൈപ്പാസ് നിർമ്മാണം സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ദേശീയപാത നിലവാരത്തിലേക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്ന റോഡുകൾ

1271 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത നിലവാരത്തിലേക്ക് പുതുതായി ഉയർത്തുവാൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇതിനായുള്ള പദ്ധതിരേഖ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് തയ്യാറാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് വൈപ്പിൻ മണ്ഡലത്തിൽ നിന്നുള്ള റോഡുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റോഡ് ഏതെന്നും എവിടെ നിന്ന് ആരംഭിച്ച് എവിടെയാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ?

## ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണം

1272 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

**അരൂർ മണ്ഡലത്തിലെ ചെങ്ങണ്ട-തൃച്ചാറ്റുകുളം എം.എൽ.എ. റോഡ്**

1273 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26-ലെ ബജറ്റിൽ ഉൾപ്പെടുത്തിയ അരൂർ മണ്ഡലത്തിലെ ചെങ്ങണ്ട-തൃച്ചാറ്റുകുളം റോഡിന് അനുവദിച്ച 6 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചോയെന്ന് വിശദമാക്കാമോ;

(ബി) ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

**പാറശ്ശാലയിൽ റോഡുകളുടെ നിർമ്മാണത്തിനായി മുറിച്ചുമാറ്റിയ മരങ്ങൾ**

1274 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ പാറശ്ശാല നിയോജകമണ്ഡലത്തിൽ കെ.ആർ.എഫ്.ബി., പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ കീഴിലുള്ള വിവിധ റോഡുകളുടെ നിർമ്മാണത്തിനായി പാതയോരത്തെ എത്ര മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ടെന്ന് റോഡ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നിയമപരമായ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ റോഡിന്റെ കാര്യത്തിലും ഇതുമായി ബന്ധപ്പെട്ട വകുപ്പുതല ഫയൽ നമ്പറുകൾ ലഭ്യമാക്കാമോ;

(സി) മുറിച്ചുമാറ്റിയ മരങ്ങൾക്ക് വിലനിർണ്ണയം (വാല്യുവേഷൻ) നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ റോഡിലെയും മരങ്ങൾ ഇനം തിരിച്ച് (ഉദാ: തേക്ക്, ആഞ്ഞിലി, പ്ലാവ് തുടങ്ങിയവ) അവയുടെ മൂല്യം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പാതയോരത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിലവിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പാറശ്ശാല മണ്ഡലത്തിൽ പ്രസ്തുത നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചാണോ മരങ്ങൾ നീക്കം ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ഇ) മരങ്ങൾ ലേലം ചെയ്തത് സംബന്ധിച്ച ഓരോ പ്രവൃത്തിയുടെയും ടെൻഡർ വിവരങ്ങളും ലേലം വഴി സർക്കാരിലേക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി**

1275 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് സ്റ്റേറ്റ് എൻവയോൺമെന്റ് ഇമ്പാക്ട് അസെസ്മെന്റ് അതോറിറ്റിയുടെ പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്ന കാര്യത്തിൽ ഇനി എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ആദ്യഘട്ടത്തിന് മേൽപ്പറഞ്ഞ അതോറിറ്റിയിൽ നിന്നും പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിക്ക് പാരിസ്ഥിതിക അനുമതി നൽകേണ്ടത് കേന്ദ്രപരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ആണോ; ആണെങ്കിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടെ പുതിയതായി അനുമതി തേടേണ്ട സാഹചര്യം നിലവിലുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) പദ്ധതിക്കായി സ്ഥലം വിട്ടുകൊടുത്ത പ്രദേശവാസികൾ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഉടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കാസർകോട് മണ്ഡലത്തിലെ റോഡുകൾ</u>

1276 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പതിനഞ്ച് വർഷ കാലയളവിൽ പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി അനുവദിച്ച തുക, റോഡിന്റെ പേരും വർഷവും തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകൾക്കായി അനുവദിച്ച തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ, ആയത് സംബന്ധിച്ച വിവരം റോഡിന്റെ പേരും വർഷവും തിരിച്ച് വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡുകൾക്കായി അനുവദിച്ച തുക വിനിയോഗിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ 15 വർഷത്തിനിടയിൽ കാസർകോട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ റോഡിന്റെ പേര് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

## <u>മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണം</u>

1277 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പ്രധാന റോഡായ മഞ്ചേരി-ഒലിപ്പുഴ റോഡ് നിർമ്മാണത്തിന് കിഫ്ബിയുടെ ആദ്യഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തി 85.61 കോടി രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിരുന്നോ;

(ബി) നിലവിലുള്ള റോഡ് 9 മീറ്റർ വീതിയോടെ ബി. എം. (ബിറ്റുമിനസ് മക്കാഡം), ബി. സി. (ബിറ്റുമിനസ് കോൺക്രീറ്റ്) നിലവാരത്തിൽ പുതുക്കി നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നും ഉത്തരവുകൾ പുറപ്പെടുവിച്ച പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) കിഫ്ബി ഏറ്റെടുത്ത് ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തിക്ക് മെയിന്റനൻസ് വർക്ക് ചെയ്യുന്നതിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തിക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്നതിനാൽ റോഡിന്റെ 90 ശതമാനവും 12 മീറ്ററിൽ കൂടുതൽ വീതിയുള്ളതിനാൽ ബി.എം. & ബി.സി. നിലവാരത്തിൽ പ്രവൃത്തികൾ തുടങ്ങുന്നതിന് സ്ഥലം എം.എൽ.എ.-യെ ഉൾപ്പെടുത്തി ഒരു യോഗം വിളിക്കണമെന്ന നിർദ്ദേശത്തിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(എഫ്) കിഫ്ബി ഏറ്റെടുത്ത് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്ന പ്രവൃത്തികൾ എത്രയെണ്ണമുണ്ടെന്ന് വിശദമാക്കുമോ;

(ജി) ലാൻഡ് അക്വിസിഷനിൽ കാലതാമസം നേരിടുന്ന പ്രവൃത്തികളിൽ നിലവിൽ 9 മീറ്റർ വീതിയിൽ കൂടുതലുള്ള റോഡുകളുടെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

## ശോചനീയാവസ്ഥയിലുള്ള റോഡുകളുടെ നവീകരണം

1278 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശോചനീയാവസ്ഥയിലുള്ളതുമായ പൊതുമരാമത്ത് റോഡുകൾ നവീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടും പത്തു വർഷത്തിലധികമായി നവീകരിക്കാത്തതും ശോചനീയാവസ്ഥയലുള്ളതുമായ നിരവധി റോഡുകൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഈ റോഡുകൾ നവീകരിക്കുന്നതിന് തുക വകയിരുത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) മങ്കട മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർക്കാട് -ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ ദീർഘകാലമായി ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പൂർണ്ണമായി ബി.എം.& ബി.സി. ചെയ്ത് നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി റോഡ് നവീകരണം

1279 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട് -ഉള്ളിയേരി-കുറ്റ്യാടി റോഡിലെ കരുവണ്ണൂർ പുതിയപ്പുറത്തുള്ള അപകട വളവും ജംഗ്ഷനും നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജംഗ്ഷൻ പരിഷ്കരിക്കുന്നതിന് എത്ര കോടിയുടെ എസ്റ്റിമേറ്റാണ് പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ റോഡുകളുടെ ഡി.എൽ.പി. കാലാവധി

1280 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ ഡി. എൽ. പി. (ഡിഫെക്ട് ലയബിലിറ്റി പീരീഡ്) കഴിഞ്ഞതും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പരിപാലിക്കുന്നതുമായ റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ഏറ്റവും നീളം കൂടിയതും പ്രധാനപ്പെട്ടതും സ്റ്റേറ്റ് ഹൈവേയുമായ ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡിന്റെ ഡി. എൽ . പി. കാലാവധി അവസാനിച്ചതെന്നാണെന്ന് വിശദമാക്കാമോ?

## കോഴിക്കോട് മെഡിക്കൽ കോളേജ് - കാളാണ്ടിതാഴം റോഡ്

1281 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് - കാളാണ്ടിതാഴം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസിന്റെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) കേസ് തീർപ്പുകൽപ്പിച്ച് പ്രവൃത്തി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ

1282 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിനായുള്ള കണ്ടിജൻസി ചാർജ്ജ് അനുവദിച്ച് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് വകുപ്പിന്റെ പദ്ധതികൾ

1283 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മുതൽ കുറ്റ്യാടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ്, റോഡ്സ് മെയിന്റനൻസ്, ബിൽഡിങ്സ് എന്നീ വിഭാഗങ്ങൾ ഏതൊക്കെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും നിലവിലെ സ്ഥിതിയും സഹിതം വിശദമാക്കാമോ;

(ബി) കുറ്റ്യാടി മണ്ഡലത്തിൽ 2021 മെയ് മുതൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടെന്ന് റോഡിന്റെ പേരും നീളവും സഹിതം അറിയിക്കാമോ; ഇനി എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയാക്കാൻ ബാക്കിയുണ്ട് എന്ന് റോഡിന്റെ പേരും നീളവും സഹിതം വിവരം ലഭ്യമാക്കാമോ?

## വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണം

1284 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഇതുവരേയും ആരംഭിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്ന് എന്തെല്ലാം അനുമതികൾ ലഭിച്ചുവെന്നും എന്തെല്ലാം അനുമതികളാണ് ഇനി ലഭിക്കേണ്ടതെന്നും വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനായി സംസ്ഥാന വിഹിതം നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) പദ്ധതിക്ക് വേണ്ട ആകെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ ചീരോത്ത്പടി -പാങ്ങ് റോഡ് നിർമ്മാണം

1285 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി-ചാവക്കാട് റോഡിൽ കാഞ്ഞാണി മുതൽ ചീരോത്ത് പടി വരെയും, പാങ്ങ് മുതൽ ചാവക്കാട് വരെയും ബി. എം, & ബി. സി. പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും പ്രസ്തുത പാതയിലെ ചീരോത്ത് പടി മുതൽ പാങ്ങ് വരെയുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുവായൂരിനെയും തൃപ്രയാറിനെയും ബന്ധിപ്പിക്കുന്നതും നിരവധി അപകടങ്ങളും ഗതാഗതക്കുരുക്കും അനുഭവപ്പെടുന്നതുമായ പ്രസ്തുത റോഡിലെ ചീരോത്ത് പടി മുതൽ പാങ്ങ് വരെയുള്ള റോഡ് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത റോഡിനായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

വിശദാംശങ്ങൾ നൽകാമോ?

**വിഴിഞ്ഞം-നാവായിക്കുളം ഗ്രീൻഫീൽഡ് ഔട്ടർ റിങ് റോഡ് പദ്ധതി**

1286 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനത്തിനും തലസ്ഥാനത്തെ ഗതാഗത വികസനത്തിനും ഒരു പോലെ ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്ന നിർദ്ദിഷ്ട "വിഴിഞ്ഞം നാവായിക്കുളം ഗ്രീൻഫീൽഡ് ഔട്ടർ റിങ് റോഡ് (എൻ. എച്ച്-866)" പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രിയുമായി ബഹു. മുഖ്യമന്ത്രി നടത്തിയ ചർച്ചകൾ പദ്ധതി നടത്തിപ്പിന് പ്രതീക്ഷ നൽകുന്നതാണോ;

(സി) നിർദ്ദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്താതെയും പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെയും ടണലുകളിലൂടെയും ഫില്ലറുകളിലൂടെയും റോഡ് നിർമ്മിക്കാൻ കഴിയുമെന്ന നിഗമനത്തിൽ ദേശീയപാത അതോറിറ്റി എത്തിച്ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) ഏതെല്ലാം താലൂക്കുകളെയും വില്ലേജുകളെയും ബന്ധിപ്പിച്ചുകൊണ്ടാണ് റിങ് റോഡ് കടന്നുപോകുന്നത്; ഇതിനായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരും;

(ഇ) പ്രസ്തുത പദ്ധതിയ്ക്ക് അനുമതി നൽകുമെന്ന് കേന്ദ്രമന്ത്രി സംസ്ഥാനത്തിന് ഉറപ്പു നൽകിയിരുന്നോ; പ്രവർത്തനാനുമതി നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

**തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിന്റെ വീതി കൂട്ടൽ**

1287 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ ഏനാമാവ് ഭാഗത്തെ വീതികുറഞ്ഞ ഭാഗം വീതി കൂട്ടുന്നതിനുവേണ്ടി 2014-15 വർഷത്തെ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 130 ലക്ഷം രൂപയും, 2024-25 വർഷത്തെ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും വീണ്ടും 50 ലക്ഷം രൂപയും അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തെങ്കിലും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ്ജ് അനുവദിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഇതുവരെ നടപ്പാക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ടിജൻസി ചാർജ്ജ് അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായി 27.01.2025-ലെ കത്ത് പ്രകാരം തൃശ്ശൂർ പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ്)-

ന് സമർപ്പിച്ച റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) കണ്ടിജൻസി ചാർജ്ജ് അടയ്ക്കുന്നതിനുള്ള അനുമതി ഇതിനോടകം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ എത്രയും വേഗം കണ്ടിജൻസി ചാർജ്ജ് അടയ്ക്കുന്നതിനുള്ള അനുമതി ലഭ്യമാക്കാൻ നടപടി എടുക്കുമോ ;

(ഡി) കണ്ടിജൻസി ചാർജ്ജ് അടയ്ക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തിയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ എത്രയും വേഗം അനുമതി ലഭ്യമാക്കാൻ നിർദ്ദേശിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണം

1288 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തരൂർ മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് പ്രവൃത്തി

1289 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് റോഡിന്റെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) രണ്ടാം ഘട്ടമായ അഞ്ച് കോടി രൂപയുടെ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

## സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് രണ്ടാംഘട്ടം

1290 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റിന്റെ രണ്ടാം ഘട്ടത്തിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ വികസനത്തിനാണ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) മേൽപറഞ്ഞ പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

1291 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 വരെ പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഓരോ സാമ്പത്തികവർഷവും അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെ പേരും അതിന് അനുവദിച്ച തുകയും വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ നവീകരിച്ച റോഡുകൾ

1292 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ ബി.എം.ബി.സി., ബി.സി. ഓവർലേ, എം.എസ്.എസ്. നിലവാരത്തിൽ നവീകരിച്ച റോഡുകളുടെ എണ്ണം, അവയുടെ നീളം എന്നിവ സംബന്ധിച്ച വിവരങ്ങൾ തരംതിരിച്ച് അറിയിക്കാമോ?

## അങ്കമാലി മണ്ഡലത്തിൽ റോഡുകളുടെ വികസനം

1293 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ വികസനത്തിനായി പ്ലാൻ, നോൺ പ്ലാൻ, ശബരിമല പാക്കേജ്, മെയിന്റനൻസ് തുടങ്ങിയ ഇനങ്ങളിലായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; നിലവിൽ നടന്നുവരുന്ന പ്രവ്യത്തികളുടെ ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

## വട്ടവട-പഴത്തോട്ടം ചിലന്തിയാർ റോഡു നിർമ്മാണം

1294 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ തുക അനുവദിച്ച് ഭരണാനുമതി നൽകിയ ദേവികുളം മണ്ഡലത്തിലെ വട്ടവട-പഴത്തോട്ടം ചിലന്തിയാർ റോഡിന്റെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

## പുതുക്കാട് മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

1295 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ്, കൊടകര-

വെള്ളിക്കുളങ്ങര-കോടാലി റോഡ്, നിർദ്ദിഷ്ട മലയോര ഹൈവേ എന്നീ റോഡുകളുടെ നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>മലയോര ഹൈവേ പദ്ധതി</u>**

1296 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഇതിനായി എത്ര കോടി രൂപയാണ് സർക്കാർ ചെലവിട്ടത്; വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി എത്ര റോഡുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(ഡി) കേരളത്തിലെ എല്ലാ ജില്ലകളിലേക്കും കണക്ടിവിറ്റി ഉണ്ടാക്കുന്ന തരത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**<u>റോഡ് ഇൻഫ്രസ്ട്രക്ച്ചർ കമ്പനി ലിമിറ്റഡ് -ന് നിർമ്മാണ ചുമതലയുള്ള റോഡുകൾ</u>**

1297 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു റോഡ് ഇൻഫ്രസ്ട്രക്ച്ചർ കമ്പനി ലിമിറ്റഡ് (റിസ്ക്)-ന് നിർമ്മാണ ചുമതലയുള്ള റോഡുകൾ ഏതൊക്കെയെന്നും അവയുടെ നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കമ്പനി പൂർത്തീകരിച്ച റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ അടങ്കൽ തുക, കരാർ ഏൽപ്പിച്ച ദിവസം, പ്രവൃത്തി പൂർത്തീകരിച്ച ദിവസം, തുക അനുവദിച്ചതു സംബന്ധിച്ച വിശദാംശം എന്നീ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**<u>തീരദേശ ഹൈവേയുടെ പ്രവർത്തന പുരോഗതി</u>**

1298 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വൈപ്പിൻ മണ്ഡലത്തിലെ റീച്ചിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; സ്ഥലമെടുപ്പ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) സ്ഥലമുടമകൾക്ക് എന്നത്തേക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനും നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>ആറ്റിങ്ങൽ മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

1299 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂർ പോലീസ് സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>എറണാകുളത്തെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിർമ്മാണം</u>**

1300 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ എറണാകുളത്ത് പുതിയ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശം നൽകാമോ?

**<u>ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണം</u>**

1301 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി റീവാലിഡേറ്റ് ചെയ്ത് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭിക്കും; അടിയന്തരമായി സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>കുളത്തൂർ ഗവൺമെന്റ് ഹൈസ്കൂൾ നിർമ്മാണം</u>**

1302 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് ഹൈസ്കൂളിൽ 2 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നില പൂർത്തീകരിക്കുന്നതിന്റെ ടെണ്ടർ നടപടിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; അടിയന്തരപ്രാധാന്യമുള്ള ഈ കെട്ടിടനിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

**<u>കൂത്തുപറമ്പ് , പാനൂർ ഐ.ബി.കളുടെ നവീകരണ പ്രവൃത്തികൾ</u>**

1303 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് ഐ. ബി. ഉദ്ഘാടനം ചെയ്തെങ്കിലും, ബ്രിട്ടീഷ് കാലഘട്ടത്തിലെ കുതിരലായം ഉൾപ്പെടെയുള്ള സ്മാരകങ്ങളെ സംരക്ഷിച്ചുകൊണ്ടുള്ള സൗന്ദര്യവത്ക്കരണ പ്രവൃത്തികൾ ഉൾപ്പെടുത്തി അടങ്കൽ തയ്യാറാക്കി സമർപ്പിച്ചെങ്കിലും തുക അനുവദിക്കാത്തതിന്റെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പാന്തർ ഐ. ബി. നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും ഉപയോഗപ്രദമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പാന്തർ ഐ. ബി. യിൽ മതിയായ സൗകര്യങ്ങൾ ഒരുക്കി പൂർണ്ണ തോതിൽ എപ്പോൾ തുറന്നുകൊടുക്കാനാകുമെന്ന് വ്യക്തമാക്കാമോ?

**ഹരിപ്പാട് ഫയർ സ്റ്റേഷൻ നിർമ്മാണം**

1304 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ലഭിച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണം**

1305 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഭരണാനുമതി ലഭ്യമായ പുതിയ മന്ദിരത്തിന്റെ പ്ലാൻ, ഡിസൈനിംഗ് എന്നിവ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; ഈ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**തിരുവല്ല സത്രം കോംപ്ലക്സിലെ നിർമ്മാണ പ്രവൃത്തി.**

1306 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള തിരുവല്ല സത്രം കോംപ്ലക്സിൽ ആഡിറ്റോറിയവും മുറികളും നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കൊടുവള്ളി മണ്ഡലത്തിലെ നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

1307 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 15/08/2025-ലെ ജി.ഒ.(ആർ.റ്റി)നം.2802/2025/ഹോം പ്രകാരം നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; സാങ്കേതിക അനുമതി സംബന്ധിച്ച ഫയലിന്റെ വിശദാംശം ലഭ്യമാക്കാമോ?

## നിലമ്പൂർ റസ്റ്റ് ഹൗസിനോടനുബന്ധിച്ച് പി.ഡബ്ല്യു.ഡി. കോംപ്ലക്സ്

1308 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ റസ്റ്റ് ഹൗസിനോടനുബന്ധിച്ച് ഭരണാനുമതി ലഭിച്ചിട്ടുള്ള പി.ഡബ്ല്യു.ഡി. കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തിക്കു വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിലെ അംഗൻവാടികളുടെ നിർമ്മാണം

1309 **ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ പ്രഖ്യാപിച്ച അരൂർ മണ്ഡലത്തിലെ വിവിധ അംഗൻവാടികളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

## കാവാലിപ്പുഴ മിനി ബ്രിഡ്ജ് പദ്ധതി

1310 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിലാറിന് കുറുകെ നിർദ്ദേശിച്ചിരിക്കുന്ന കാവാലിപ്പുഴ മിനി ബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ ഭരണപരവും സാങ്കേതികവുമായ സ്ഥിതിവിവരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) 2024–25 ലെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമാരാമത്ത് വകുപ്പിനായി സീരിയൽ നമ്പർ 505 ആയി 20% പ്രൊവിഷൻ (ആകെ 600 ലക്ഷം രൂപ) നൽകിയിരിക്കുന്നതിൽ ഇതുവരെ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 6.50 മീറ്റർ വീതിയിൽ ഡിസൈൻ ചെയ്തിട്ടുള്ള മിനി ബ്രിഡ്ജിനും അനുബന്ധ അപ്രോച്ചിനുമായി 8 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിശദമായ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ (ലാന്റ് അക്വിസിഷൻ) നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ആരംഭിക്കാൻ എന്തൊക്കെ തടസ്സങ്ങളാണ് നിലവിലുള്ളത്; ലഭ്യമായ ഡിസൈൻ അടിസ്ഥാനമാക്കി ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതിനും വകുപ്പുതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഇ) പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനുള്ള സമയക്രമം അറിയിക്കാമോ; ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ പ്രദേശത്തെ ഗതാഗത സൗകര്യത്തിലും ടൂറിസം വികസനത്തിലും പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## കോട്ടയം കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം

1311 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മണ്ഡലത്തിലെ കോടിമത രണ്ടാം പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയ തീയതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിച്ച തീയതി വ്യക്തമാക്കാമോ;

(സി) കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ റോഡുകളും പാലങ്ങളും

1312 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -2016 , 2016 -2021 , 2021 - 2026 എന്നീ കാലയളവുകളിൽ എത്ര വീതം പാലങ്ങൾ സംസ്ഥാനത്ത് നിർമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവുകളിൽ ഓരോന്നിലും പെതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകളുടെ എണ്ണവും ദൂരവും (കിലോമീറ്ററിൽ) എത്രയെന്ന് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവുകളിൽ ഓരോന്നിലും പുതുതായി പ്രഖ്യാപിച്ച സംസ്ഥാന റോഡുകളുടെ പേരും ദൂരവും (കിലോമീറ്ററിൽ) സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## കറുകമാട് പാലം പുനർനിർമ്മാണം

1313 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അപകടാവസ്ഥയിലുള്ള കറുകമാട് പാലം പുനർനിർമ്മിക്കുന്നതിന് പൊതുമരാമത്തു വകുപ്പ് പാലം വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് സമർപ്പിച്ച 13.6 കോടി രൂപയുടെ പ്രൊപ്പോസലിൽ ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ അണ്ടർ വാട്ടർ ഇൻസ്പെക്ഷൻ നടത്തിയതിൽ പാലം വളരെ അപകടാവസ്ഥയിലാണെന്നും പാലത്തിന്റെ പല സ്ഥലത്തും കമ്പികൾ തുരുമ്പുപിടിച്ച അവസ്ഥയിലാണെന്നുമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കുരുത്തിക്കോട് പാലം പ്രവൃത്തി പൂർത്തീകരണം

1314 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കുരുത്തിക്കോട് പാലം പ്രവൃത്തി പൂർത്തീകരിച്ച് എന്നത്തേക്ക് ഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ കഴിയുമെന്ന വ്യക്തമാക്കാമോ?

## ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറ പാലം നിർമ്മാണം

1315 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും ഭൂതപ്പുഴയ്ക്ക് കുറുകെയുള്ളതുമായ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറ പാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറ പാലത്തിന്റെ തിരുവേഗപ്പുറ ഭാഗത്ത് വലിയ വിള്ളൽ രൂപപ്പെട്ട് പാലം അപകടാവസ്ഥയിലായതിനെ തുടർന്ന് പ്രസ്തുത പാലത്തിനു സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് കോട്ടക്കൽ എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സമാന്തര പാലം നിർമ്മിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ ചീഫ് എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ്) ഓഫീസിലും സർക്കാർ തലത്തിലും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലം നിർമാണം

1316 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാവശ്ശേരി പഞ്ചായത്തിലെ പത്തനാപുരം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ

1317 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ;

(ബി) കൃഷ്ണപുരം മാമ്പ്രക്കന്നേൽ റെയിൽവേ മേൽപ്പാലം, കാക്കനാട് റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

## പെരുമ്പപുഴയിൽ പുതിയ പാലം നിർമ്മിക്കാൻ പദ്ധതി

1318 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളെയും ചെറുനഗരങ്ങളെയും ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന ശീർഷകത്തിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയെയും കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം

ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തരത്തിൽ പെരുമ്പപുഴയിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് തുക നീക്കിവെച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) നിർദ്ദിഷ്ട പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## തൃശ്ശൂർ ജില്ലയിലെ കടാംതോട് പാലത്തിന്റെ പുനർനിർമ്മാണം

1319 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അമല നഗർ പാവറട്ടി റോഡിൽ ചെയിനേജ് 6/537-ലെ കടാംതോട് പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തിക്ക് (ഫയൽ നമ്പർ ഡി1/416/2025/പി.ഡബ്ല്യൂ.ഡി.) ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയെത്രയെന്ന് അറിയിക്കാമോ;

(സി) കാലപ്പഴക്കം കാരണം കേടുപാടുകൾ സംഭവിച്ചതിനാൽ വാഹനഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം

1320 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അത്താണി പാലം നിർമ്മാണം

1321 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡത്തിലെ കാക്കനാട് അത്താണിയിൽ പണിയുന്ന പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ പൂർത്തീകരണം നീണ്ടു പോകുന്നതിനുള്ള കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ പണി പൂർത്തിയാക്കി എന്നത്തേക്ക് ഗതാഗത യോഗ്യമാക്കാൻ സാധിക്കുമെന്ന കാര്യം വിശദമാക്കാമോ?

## കളിയാംവള്ളി പാലം നിർമ്മാണം

1322 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മുട്ടുങ്ങൾ-നാദാപുരം സ്റ്റേറ്റ് ഹൈവേയിലൂടെ കടന്ന് പോകുന്ന കളിയാംവള്ളി പാലത്തിന്റെ നിർമ്മാണപുരോഗതി അറിയിക്കാമോ?

## കഞ്ഞിക്കുഴി ഫ്ലൈ ഓവർ നിർമ്മാണം

1323 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 04.12.2015-ലെ സ.ഉ.(സാധാ) നം.1804/2015/പി. ഡബ്ല്യൂ. ഡി. ഉത്തരവ് പ്രകാരം 30.71 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ കഞ്ഞിക്കുഴി ഫ്ലൈ ഓവറിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നാളിതുവരെയുള്ള സർക്കാർ തല അനുമതികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) 2016 മെയ് മുതൽ ഇതുവരെ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

1324 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായത് ഏത് വർഷത്തിലാണെന്നും നിർമ്മാണം ആരംഭിച്ചത് ഏത് വർഷത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) ജി.എസ്.റ്റി. വിഷയത്താൽ പ്രവൃത്തിയുടെ കരാറുകാരൻ പ്രവൃത്തി നിർത്തിവെച്ചത് എന്നാണെന്നും പ്രസ്തുത വ്യക്തിയെ പുറത്താക്കിയത് എന്നാണെന്നും വ്യക്തമാക്കാമോ;

(സി) ജി.എസ്.റ്റി. വിഷയത്താൽ നിർമ്മാണ പ്രവർത്തനം നിലച്ച കോൺവെന്റ് ബീച്ച് പാലത്തിന്റെ ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിക്കായി സമർപ്പിച്ചിട്ടുള്ള ടെണ്ടറിന് അംഗീകാരം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസം മൂലം ജനങ്ങൾ ഉയർത്തുന്ന പ്രതിഷേധം കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പും സംയുക്തയോഗം ചേർന്ന് ഇതുസംബന്ധിച്ച ഫയലിൽ അടിയന്തര തീരുമാനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## മണന്തലക്കടവ് പാലം സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

1325 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിനേയും മലപ്പുറം ജില്ലയെയും ബന്ധിപ്പിക്കുന്ന മണന്തലക്കടവ് പാലത്തിന്റെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി പാലം സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്യാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

## തിരുവല്ല മണ്ഡലത്തിലെ പുല്ലംപ്ലാവിൽ കടവ് പാലം നിർമ്മാണം

1326 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പുല്ലംപ്ലാവിൽ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## എളഒ- നാക്കോല റോഡിലെ കൾവർട്ടിന്റെ പുനർനിർമ്മാണം

1327 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിലെ എളഒ- നാക്കോല റോഡിലെ കൾവർട്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നിലമ്പൂർ മണ്ഡലത്തിലെ തരിപ്പപൊട്ടി പാലം, കുമ്പളപ്പാറ പാലം എന്നിവയ്ക്ക് ഭരണാനുമതി

1328 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വാണിയമ്പുഴയ്ക്ക് കുറുകെയുള്ള തരിപ്പപൊട്ടി പാലം, കുമ്പളപ്പാറ ഉന്നതിയിലേയ്ക്ക് പോകുന്നതിനായുള്ള കുറുമ്പട്ടി പുഴയ്ക്ക് കുറുകെയുള്ള കുമ്പളപ്പാറ പാലം എന്നിവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ട്രൈബൽ കണക്ടിവിറ്റി ഫണ്ടിൽ ഉൾപ്പെടുത്തി പാലം നിർമ്മിക്കുന്നതിന് നടപടി

1329 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വഴിക്കടവ് പഞ്ചായത്തിലുള്ള അളക്കൽ, പുഞ്ചക്കൊല്ലി ആദിവാസി ഊരുകളിലെ നിരവധി കുടുംബങ്ങൾ ആശ്രയിച്ചിരുന്ന പുന്നപ്പുഴയ്ക്ക് കുറുകെയുള്ള പാലം 2019-ലെ പ്രളയത്തിൽ തകർന്നുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് ട്രൈബൽ കണക്ടിവിറ്റി ഫണ്ട് ഉപയോഗിച്ച് പുനർനിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലത്തിന്റെ നിർമ്മാണം**

1330 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന എഴുത്തോംപാറ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രവൃത്തിയുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിവരവും ലഭ്യമാക്കാമോ?

**പൊതുമരാമത്ത് വകുപ്പിന്റെ ബ്രിഡ്ജസ് സെക്ഷൻ അനുവദിക്കാൻ നടപടി**

1331 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ബ്രിഡ്ജസ് വിഭാഗം അനുവദിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സെക്ഷൻ അനുവദിക്കുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

1332 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അരുവിക്കര നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ അനുവദിച്ച പ്രവൃത്തികൾ, അവയുടെ ഫണ്ട് വിവരം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തി**

1333 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ബജറ്റിൽ 20% തുക വകയിരുത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചതും ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികളിൽ ആർ. ഐ. ക്യു. സി., പി .ഡബ്ല്യു. ഡി. ഡിസൈൻ വിംഗ്, ആർക്കിടെക്റ്റ് വിഭാഗം എന്നിവിടങ്ങളിൽ പെന്റിംഗായിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ**

1334 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയതും തുടരുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ മരാമത്ത് വകുപ്പ് പദ്ധതികൾ**

1335 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ**

1336 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് വിഭാഗങ്ങൾ വഴി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും, നടപ്പിലാക്കി വരുന്നതുമായ വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവർത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

1337 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ മരാമത്ത് വകുപ്പ് പ്രവൃത്തികൾ**

1338 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പൊതുമരാമത്തു വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം, തുക എന്നിവ തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

1339 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്നും നിർമ്മാണം പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

## വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി

1340 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഔട്ടർ റിംഗ് റോഡിനുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം ഏറ്റെടുപ്പിലെ അപാകതകൾ സംബന്ധിച്ച ആരോപണവും പ്രതിഷേധവും ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

1341 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം പൊതുമരാമത്ത് വിഭാഗങ്ങളുടെ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## തീരദേശ ഹൈവേയിൽ ഭൂഗർഭ ടണൽ നിർമ്മാണം

1342 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയിൽ ഫോർട്ട് കൊച്ചിയേയും വൈപ്പിനേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഭൂഗർഭ ടണൽ നിർമ്മാണം സ്വകാര്യ പങ്കാളിത്തത്തോടെ ഡിസൈൻ - ബിൽഡ് -ഫിനാൻസ് - ഓപ്പറേറ്റ് - ട്രാൻസ്ഫർ (ഡി. ബി. എഫ്. ഒ. ടി) മോഡൽ പ്രകാരം നടപ്പിലാക്കുന്നതിനായി താത്പര്യപത്രം ക്ഷണിക്കുവാനുള്ള നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂഗർഭ ടണൽ നിർമാണം സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലുകൾ ഏതെല്ലാം വകുപ്പുകളിലാണെന്ന് ഫയൽ നമ്പർ ഉൾപ്പടെ വ്യക്തമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

1343 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, പദ്ധതിയുടെ അടങ്കൽ തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

## നവകേരള സദസ്സിനായി കരാറുകാരിൽ ഫണ്ട്

1344 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിനായി കരാറുകാരിൽ നിന്നും ഫണ്ട് സമാഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ആയതിൽ വകുപ്പ് മന്ത്രി ഇടപെടൽ നടത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആരോപണം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം വകുപ്പ് തലത്തിൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; കൂടാതെ, ആരോപണം ഉന്നയിച്ചവർക്കെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

1345 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ടി പ്രവർത്തികൾക്ക് അനുവദിച്ച തുക, നിലവിലെ അവസ്ഥ എന്നിവ വിശദമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിന് കീഴിലെ പദ്ധതികൾ

1346 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ പയ്യന്നൂർ നിയോജക മണ്ഡല പരിധിയിൽ അനുവദിച്ച പദ്ധതികളും അവ ഓരോന്നിന്റെ തുകയും നിലവിലെ അവസ്ഥയും വിശദമാക്കുമോ?

## മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് പൂർത്തിയാകാത്ത പ്രവർത്തികൾ

1347 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ചതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ എത്ര റോഡുകളും പാലങ്ങളും ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവർത്തികളുടെ നിർമ്മാണം നിർത്തിവച്ചിട്ടുണ്ടെന്നും നിർത്തിവയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) നിർത്തിവയ്ക്കപ്പെട്ട പ്രവൃത്തികൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## 'ലെവൽക്രോസ് ഇല്ലാത്ത കേരളം' പദ്ധതി

1348 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ലെവൽ ക്രോസ് ഇല്ലാത്ത' കേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ അമലാപുരി, വെസ്റ്റ്ഹിൽ ചുങ്കം എന്നിവിടങ്ങളിൽ ആസൂത്രണം ചെയ്തിട്ടുള്ള റോഡ് ഓവർ ബ്രിഡ്ജ് (ആർ. ഒ. ബി.)-കളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ, ഡി. പി. ആർ. തയ്യാറാക്കൽ എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## പൊതുമരാമത്ത് വകുപ്പിൽ കണ്ടെത്തിയ ക്രമക്കേടുകൾ

1349 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലും പൊതുമരാമത്ത് വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ ക്രമക്കേടിലും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

## കാലാവസ്ഥ അതിജീവന നിർമ്മാണ രീതി

1350 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വർദ്ധിച്ചുവരുന്ന പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ, പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകളും പാലങ്ങളും ഡിസാസ്റ്റർ റെസിലിയൻ്റ് ആണെന്ന് ഉറപ്പാക്കാൻ ഡിസൈൻ പോളിസിയിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; ഇതിനായി അന്താരാഷ്ട്ര ഏജൻസികളുടെ സാങ്കേതിക സഹായം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>കുന്ദമംഗലത്ത് ബൈപ്പാസ് നിർമ്മാണം</u>**

1351 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 766-ൽ കുന്ദമംഗലത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) ദേശീയ പാത 766-ന്റെ വികസനത്തിന്റെ ഭാഗമായി കുന്ദമംഗലത്ത് ബൈപ്പാസ് നിർമ്മിക്കുന്ന വിഷയം പദ്ധതിയിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ കിഫ്ബി മുഖേനയുള്ള ബൈപ്പാസ് നിർമ്മാണം വേഗത്തിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**<u>ദേശീയപാത നിർമാണമേഖലയിൽ സുരക്ഷാക്രമീകരണം</u>**

1352 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ - തുറവൂർ ഉയരപ്പാത നിർമ്മാണത്തിനിടെ എരമല്ലൂരിൽ ഗർഡർ വീണ് പിക്കപ്പ് വാൻ ഡ്രൈവർ മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ദേശീയപാത നിർമ്മാണത്തിനിടെ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടത്തുന്ന ഇടപെടൽ വിശദമാക്കാമോ;

(സി) ദേശീയപാത നിർമ്മാണം നടക്കുന്ന മേഖലകളിലെ അപകട സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ബദൽ ക്രമീകരണങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>ചക്കരപ്പറമ്പ് ജംഗ്ഷൻ മുതൽ കാളച്ചാൽ വഴി കാക്കനാട് ഇൻഫോപാർക്ക് വരെ പുതിയ പാത</u>**

1353 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം വൈറ്റില പാലാരിവട്ടം ഭാഗത്തുനിന്ന് ചക്കരപ്പറമ്പ് ജംഗ്ഷൻ മുതൽ കാളച്ചാൽ വഴി കാക്കനാട് ഇൻഫോപാർക്ക് വരെ ഒരു പുതിയ പാത നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നതു ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ, മേൽ പ്രവൃത്തിയുടെ പ്രാഥമിക പഠനങ്ങളും അലൈൻമെന്റും തയ്യാറാക്കിയിട്ടുള്ളത് കെ. എസ്. സി. സി. മുഖേനയായതിനാലും കാക്കനാട് തങ്കളം ബൈപ്പാസിന്റെ പ്രവൃത്തികൾ കിഫ്ബി വഴി ചെയ്യുന്നതിനാലും പ്രസ്തുത റോഡ് കാക്കനാട് തങ്കളം ബൈപ്പാസിന്റെ തുടർച്ചയായി വരുന്നതിനാലും പ്രോജക്ടിന്റെ സാധ്യത പഠനം കെ. ആർ. എഫ്. ബി./കെ. എസ്. സി. സി. മുഖേന തയ്യാറാക്കുന്നതിനു നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ ?

## നിർമ്മാണത്തിലെ അപാകത മൂലമുണ്ടാകുന്ന ദേശീയപാതയിലെ അപകടങ്ങൾ

1354 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വിവിധ റീച്ചുകളിൽ നിർമ്മാണത്തിലെ അപാകത മൂലം അപകടം ഉണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദേശീയ പാതയിൽ കൊല്ലം ജില്ലയിലെ കൊട്ടിയത്തടക്കമുള്ള സ്ഥലങ്ങളിൽ റോഡ് തകർന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ദേശീയ പാത നിർമ്മാണം സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതിയ്ക്കും കാലാവസ്ഥയ്ക്കും അനുസൃതമായാണോ നടത്തുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയത് ഉറപ്പുവരുത്താൻ നടത്തിയ ഇടപെടൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട പരിശോധനകൾ

1355 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുമ്പായി അതിന്റെ പല ഭാഗങ്ങളിലും വലിയതരത്തിലുള്ള കേടുപാടുകൾ സംഭവിച്ച് വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തകർച്ച സംഭവിച്ച ഭാഗങ്ങൾ ദേശീയപാതാ അതോറിറ്റിയുടെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള കേന്ദ്രസംഘം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയപാത നിർമ്മാണത്തിൽ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമല്ലാത്ത രീതിയിൽ മണ്ണിട്ട് ഉയർത്തിയ ഉയരപാതകൾക്ക് പകരമായി പൈല്ല ഓവറുകൾ നിർമ്മിക്കുന്ന തരത്തിൽ ഡി. പി. ആർ-ൽ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ദേശീയപാത 66-ന്റെ നിർമ്മാണത്തിനിടയിൽ തകർച്ചയും അപകടങ്ങളും സംഭവിച്ച ഭാഗങ്ങളിൽ വീണ്ടും മണ്ണ് പരിശോധന ഉൾപ്പെടെയുള്ള ശാസ്ത്രീയ പരിശോധനകൾ നടത്തി നിർമ്മാണത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഇ) ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ സ്ഥലങ്ങളിൽ വാഹനാപകടങ്ങളും മരണങ്ങളും തുടർച്ചയായുണ്ടാകുന്ന സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനത്തോടനുബന്ധിച്ച് പാലിക്കപ്പെടേണ്ട സുരക്ഷാ സംവിധാനങ്ങൾ നിർമ്മാണ കമ്പനികൾ പാലിക്കപ്പെടുന്നുണ്ടോയെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

## <u>രാമനാട്ടുകര-എയർപോർട്ട് ജംങ്ഷൻ ദേശീയപാത വീതികൂട്ടൽ</u>

1356 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര മുതൽ കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന കുളത്തൂർ ജംങ്ഷൻ വരെയുള്ള ദേശീയ പാത വീതികൂട്ടി വികസിപ്പിക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാകാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഡി. പി. ആർ. തയ്യാറാക്കുന്നതിന് ടെണ്ടർ വിളിച്ചിരുന്നോ; എങ്കിൽ ഡി. പി. ആർ. തയാറാക്കുന്ന പ്രവൃത്തി ഏറ്റെടുത്തത് ഏത് കമ്പനിയാണെന്ന് വ്യക്തമാകാമോ;

(സി) ഈ റോഡിന്റെ നിർമ്മാണം പൊതുരാമത്ത് വകുപ്പിന്റെ എത് വിഭാഗമാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ പ്രവർത്തനം</u>

1357 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ കാസർഗോഡ് ജില്ലയിലെ നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്ന വിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) തീരദേശ ഹൈവേയുടെ പ്രവർത്തനം കാസർഗോഡ് ജില്ലയിൽ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>കോന്നി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുവദിച്ച വിവിധ പദ്ധതികൾ</u>

1358 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ 2016 മെയ് മുതൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാനുള്ളവയുടേയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

**പാറശ്ശാല മണ്ഡലത്തിലെ പൊതുമരാമത്ത്, ടൂറിസം വകുപ്പിന്റെ പ്രവൃത്തികൾ**

1359 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ പാറശ്ശാല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ്, ടൂറിസം വകുപ്പ് എന്നിവ വഴി നടപ്പിലാക്കുന്നതിനായി അനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, ഭരണാനുമതി ഉത്തരവ് നമ്പർ, പ്രസ്തുത പ്രവൃത്തികളിൽ നിലവിൽ പൂർത്തിയായവ, നിർമ്മാണത്തിലിരിക്കുന്നവ, ടെൻഡർ നടപടികളിലുള്ളവ എന്നിങ്ങനെ തരംതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിർമ്മാണം തടസ്സപ്പെട്ട പ്രവൃത്തികൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണവും അവ വേഗത്തിൽ പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

**സമഗ്ര ശിക്ഷ കേരളയുടെ ബാലുശ്ശേരിയിലെ ഓഫീസ് നിർമ്മാണം**

1360 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പനങ്ങാട് വില്ലേജിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇരുപത് സെന്റ് ഭൂമി സമഗ്ര ശിക്ഷ കേരള (എസ്. എസ്. കെ.)-യുടെ ബാലുശ്ശേരി ഓഫീസ് നിർമ്മാണത്തിന് വിട്ട് നൽകുന്നതിനുള്ള തടസ്സം എന്താണെന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം വിട്ടു നൽകുന്നതിന് എസ്. എസ്. കെ. സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കാമോ?

**തിരുവമ്പാടി മണ്ഡലത്തിൽ സി.ഐ.ആർ.എഫ്. ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

1361 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സി.ഐ.ആർ.എഫ്.) ഉപയോഗിച്ച് നിർമ്മിക്കാനായി തിരുവമ്പാടി മണ്ഡലത്തിൽ നിന്നും നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**കടുത്തുരുത്തി മണ്ഡലത്തിലെ ബസ് ഷെൽട്ടർ നിർമ്മാണം**

1362 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ വിവിധ സ്ഥലങ്ങളിലായി എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ബസ് ഷെൽട്ടർ നിർമ്മാണത്തിന് അനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; 2018 മുതലുള്ള പദ്ധതികൾ പൂർത്തീകരിക്കപ്പെടാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന സ്ഥാപനം പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിലേയ്ക്ക് ലയിപ്പിച്ച പശ്ചാത്തലത്തിൽ, മുമ്പ് അനുവദിച്ച ബസ് ഷെൽട്ടർ നിർമ്മാണ പ്രവർത്തികൾ നടപ്പാക്കുന്നതിനുള്ള ഭരണപരമായ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് 10/06/2025-ന് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിക്കും പുതിയ കമ്പനിക്കും നൽകിയ കത്തിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) മലപ്പുറം സ്പൈസ് ഗ്രൂപ്പ് എന്ന കമ്പനി ടെണ്ടറിൽ പങ്കെടുത്ത് ഏറ്റെടുത്ത ബസ് ഷെൽട്ടർ നിർമ്മാണ പ്രവർത്തികൾ, കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേനയോ അല്ലെങ്കിൽ നിലവിൽ ചുമതലയുള്ള ഔദ്യോഗിക ഏജൻസി മുഖേനയോ നടപ്പാക്കാൻ തയ്യാറാണോ;

(ഇ) 26.95 ലക്ഷം രൂപ വകയിരുത്തി അനുവദിച്ച ഫണ്ട് (4059-60-051-72 Projects under LAC ADS) ഇതുവരെ വിനിയോഗിക്കപ്പെടാതിരിക്കാൻ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

## 'പി.ഡബ്ല്യൂ.ഡി. ഫോർ യു' ആപ്പ് മുഖേന ലഭിച്ച പരാതികൾ

1363 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 'പി.ഡബ്ല്യൂ.ഡി. ഫോർ യു' ആപ്പ് മുഖേന സംസ്ഥാനത്ത് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) വള്ളിക്കുന്ന് മണ്ഡലത്തിൽ ലഭിച്ച പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

## സംസ്ഥാനത്തെ ടോൾ പ്ലാസകളുടെ പ്രവർത്തനം

1364 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകൾ ഉൾപ്പെടെയുള്ള റോഡുകളിൽ ടോൾ പ്ലാസകൾ നിലവിലുള്ള സ്ഥലങ്ങൾ, അവ സ്ഥാപിച്ച വർഷം, ഓരോ ടോൾ പ്ലാസയിലും

ടോളിനത്തിൽ നാളിതുവരെ പിരിച്ച തുക എന്നിവ വ്യക്തമാക്കുമോ ;

(ബി) രണ്ട് ടോൾ പ്ലാസകൾക്കിടയിൽ കുറഞ്ഞത് 60 കിലോമീറ്റർ ദൂരം വേണമെന്ന നിർദ്ദേശം ലംഘിച്ച് ടോൾ പ്ലാസകൾ പ്രവർത്തിക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത്തരം ടോൾ പ്ലാസകൾ പ്രവർത്തിക്കുന്നത് എവിടെയൊക്കെയാണെന്നും ഏത് സാഹചര്യത്തിലാണ് അവ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ടോൾ പ്ലാസകൾ സ്ഥാപിച്ച് ജനങ്ങൾക്ക് അമിത സാമ്പത്തികഭാരം നൽകുന്നതിനെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## വെൽനെസ് ടൂറിസം

1365 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ വെൽനെസ് ടൂറിസം രംഗത്ത് 2025-ൽ കേരളത്തിന് ലഭിച്ച അംഗീകാരം വിശദമാക്കുമോ;

(ബി) ഏതെല്ലാം ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പുരസ്കാരം ലഭ്യമായതെന്ന് അറിയിക്കുമോ;

(സി) വെൽനെസ് ടൂറിസം കൂടുതൽ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## തൊടുപുഴ നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1366 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഉത്തരവാദിത്ത ടൂറിസം മിഷൻ

1367 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയ കേരളത്തിലെ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന പെപ്പർ ടൂറിസം-2025 (പെപ്പർ-2025) സ്ട്രീറ്റ് ടൂറിസം എന്നീ പദ്ധതികൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

ഇവയുടെ നടത്തിപ്പിനായി ഓരോ ജില്ലയിലും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിലത് നൽകാമോ;

(സി) മൂന്നാറിനെ ഗ്ലോബൽ റെസ്പോൺസിബിൾ ടൂറിസം ഡസ്റ്റിനേഷനായി പ്രഖ്യാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; ഇതിനായി മൂന്നാറിൽ നടപ്പാക്കുന്ന പ്രധാന പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി സ്ത്രീ സംരംഭകർക്ക് തൊഴിൽ ലഭ്യമാക്കിയതിന്റെ വിശദാംശം അറിയിക്കാമോ?

## ടൂറിസം മേഖലയിലെ പദ്ധതികൾ

1368 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ടൂറിസം മേഖലയിൽ ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) ടൂറിസം മേഖലയിൽ പുതുതായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

## ജൈവ വൈവിധ്യ സർക്യൂട്ട് പദ്ധതിയുടെ പുരോഗതി

1369 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രതിപാദിച്ച ജൈവ വൈവിധ്യ സർക്യൂട്ടിന്റെ ഭാഗമായി പുനലൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പുനലൂർ മണ്ഡലത്തിലെ ഏതൊക്കെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നവീകരണമാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിലെ വിവിധ വിനോദ സഞ്ചാര മേഖലകളിൽ നടപ്പാക്കിയ പ്രവൃത്തികൾ, ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, ആയതിനായി സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ

1370 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വികസന പ്രവൃത്തികൾക്കായി ടൂറിസം വകുപ്പിന്റെ നിർവ്വഹണ ചുമതലയിൽ 2025-26

വർഷത്തെ ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കേണ്ട തുടർപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പരവൂർ പൊഴിക്കര ടൂറിസം പദ്ധതിയുടെ ഭാഗമായി വാച്ച് ടവർ നിർമ്മിക്കുന്നതിനുള്ള സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നത് സംബന്ധിച്ച വർക്ക് ഓർഡർ, മുൻകൂർ തുക എന്നീ കാര്യങ്ങൾക്കായി നിലവിൽ സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

## ലൈഫ് ഗാർഡുകളുടെ വേതന വർദ്ധനവ്

1371 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിന് കീഴിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ലൈഫ് ഗാർഡുകളുടെ വേതന വർദ്ധനവിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ടൂറിസം വകുപ്പിന്റെ കുറ്റ്യാടി മണ്ഡലത്തിലെ പ്രവൃത്തികൾ

1372 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ 2021 മെയ് മാസം മുതൽ ഇതുവരെയായി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് പ്രവൃത്തിയുടെ പേരും അടങ്കൽ തുക സഹിതവും വിശദമാക്കാമോ;

(ബി) കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതിക്ക് സമർപ്പിച്ച റിപ്പോർട്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## വർക്കല ഫ്ലോട്ടിങ് ബ്രിഡ്ജ്

1373 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജ് പദ്ധതിയുടെ വിശദാംശവും ഇതുസംബന്ധിച്ച കരാർ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) വർക്കല ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(സി) വർക്കല ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജ് നിലവിൽ പ്രവർത്തനരഹിതമാണോ; എങ്കിൽ ഇത് കരാറിലെ വീഴ്ചയാണോ എന്നുള്ളത് വ്യക്തമാക്കാമോ; കരാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## അഡ്വെഞ്ചർ ആക്റ്റിവിറ്റി പ്രൊവൈഡർ സർട്ടിഫിക്കറ്റ്

1374 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് സൊസൈറ്റിയെ കേരള ടൂറിസം വകുപ്പ് അഡ്വെഞ്ചർ ആക്റ്റിവിറ്റി പ്രൊവൈഡർ എന്ന നിലക്ക് അംഗീകരിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടി സംബന്ധിച്ച നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

1375 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ടൂറിസം വകുപ്പ് പദ്ധതികൾ

1376 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിലൂടെ ടൂറിസം മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി

1377 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ടൂറിസം വികസനത്തിനായി ആവിഷ്കരിച്ചതും 26.07.2025-ന് 2,98,46,600 രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതുമായ ബീച്ച് കോറിഡോർ പദ്ധതി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) 12.09.2025-ലെ ടൂറിസം വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടൂറിസം ഡയറക്ടറും നിർവഹണ ഏജൻസിയായ കേരള ഇലക്ട്രിക്കൽ & എൻജിനീയറിംഗ് കമ്പനി ലിമിറ്റഡും പതിന്നാല് ദിവസത്തിനുള്ളിൽ കരാറിലേർപ്പെടണമെന്നും ഏഴ് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്നും നിഷ്കർഷയുണ്ടായിട്ടും ഭരണാനുമതി ലഭിച്ച് നാല് മാസം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം വിശദമാക്കാമോ;

(സി) വർഷങ്ങൾക്ക് മുൻപ് ആവിഷ്കരിക്കപ്പെട്ട പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട്**

1378 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ടുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ടെൻഡർ നടപടികൾ ആരംഭിക്കുന്നതിന് സഹായകരമായ തുടർ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കായംകുളം കായലോര ടൂറിസം പദ്ധതി**

1379 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഏറ്റെടുത്ത കായംകുളം കായലോര ടൂറിസം പദ്ധതികളുടെ നടത്തിപ്പിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ഡി. റ്റി. പി. സി. ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഇതിന്റെ ഉടമസ്ഥതാവകാശവുമായി ബന്ധപ്പെട്ട എന്തെങ്കിലും തർക്കങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**മലമ്പുഴ മണ്ഡലത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ**

1380 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് മുഖാന്തിരം മലമ്പുഴ മണ്ഡലത്തിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുകയും നിലവിലെ പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്ന പദ്ധതി**

1381 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; വിശദാംശം നൽകാമോ?

**കുട്ടനാടൻ കായൽ ടൂറിസം അഭിവൃദ്ധിപെടുത്താൻ കൂടുതൽ നടപടി**

1382 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അഭിമാനമായ കുട്ടനാടൻ കായൽ ടൂറിസം അഭിവൃദ്ധിപ്പെടുത്തുവാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹൗസ് ബോട്ടുകളിലെ ശുചിമുറിമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് എന്തൊക്കെ നൂതന നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിലെ ടൂറിസം പദ്ധതികൾ</u>**

1383 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി. ആർ. ഡി. സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)യുടെ നേതൃത്വത്തിൽ കൂടുതൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) കവ്വായി കായൽ, വലിയ പറമ്പ് വില്ലേജ്, അഴീത്തല തെക്കെക്കാട്, മാടക്കാൽ പ്രദേശങ്ങളിൽ ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

**<u>കോതമംഗലം മണ്ഡലത്തിലെ പുതിയ വിനോദസഞ്ചാര പദ്ധതികൾ</u>**

1384 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ പുതുതായി ആരംഭിക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച വിഷയവുമായി ബന്ധപ്പെട്ട് തുടർനടപടികൾ വേഗത്തിലാക്കുമോ; വ്യക്തമാക്കാമോ?

**<u>തമ്മാനിമറ്റം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ</u>**

1385 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പൂതൃക്ക പഞ്ചായത്തിൽ തമ്മാനിമറ്റത്ത് 5 ഏക്കറോളം വരുന്ന സ്ഥലത്ത് തമ്മാനിമറ്റം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സമർപ്പിക്കപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ;

(സി) ഈ പ്രദേശത്തിന്റെ ടൂറിസം വികസനത്തിനുള്ള സാധ്യത മുൻനിർത്തി ഇവിടെ തമ്മാനിമറ്റം ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ</u>**

1386 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമെന്നും ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ വിനോദ സഞ്ചാര വികസന പദ്ധതികൾ

1387 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഇതുവരെ കല്ല്യാശ്ശേരി മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കൂടാതെ, ഈ കാലയളവിൽ മണ്ഡലത്തിലെ ടൂറിസം വികസന പദ്ധതികൾക്കായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ വിവിധ വിനോദസഞ്ചാര മേഖലകളിൽ എത്രത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നത് സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തിരുവമ്പാടി മണ്ഡലത്തിലെ കക്കാടംപൊയിൽ ടൂറിസം പ്രോജക്ട്

1388 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന തിരുവമ്പാടി മണ്ഡലത്തിലെ കക്കാടംപൊയിൽ ടൂറിസം പ്രോജക്ടിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രോജക്ടിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

## ആലപ്പുഴ നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നടത്തിയ പ്രവൃത്തികൾ

1389 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ലഭിച്ച തീയതി, ടെൻഡർ നടപടികൾ പൂർത്തീകരിച്ച തീയതി, പ്രവൃത്തി ആരംഭിച്ചിട്ടുള്ള തീയതി, പൂർത്തീകരിക്കാൻ വേണ്ട സമയം എന്നിങ്ങനെ തരം തിരിച്ച് വിവരം ലഭ്യമാക്കാമോ?

## ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

1390 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ നെയ്യാറ്റിൻകര മണ്ഡലത്തിൽ ഏതൊക്കെ സ്ഥലത്ത് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ടൂറിസം പദ്ധതി അനുവദിച്ച സ്ഥലങ്ങളുടെ പേരുവിവരവും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

## പാലാ മണ്ഡലത്തിലെ ഇല്ലിക്കക്കല്ല്, ഇലവീഴാപൂഞ്ചിറ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം

1391 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ ഇല്ലിക്കക്കല്ല്, ഇലവീഴാപൂഞ്ചിറ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം വിനോദസഞ്ചാരികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ധാരാളം വിനോദസഞ്ചാരികൾ വന്നുപോകുന്നതിനാൽ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## അതിരപ്പിള്ളിയിലെ യാത്രിനിവാസ് നിർമ്മാണ പുരോഗതി

1392 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിലെ യാത്രി നിവാസ് നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ;

(സി) ആയതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

## കോടിമത കച്ചേരിക്കടവ് ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾ

1393 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1,53,82,810/- രൂപയുടെ ഡി. പി. ആർ. തയ്യാറാക്കിയിട്ടുള്ള കോടിമത - കച്ചേരിക്കടവ് ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

## പാലക്കാട് ജില്ലയിൽ ടൂറിസം മേഖലയിലെ പശ്ചാത്തല വികസനം

1394 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ ടൂറിസം മേഖലയിൽ പശ്ചാത്തല വികസനങ്ങൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## തുമ്പൂർമുഴി ടൂറിസം പാർക്കിന്റെ പരിപാലനം

1395 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ടൂറിസം വകുപ്പിന് കീഴിലുള്ള തുമ്പൂർമുഴി പാർക്കിൽ എത്ര കടമുറികളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നും അവ ഒഴിഞ്ഞ് കിടക്കാനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പാർക്കിൽ 01.01.2024 മുതൽ 31.12.2025 വരെ വാഹന പാർക്കിംഗ്, സഞ്ചാരികളുടെ പ്രവേശന ഫീസ് എന്നീ ഇനങ്ങളിൽ പ്രതിമാസം എത്ര രൂപയുടെ വരുമാനമാണ് കിട്ടിയതെന്ന് മാസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; പാർക്കിലെ ജീവനക്കാരുടെ ശമ്പളം, ശമ്പളേതര ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായ് എത്ര രൂപ പ്രതിമാസം ചെലവ് വരുന്നുവെന്നതിന്റെ കണക്കും അതോടൊപ്പം ലഭ്യമാക്കുമോ;

(സി) പ്രവേശന ഫീസ് ഈടാക്കി നടത്തുന്ന പാർക്കിൽ തകർന്ന് കിടക്കുന്ന റോഡിന്റെയും വിനോദ ഉപകരണങ്ങളുടെയും കേടുപാടുകൾ തീർക്കാത്തിന് കാരണം വിശദമാക്കുമോ?

## പുളിമാത്ത് കടലുകാണിപ്പാറ നവീകരണം

1396 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് കടലുകാണിപ്പാറ നവീകരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

## അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾ

1397 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾ വിനോദസഞ്ചാര മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിനോദസഞ്ചാരികൾ വഞ്ചിക്കപ്പെടാതിരിക്കാൻ ടൂറിസം വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഹോംസ്റ്റേകൾക്ക് അംഗീകാരം ലഭിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത്; വിശദാംശം നൽകാമോ;

(സി) ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിൽ ഹോംസ്റ്റേയിലെ സൗകര്യങ്ങളെക്കുറിച്ച് തെറ്റായ വിവരങ്ങൾ നൽകി വിനോദസഞ്ചാരികളെ വഞ്ചിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ</u>

1398 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ, ക്യാരി ബാഗുകൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് മാലിന്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## <u>കേരള ടൂറിസത്തിന്റെ പ്രചാരവും അംഗീകാരവും</u>

1399 **ശ്രീ വി ജോയി**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എ. രാജ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസത്തെ വിദേശ വിപണികളിൽ പ്രചരിപ്പിക്കുന്നതിനായി സർക്കാർ സംഘടിപ്പിച്ചതോ പങ്കെടുത്തതോ ആയ അന്താരാഷ്ട്ര ടൂറിസം എക്സിബിഷൻ, മാർക്കറ്റിംഗ് ക്യാമ്പയിൻ, ഡിജിറ്റൽ ക്യാമ്പയിൻ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കേരള ടൂറിസത്തെ വിദേശ ടൂർ ഓപ്പറേറ്റർമാർക്കും എയർലൈൻ കമ്പനികൾക്കുമായി പരിചയപ്പെടുത്തുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷക്കാലത്തിനുള്ളിൽ ടൂറിസം മേഖലയിൽ ദേശീയ, അന്തർദേശീയ തലങ്ങളിൽ നിന്നും സംസ്ഥാനത്തെ തേടിയെത്തിയ അംഗീകാരങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## <u>വിനോദസഞ്ചാരമേഖലയുടെ പുരോഗതിയിൽ തീരദേശ ഹൈവേ വഹിക്കുന്ന പങ്ക്.</u>

1400 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജനതയിൽ 10 ശതമാനം പേർക്ക് ഉപജീവനവും വരുമാനവും പ്രദാനം ചെയ്യുന്ന വിനോദസഞ്ചാരമേഖലയുടെ പുരോഗതിയിൽ തീരദേശ ഹൈവേ നിർമ്മാണം നിർണ്ണായക സ്വാധീനം വഹിക്കാനുള്ള സാധ്യതകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാന വികസനത്തിലെ സ്വപ്ന പദ്ധതികളിൽ ഒന്നായ തീരദേശ ഹൈവേയുടെ വികസനത്തോടെ പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തീരദേശ ഹൈവേയുടെ നിർമ്മാണം കേരളത്തിലെ വിവിധ തീരപ്രദേശങ്ങളുടെ വൈവിധ്യമാർന്ന വികസനത്തിനും വിനോദസഞ്ചാര മേഖലയുടെ വളർച്ചക്കും കാരണമാകുമെന്നും ഒപ്പം ജനങ്ങൾക്കുള്ള തൊഴിൽ സാധ്യത വർദ്ധിപ്പിക്കുമെന്നും കരുതുന്നുണ്ടോ; വിശദമാക്കുമോ?

## വിനോദ സഞ്ചാര മേഖലയിലെ സ്വകാര്യ നിക്ഷേപം

1401 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലേക്ക് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് നൽകിയ പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്നും അതിൻ പ്രകാരം വന്ന പ്രകടമായ മാറ്റങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## .ടൂറിസം വകുപ്പും, ഡി. ടി. പി. സി.യും നൽകിയ കരാറുകൾ

1402 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈബ്കോസ് എന്ന സ്ഥാപനത്തിന് ടൂറിസം വകുപ്പും ഡി. ടി. പി. സി.യും നൽകിയിട്ടുള്ള കരാറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ബീച്ച് ടൂറിസം കോറിഡോർ

1403 **ശ്രീ വി ജോയി**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ മേഖലയെ ഉപയോഗപ്പെടുത്തി ബീച്ച് ടൂറിസം കോറിഡോർ രൂപീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തീരദേശ ടൂറിസം കോറിഡോറിനായി ഉപയോഗ യോഗ്യമായ വിവിധ ബീച്ചുകൾ ഏതെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; അവയുടെ തെരഞ്ഞെടുപ്പിനായി ഉപയോഗിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ബീച്ച് ടൂറിസം കോറിഡോറിന്റെ ഭാഗമായി തീരദേശ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ബീച്ച് ടൂറിസം കോറിഡോർ നടപ്പാക്കുന്നതിലൂടെ തീരപ്രദേശങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ അവസരങ്ങളുടെ കണക്കുകളും, രാജ്യാന്തര-ദേശീയ

ടൂറിസ്റ്റുകളുടെ സന്ദർശന വർദ്ധനവിനുള്ള നിർദ്ദേശങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**കമ്മ്യൂണിറ്റി ബേസ്ഡ് ടൂറിസവും കേരള ടൂറിസത്തിന്റെ ആഗോള പ്രചാരവും**

1404 **ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വൈജ്ഞാനിക-തൊഴിൽ മേഖലകളെ കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പ്രോഡക്റ്റുകളാക്കി വികസിപ്പിച്ച് അന്താരാഷ്ട്രതലത്തിൽ പ്രചരിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പദ്ധതികളിൽ കളരി ഉൾപ്പെടെയുള്ള ആയോധനകലകളെയും പാരമ്പര്യ ചികിത്സാ രീതികളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കേരള ടൂറിസത്തിന്റെ പ്രചാരണത്തിനായി ഡിജിറ്റൽ മാർക്കറ്റിംഗ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുവാനും അന്താരാഷ്ട്രതലത്തിൽ സംസ്ഥാനത്തെ ഒരു പ്രധാന യാത്രാ കേന്ദ്രമാക്കി മാറ്റുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

**ടൂറിസം മേഖലയുടെ വളർച്ച**

1405 **ശ്രീ എം രാജഗോപാലൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മുതൽ കേരളത്തിലെത്തിയ വിനോദ സഞ്ചാരികളുടെ കണക്ക് കേരള ടൂറിസം മേഖലയുടെ വളർച്ചയെ സൂചിപ്പിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഒരു സീസണൽ വിനോദ സഞ്ചാര കേന്ദ്രം എന്ന നിലയിൽ നിന്നും പൂർണ്ണവർഷ വിനോദ സഞ്ചാര ലക്ഷ്യ സ്ഥാനമായി കേരളം മാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കോവിഡ് കാലഘട്ടത്തിന് മുൻപും ശേഷവുമുള്ള വിദേശ-ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിലുള്ള വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുമാണ് വിനോദ സഞ്ചാരികൾ കേരളത്തിലെത്തുന്നത് എന്നത് വെളിപ്പെടുത്താമോ; വിദേശ രാജ്യങ്ങളിൽ നിന്നുള്ള സന്ദർശകരെ സംബന്ധിച്ച വിലയിരുത്തൽ വിശദമാക്കാമോ;

(ഇ) വിദേശ, ആഭ്യന്തര സഞ്ചാരികളുടെ സാന്നിദ്ധ്യം ഏതൊക്കെ മേഖലകളെയാണ് കൂടുതൽ ശക്തിപ്പെടുത്തുന്നത് എന്നത് സംബന്ധിച്ച പഠനങ്ങൾ നടന്നുവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ക്രൂയിസ് ടൂറിസം പോളിസി

1406 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ക്രൂയിസ് ടൂറിസം പോളിസി പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

## കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയോട് കേന്ദ്രസർക്കാരിന്റെ വിവേചനം

1407 **ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് മെച്ചപ്പെട്ട വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിലൂടെ സാധാരണക്കാരുടെ കുട്ടികളിലേക്ക് എത്തിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തോട് കേന്ദ്രസർക്കാർ വിവേചനപരമായ സമീപനം പിന്തുടരുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് വിശകലന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേരളത്തിന് ലഭിക്കേണ്ട ന്യായമായ വിഹിതം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിദ്യാഭ്യാസമേഖലകളിൽ സംസ്ഥാന സർക്കാർ ഏതെല്ലാം പദ്ധതികൾക്ക് പണം കണ്ടെത്തേണ്ട സാഹചര്യമാണുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച കേന്ദ്രവിഹിതം പൂർണമായും ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) കേന്ദ്രസർക്കാർ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയോട് വിവേചന പൂർണമായ നടപടികൾ കൈക്കൊള്ളുന്നുണ്ടെങ്കിൽ ആയതിനു നിയമപരമായ മാർഗ്ഗങ്ങളിലൂടെ പരിഹാരം കാണുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ ഉണ്ടായ മാറ്റം

1408 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള മാറ്റം നിലനിർത്തുന്നതിനും തുടരുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള തുടർ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ചത് പോലെ തന്നെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സാങ്കേതികത വികസിപ്പിക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഹൈടെക് ലാബുകൾ ഏതെല്ലാം തരം സ്കൂളുകളിലാണ് സ്ഥാപിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന രീതിയിൽ സർക്കാർ സ്കൂളുകളെ മാറ്റി എടുക്കാൻ സഹായിച്ച പ്രധാന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) സ്കൂൾ ലൈബ്രറികളെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## സ്പെഷ്യൽ എജ്യുക്കേറ്റർമാരുടെ നിയമനം

1409 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എജ്യുക്കേറ്റർമാരെ നിയമിക്കണമെന്ന് 2025 മാർച്ച് 7 ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ; വിധിയിലെ വിശദാംശം എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിധി നടപ്പാക്കുന്നതിനായി സുപ്രീം കോടതി നിശ്ചയിച്ചിരിക്കുന്ന സമയപരിധി എന്നുവരെയാണ്; സമയപരിധിക്കുള്ളിൽ സുപ്രീം കോടതി വിധി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര സ്പെഷ്യൽ എജ്യുക്കേറ്റർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്ന് സ്ഥിരം, താൽക്കാലികം എന്നിങ്ങനെ തരം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) പൊതുവിദ്യാലയത്തിൽ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

## ദേശീയ വിദ്യാഭ്യാസ നയം

1410 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി ദെലീമ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിലെ (എൻ.ഇ.പി.) ഉള്ളടക്കത്തോടുള്ള സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഖാദർ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഹയർസെക്കണ്ടറി ഏകോപനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളെ അവമതിക്കുന്ന പ്രചരണങ്ങൾ ചില സ്ഥാപിത താൽപ്പര്യക്കാർ ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പ്രചരണങ്ങളിലെ സത്യാവസ്ഥ വ്യക്തമാക്കുവാൻ സർക്കാർ മുൻകയ്യെടുക്കുമോ;

(ഡി) ദേശീയ പഠന സർവ്വേയിൽ സംസ്ഥാനത്തിന് അഭിമാനകരമായ സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ടോ; ദേശീയ ശരാശരിയുമായുള്ള താരതമ്യത്തിൽ സംസ്ഥാനത്തിന്റെ പ്രകടനം എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

<u>**കെ-ടെറ്റിലെ ബഹു. സുപ്രീം കോടതി വിധി**</u>

1411 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപക നിയമനങ്ങൾക്ക് നിർബന്ധമായ കെ-ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച പുതിയ വിധി പൂർണമായും പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സുപ്രീം കോടതിയുടെ പ്രസ്തുത വിധി സംസ്ഥാനത്ത് നിലവിൽ പ്രാബല്യത്തിലുള്ള കെ-ടെറ്റ് സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) ബഹു. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ കെ-ടെറ്റ് യോഗ്യത, സാധുതാ കാലാവധി, ഒഴിവാക്കൽ (എക്സംപ്ഷൻ), മുൻകാല നിയമനങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നയപരമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെയും കെ-ടെറ്റ് യോഗ്യത ഇല്ലാതെ നിയമനം ലഭിച്ചവരുടെയും സേവന സുരക്ഷയെ സംബന്ധിച്ച് വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) കെ-ടെറ്റ് സംബന്ധിച്ചുള്ള നിയമപരമായ ആശയക്കുഴപ്പം അവസാനിപ്പിക്കുന്നതിനായി സർക്കാർ പുതിയ ചട്ടങ്ങൾ / ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(എഫ്) നിലവിൽ സർവീസിലുള്ളതും കെ-ടെറ്റ് യോഗ്യത ഇല്ലാത്തവരുമായ അദ്ധ്യാപകർക്ക് പ്രത്യേകമായി കെ-ടെറ്റ് പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>**അദ്ധ്യാപക യോഗ്യത പരീക്ഷ**</u>

1412 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക യോഗ്യത പരീക്ഷയുമായി ബന്ധപ്പെട്ട ബഹു. സുപ്രീംകോടതിയുടെ ഉത്തരവിൽ പറയുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത വിധി സംസ്ഥാനത്തെ അദ്ധ്യാപകരെ എങ്ങനെയാണ് ബാധിക്കുക; ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത വിധിക്ക് മുൻകാല പ്രാബല്യമുണ്ടോ; ഈ വിധി വരുന്നതിനുമുൻപ് അദ്ധ്യാപക യോഗ്യത പരീക്ഷ നേടാതെ പ്രൊമോഷൻ നേടിയ അദ്ധ്യാപകരെ ഇത് ബാധിക്കുമോ; വിശദമാക്കാമോ?

**<u>എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പ് കുടിശ്ശിക</u>**

1413 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്., /സി.എം. കിഡ്സ് സ്കോളർഷിപ്പ് ഇനത്തിൽ വിദ്യാർത്ഥികൾക്ക് നൽകാനുള്ള തുക കുടിശ്ശികയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് അടിയന്തരമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പ് തുക കുടിശ്ശികയായ സാഹചര്യത്തിൽ, സ്കോളർഷിപ്പുകൾ വെട്ടിക്കുറയ്ക്കുന്നതിനായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സ്കോൾ-കേരള വൈസ് ചെയർമാൻ നിയമനം</u>**

1414 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ-കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ വൈസ് ചെയർമാൻ തസ്തിക എന്ന് മുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വൈസ് ചെയർമാൻ തസ്തികയിലെ നിയമനത്തിന് വേണ്ടി 18.03.2025-ൽ സെലക്ട് കമ്മിറ്റി രൂപീകരിച്ച ശേഷം ഇതുവരെയും പ്രസ്തുത നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) വൈസ് ചെയർമാൻ തസ്തിക റദ്ദാക്കുന്ന/ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

**<u>കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങൾ</u>**

1415 **ശ്രീ. വി. ആർ. സുനിൽകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ ഏതൊക്കെ സ്കൂളുകൾക്കാണ് പുതിയ കെട്ടിടം അനുവദിച്ചതെന്ന് തുക സഹിതം അറിയിക്കാമോ;

(ബി) ഏതൊക്കെ സ്കൂൾ കെട്ടിടങ്ങളാണ് നവീകരിക്കുന്നതിന് തുക അനുവദിച്ചിട്ടുള്ളതെന്ന് തുക സഹിതം അറിയിക്കാമോ?

**<u>ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാര നിരീക്ഷണം</u>**

1416 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാരം നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കുട്ടികൾക്കും മാതാപിതാക്കൾക്കും പരാതി നൽകാൻ ഹെൽപ്പ് ലൈൻ അല്ലെങ്കിൽ ഓൺലൈൻ സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് സർക്കാർ സ്കൂളുകളെ ഉയർത്തിക്കൊണ്ടുവരുന്ന പ്രവൃത്തികൾ</u>**

1417 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും അക്കാദമിക മികവും ഉയർത്തിയതിന്റെ ഫലമായി കഴിഞ്ഞ പത്തുവർഷത്തിനിടയിൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന വികസനത്തിനായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങൾ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിലത് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ഇതുവരെ എത്ര ചതുരശ്രമീറ്റർ കെട്ടിടങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാണോ; എങ്കിൽ പ്രസ്തുത വിവരം നൽകാമോ; അവയുടെ നിർമാണ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് സർക്കാർ സ്കൂളുകളെ ഉയർത്തിക്കൊണ്ടുവരുന്ന പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

**<u>പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ</u>**

1418 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ ക്രമക്കേടിലും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## <u>സ്കൂൾ പ്രവേശനം</u>

1419 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായപരിധി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും കുട്ടികൾ കൂടുതലായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്ക് പ്രവേശനം നേടുന്നത് ഏതൊക്കെ ക്ലാസ്സുകളിലാണെന്ന് വ്യക്തമാക്കാമോ?

## <u>കെ-ടെറ്റ് യോഗ്യത പരീക്ഷ</u>

1420 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർവീസിൽ ഉള്ള അദ്ധ്യാപകർക്ക് ഉൾപ്പെടെ അദ്ധ്യാപക യോഗ്യതാ പരീക്ഷ (കെ-ടെറ്റ്) നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പരീക്ഷ ആരംഭിക്കുന്നതിന് മുൻപ് ജോലിയിൽ പ്രവേശിച്ചവർക്ക് അന്ന് ആവശ്യമില്ലാതിരുന്ന യോഗ്യത ഇപ്പോൾ നിർബന്ധമാക്കുന്ന പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## <u>യു.ഐ.ഡി. പ്രകാരമുള്ള തസ്തിക നിർണയം</u>

1421 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 അധ്യയനവർഷത്തെ ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള യു.ഐ.ഡി. ഉള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കി സമന്വയയിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി 2025 ആഗസ്റ്റ് 20 വരെ ദീർഘിപ്പിച്ചുനൽകുവാനും തസ്തിക നിർണ്ണയം (അധിക തസ്തിക ഉൾപ്പെടെ) 2025 ആഗസ്റ്റ് 25-നുള്ളിൽ പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാനും നിർദേശം നൽകിയിട്ടുണ്ടെന്ന് ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി നിർദേശം നൽകിയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിലുണ്ടോ; ആയതനുസരിച്ച് തസ്തിക നിർണയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ബി) 2025-26 അധ്യയന വർഷത്തിലെ തസ്തിക നിർണയത്തിൽ യു.ഐ.ഡി. ഇല്ലാത്ത കുട്ടികളെ പരിഗണിക്കാത്തതുകാരണം തസ്തിക നഷ്ടപ്പെട്ട അധ്യാപക/ അനധ്യാപക ജീവനക്കാരുടെ ആകെ എണ്ണം സംബന്ധിച്ച വിവരം, പ്രസ്തുത

ജീവനക്കാരെ നിലനിർത്തുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എന്നീ വിവരങ്ങൾ 30.09.2025 തീയതിയ്ക്കകം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ് എന്ന 25.09.2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് ലഭ്യമാക്കിയ വിവരം എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ ദിവസം വരെ യു.ഐ.ഡി.യ്ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും പിന്നീട് 14.07.2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-26 അധ്യയന വർഷത്തെ തസ്തിക നിർണയത്തിൽ ഉൾപ്പെടുത്തി, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി തസ്തിക പുനർനിർണയം ചെയ്യുന്നതിന് അനുമതി നൽകുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് എന്ന 25.09.2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിലവിൽ തുടർന്നുവരുന്ന തസ്തിക നിർണയ നടപടികൾ പ്രായോഗികമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് ഒരു പഠനം നടത്തി വിശദമായ ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുവാൻ ഒരു ഉന്നതതല സമിതിയും പ്രസ്തുത സമിതിയെ സഹായിക്കാനായി ഒരു സബ് കമ്മിറ്റിയും രൂപീകരിക്കാനും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന ഉടൻതന്നെ ഇതുസംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന 25.09.2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് രൂപീകരിച്ച സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) 2025-26 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കി സമന്വയയിൽ അപ്‌ലോഡ് ചെയ്തിട്ടും സ്കൂളിൽ തസ്തികയ്ക്ക് വേണ്ടിയുള്ള കുട്ടികൾ ഉണ്ടായിട്ടും യു.ഐ.ഡി. ആറാം പ്രവൃത്തിദിനം കിട്ടിയില്ല എന്ന സാങ്കേതികത്വത്തിൽ തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ സ്കൂളിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) ഇപ്രകാരം തസ്തിക നഷ്ടപ്പെട്ട് വിദ്യാലയങ്ങളിൽ നിന്ന് പുറത്തുപോയ അധ്യാപകരെ സ്കൂളിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

## <u>സെറ്റ്, - കെ-ടെറ്റ് അധ്യാപക യോഗ്യത പരീക്ഷകൾ</u>

1422 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടത്തുന്ന അധ്യാപക യോഗ്യതാ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) യോഗ്യത നേടിയവർ കെ-ടെറ്റ് പരീക്ഷ എഴുതേണ്ടതില്ല

എന്ന് കെ-ടെറ്റ് പരീക്ഷ ആരംഭിച്ചത് മുതൽ എല്ലാ കെ-ടെറ്റ് പരീക്ഷ നോട്ടിഫിക്കേഷനുകളിലും അറിയിച്ചിരുന്നോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തിയിരുന്ന എങ്കിൽ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് യോഗ്യത, കെ-ടെറ്റ് യോഗ്യതക്ക് തുല്യമാണെന്ന് ഉത്തരവ് പുറപ്പെടുവിക്കാത്തത് എന്തുകൊണ്ടാണ്; വിശദമാക്കാമോ;

(സി) സെറ്റ് യോഗ്യതാ പരീക്ഷ, കെ-ടെറ്റ് യോഗ്യത പരീക്ഷ എന്നീ പരീക്ഷകൾ കേരളത്തിൽ സർക്കാർ നടത്തുന്ന അധ്യാപക യോഗ്യത പരീക്ഷകൾ ആണോ; വിശദമാക്കാമോ;

(ഡി) സെറ്റ് യോഗ്യത പരീക്ഷ, കെ-ടെറ്റ് യോഗ്യത പരീക്ഷയുടെ ഹയർ ലെവൽ യോഗ്യത പരീക്ഷ ആയിട്ടും സെറ്റ് യോഗ്യത നേടുന്നവർ കെ-ടെറ്റ് യോഗ്യത വീണ്ടും നേടണമെന്ന് ആവശ്യപ്പെടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## <u>ഭിന്നശേഷി സംവരണം</u>

1423 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി ഒരു പ്രത്യേക മാനേജ്മെന്റിന് മാത്രമായി പരിമിതപ്പെടുത്തുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 14 പ്രകാരമുള്ള തുല്യതാവകാശത്തെ ലംഘിക്കുന്നതാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിധി നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന് ബാധകമാണെന്ന് സർക്കാർ സ്വീകരിച്ച നിലപാട് മറ്റ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളിൽ വ്യത്യസ്ത നിയമപ്രയോഗത്തിലേക്ക് നയിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഭിന്നശേഷി സംവരണം എല്ലാ എയ്ഡഡ് സ്കൂളുകളിലും ഒരേ മാനദണ്ഡത്തിൽ നടപ്പാക്കുന്നതിന് ഏകീകൃത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ ആലോചിച്ചിട്ടുണ്ടോ;

(ഡി) സ.ഉ. (കൈ) നം.45/2025/പൊ.വി.വ., സ.ഉ. (കൈ) നം.123/2025/പൊ.വി.വ. എന്നിവ പ്രകാരം രൂപീകരിച്ച സംസ്ഥാനതല-ജില്ലാതല സമിതികളുടെ അധികാരപരിധി എല്ലാ മാനേജ്മെന്റുകൾക്കും ഒരുപോലെ ബാധകമാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിൽ മാനേജ്മെന്റുകൾ തമ്മിൽ വ്യത്യാസം വരാതിരിക്കാനായി വിദ്യാഭ്യാസ വകുപ്പ് മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) ഭിന്നശേഷി സംവരണ നിയമനങ്ങളിലുണ്ടായ താമസം മൂലം മറ്റ് യോഗ്യതയുള്ള അധ്യാപകർക്ക് നിയമനാവകാശം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ സർക്കാർ പ്രത്യേക മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ജി) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കും മറ്റ് ഉദ്യോഗാർത്ഥികൾക്കും ഒരുപോലെ നീതി ഉറപ്പാക്കുന്നതിന് നിയമഭേദഗതിയോ വ്യക്തതയുള്ള ചട്ടങ്ങളോ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## സർട്ടിഫിക്കറ്റുകളുടെ സമയബന്ധിത വിതരണം

1424 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പുകളിൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും ഇതിന്റെ നടപടിക്രമം എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ് നൽകുക, തിരുത്തലുകൾ വരുത്തുക എന്നീ അപേക്ഷകളിൽമേൽ നടപടി ക്രമം ലഘൂകരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) ബന്ധപ്പെട്ട വകുപ്പുകളിൽ പ്രസ്തുത ജോലികൾ ചെയ്യുന്നതിന് മതിയായ സ്റ്റാഫ് പാറ്റേൺ നിലനിർത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ലഭ്യമാക്കാമോ?

## ആർട്ടിഫിഷ്യൽ ഇൻറലിജൻസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി

1425 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; ആർട്ടിഫിഷ്യൽ ഇൻറലിജൻസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ ആയത് വിദ്യാർത്ഥികളുടെ മൗലികമായ ചിന്താശേഷിയെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അധിഷ്ഠിത തൊഴിൽ വിപണിക്കായി വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ പ്രത്യേക സ്കിൽ മാപ്പിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിലെ വികസന പ്രവർത്തനങ്ങൾ

1426 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിലെ വിവിധ പൊതുവിദ്യാലയങ്ങളിൽ വിവിധ വകുപ്പുകൾ മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ആലപ്പുഴ നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവൃത്തികളുടെ പുരോഗതി

1427 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്, ബജറ്റ് ഫണ്ട്, എം. എൽ. എ ഫണ്ട്, എ. ഡി. എസ്, എസ്. ഡി. എഫ്, കിഫ്ബി ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് നിർമ്മാണം നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികളുടെ പുരോഗതി പൊതുവിദ്യാഭ്യാസ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിലയിരുത്തലിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഓരോ പ്രവൃത്തിയും പൂർത്തീകരിക്കാനെടുക്കുന്ന സമയം എന്നിവ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടത്തിയ വിദ്യാലയനിർമാണ പ്രവൃത്തികൾ

1428 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പ് വഴി മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ധനകാര്യ അനുമതി നൽകിയ വിദ്യാലയ നിർമ്മാണ പ്രവൃത്തികൾ എതൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

## പാലക്കാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക

1429 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2021 മുതൽ 2025 വരെയുള്ള കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക എത്രയെന്ന് വിദ്യാഭ്യാസ ഉപജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ 2016 മുതൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ കണക്ക് വിദ്യാഭ്യാസ ഉപജില്ല തിരിച്ച് ലഭ്യമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

1430 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവഹണ പുരോഗതി സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കുമോ?

**തൊടുപുഴ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ**

1431 **ശ്രീ. പി. ജെ. ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ തൊടുപുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

**അമ്പലപ്പുഴ മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം**

1432 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് എത്ര തുക അനുവദിച്ചു എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

**കുറ്റ്യാടി മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് മുഖേന നടത്തുന്ന പ്രവൃത്തികൾ**

1433 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ 2021 മെയ് മാസം മുതൽ നാളിതുവരെ വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് മുഖേനയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ സ്കൂളിന്റെ പേരും അനുവദിച്ച ഫണ്ടും നിലവിലെ സ്ഥിതിയും സഹിതം വിശദമാക്കാമോ?

**പി. എം. ശ്രീ. പദ്ധതി കരാർ**

1434 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ശ്രീ. (പ്രധാനമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയിൽ നിന്നും സംസ്ഥാന സർക്കാർ പിന്മാറിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ധാരണ പത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ; എന്നാണ് ധാരണ പത്രം ഒപ്പിട്ടത്; ഇതിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) കരാർ റദ്ദാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കരാറിൽ നിന്നും പിന്മാറുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കോന്നി നിയോജക മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ**

1435 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും 2016-21 ലെ സർക്കാരിന്റെ കാലത്തും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

## <u>പി.എം.ശ്രീ. പദ്ധതി കരാർ</u>

1436 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുള്ള പി. എം. ശ്രീ.(പ്രധാനമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയിൽ ഒപ്പുവെച്ച കരാർ റദ്ദാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിൽ നിന്ന് മറുപടി ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയില്ലെങ്കിൽ സമഗ്ര ശിക്ഷാ കേരള പദ്ധതി പ്രകാരം സംസ്ഥാനത്തിന് നൽകാനുള്ള കുടിശ്ശിക തടഞ്ഞുവയ്ക്കുമെന്നുള്ള മുന്നറിയിപ്പ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിരുന്നോ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) സമഗ്ര ശിക്ഷാ കേരള പദ്ധതിയ്ക്ക് കേന്ദ്രവിഹിതത്തിൽ നിലവിൽ കുടിശ്ശികയായ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>കല്ല്യാശ്ശേരി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>

1437 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വിദ്യാലയങ്ങൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുവെന്നും വ്യക്തമാക്കാമോ; ഇവയുടെ സ്കൂൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ചിട്ടുണ്ടെന്നും ഇതിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും

ലാബുകൾ നവീകരിക്കുന്നതിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നുമുള്ള സ്കൂൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ കിഫ്ബി ധനസഹായം - പൊതുവിദ്യാലയങ്ങളുടെ നവീകരണം

1438 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ പൊതുവിദ്യാലയങ്ങളുടെ നവീകരണത്തിനായി എത്ര കോടി രൂപ അനുവദിച്ചുവെന്നും ഇതുവഴി എത്ര പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; ജില്ലയിൽ ഇനിയും പൂർത്തികരിക്കാനുള്ള പൊതുവിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ എത്രയെന്നും പ്രവർത്തി ആരംഭിക്കാത്ത കെട്ടിടങ്ങൾ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## പി. എം. ശ്രീ. പദ്ധതി

1439 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുള്ള പി. എം. ശ്രീ. (പ്രധാൻ മന്ത്രി സ്കൂൾ ഫോർ റൈസിങ് ഇന്ത്യ) പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരുമായുള്ള ചർച്ചകൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചർച്ചകളുടെ വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തി പി. എം. ശ്രീ. (പ്രധാൻ മന്ത്രി സ്കൂൾ ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

## സഞ്ചയിക സമ്പാദ്യ പദ്ധതി

1440 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചയിക സമ്പാദ്യപദ്ധതി വഴി സമാഹരിക്കുന്ന തുക സ്കൂൾ അധികൃതർക്ക് പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി ഓൺലൈൻ സംവിധാനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ സഞ്ചയിക സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ സ്കൂൾ നവീകരണ പ്രവൃത്തികൾ

1441 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ്

നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## നാദാപുരം മണ്ഡലത്തിലെ സ്കൂളുകളിലെ കെട്ടിട നിർമ്മാണ പദ്ധതികൾ

1442 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ 2016 മുതൽ 2025 വരെ വിദ്യാഭ്യാസ വകുപ്പ് അനുവദിച്ച സ്കൂളുകളിലെ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## അരൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ

1443 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ അവസ്ഥ എന്നിവ വിശദമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികൾ

1444 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് 2016 മെയ് മാസം മുതൽ നാളിതുവരെ നടപ്പിലാക്കുന്നതിനായി അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദാംശം പ്രവൃത്തി തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 'കില' നിർവ്വഹണ ഏജൻസിയായി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും ഓരോന്നിനും അനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് പാറശ്ശാല നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിശദാംശം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

## കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ചലഞ്ച് ഫണ്ട് സാമ്പത്തിക സഹായം

1445 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ സെന്റ് ജോസഫ് ഹൈസ്കൂൾ മതിലകം, സെന്റ് മേരീസ് എൽ. പി. സ്കൂൾ മതിലകം, സീതി സാഹിബ് ഹയർസെക്കൻഡറി സ്കൂൾ അഴീക്കോട്, എം. ഇ. എസ്. ഹയർ സെക്കൻഡറി സ്കൂൾ വെമ്പല്ലൂർ, എ. എം. യു. പി. സ്കൂൾ എറിയാട്, എസ്. എൻ. വി. എൽ. പി. എസ്. എടത്തിരുത്തി വെസ്റ്റ്, നാഷണൽ എൽ. പി സ്കൂൾ പൈനാവ് എന്നീ വിദ്യാലയങ്ങൾക്ക് ഇതുവരെയും കെട്ടിടം പണി പൂർത്തീകരിച്ചിട്ടും ചലഞ്ച് ഫണ്ട് മുഖേനയുള്ള സാമ്പത്തിക സഹായം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടുണ്ടോ; ആയതു എത്രയും വേഗം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രവർത്തനങ്ങൾ

1446 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, പദ്ധതിക്കായി അനുവദിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

1447 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻ ഫണ്ട്, സംസ്ഥാന ബഡ്ജറ്റ് എന്നിവയിൽ ഉൾപ്പെടുത്തി 2021-22 മുതൽ നാളിതുവരെ കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

1448 **ശ്രീ രമേശ് ചെന്നിത്തല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) 2021-26 കാലഘട്ടത്തിൽ ഹരിപ്പാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റേയും വിവിധ സർക്കാർ പദ്ധതികളുടേയും ഭാഗമായി അനുവദിച്ചിട്ടുള്ള വിവിധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കോട്ടയം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1449 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും

അവയിൽ പൂർത്തിയായത് ഏതൊക്കെയെന്നും പൂർത്തിയാകാനുള്ളത് ഏതൊക്കെയെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

1450 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

1451 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും നിലവിൽ നടന്നുവരുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ

1452 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതികൾക്കും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ പ്രവർത്തികളുടേയും നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ?

## കുട്ടികളുടെ സ്കൂൾ ബാഗ് ഭാരം കുറയ്ക്കാൻ നടപടി

1453 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ക്ലാസ്സ് മുറികളിലെ പിൻബഞ്ച് ഒഴിവാക്കുന്നതിനുള്ള നടപടികളുടെ പ്രായോഗികത പരിശോധിച്ചിട്ടുണ്ടോ;

(സി) അധ്യയന വർഷം ആരംഭിക്കുന്ന കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നുണ്ടോ; ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ സർവ്വശിക്ഷാ കേരള പദ്ധതികൾ

1454 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ കേരള മുഖാന്തിരം വാമനപുരം മണ്ഡലത്തിൽ മാതൃകാ പ്രീ പ്രൈമറി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി സാങ്കേതികാനുമതി ലഭിച്ച് കരാർ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടും ഇതുവരെയും നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) എത്ര തുകയാണ് കെട്ടിടത്തിനായി അനുവദിച്ചതെന്നും കരാർ ഏജൻസി ആരാണെന്നും പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ?

## പ്രീ പ്രൈമറി വിദ്യാഭ്യാസ ശാക്തീകരണം

1455 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി വിദ്യാലയങ്ങളുടെ നിലനിൽപ്പിനാധാരമായി ഇന്ന് പ്രീ പ്രൈമറി വിദ്യാഭ്യാസം മാറിയിട്ടുണ്ടോ; പ്രീ പ്രൈമറി വിദ്യാഭ്യാസ ശാക്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് കളികോപ്പുകൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രൈമറി അധ്യാപകർക്ക് ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്?

## പ്രീ പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും വേതനം

1456 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരം നിയമനം, താൽക്കാലിക നിയമനം എന്നിങ്ങനെ സർക്കാർ പ്രീ പ്രൈമറി ജീവനക്കാരായി ആകെ എത്രപേരാണ് നിലവിലുള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഓരോ തസ്തികയുടെയും വേതന നിരക്ക് എത്ര വീതമാണെന്ന് സ്ഥിരം, താൽക്കാലികം എന്നിങ്ങനെ തരംതിരിച്ച് അറിയിക്കുമോ;

(സി) പ്രീ പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും വേതനം മുൻകാല പ്രാബല്യത്തിൽ വർദ്ധിപ്പിക്കണമെന്ന് സർക്കാരിന് ഹൈക്കോടതി സിംഗിൾ ബെഞ്ച് നിർദ്ദേശം നൽകുകയുണ്ടായോ; എങ്കിൽ എത്ര രൂപ വീതം വർദ്ധിപ്പിക്കണമെന്നാണ് സിംഗിൾ ബെഞ്ച് നിർദേശിച്ചത്; വിശദമാക്കാമോ;

(ഡി) പ്രീ പ്രൈമറി ജീവനക്കാരുടെ വേതന വർദ്ധനവിനെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായോ; എന്തൊക്കെ വാദഗതികളാണ് സർക്കാർ അപ്പീലിൽ ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) കുട്ടികളുടെ ചെറുപ്പകാലത്തെ വിദ്യാഭ്യാസത്തിന് അടിത്തറയിടുകയും കുഞ്ഞുങ്ങൾക്ക് ശാരീരിക വൈകാരിക മാനങ്ങളുമുള്ള സേവനങ്ങൾ നൽകുകയും ചെയ്യുന്ന പ്രീ പ്രൈമറി അധ്യാപകർക്ക് അർഹമായ വേതന വർദ്ധനവ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>സെറ്റ് യോഗ്യത നേടിയ അദ്ധ്യാപകരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി</u>**

1457 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) യോഗ്യത നേടിയ അദ്ധ്യാപകരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കുമോ; വിശദമാക്കാമോ;

(ബി) അദ്ധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതി ഉത്തരവിൽ ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകർക്ക് യോഗ്യതാ പരീക്ഷ നേടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഹൈസ്കൂൾ അദ്ധ്യാപകരെ ഈ വിധി ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) കെ-ടെറ്റ് 3-ന്റെ സിലബസിൽ വരുന്ന ഭാഗങ്ങൾ സെറ്റ് പരീക്ഷയുടെ സിലബസിൽ വരുന്നുണ്ടോ; സിലബസുകൾ തമ്മിൽ ഉള്ള വ്യത്യാസം എന്താണ്; രണ്ട് പരീക്ഷകളുടെയും സിലബസുകളുടെ പകർപ്പുകൾ സഹിതം വിശദമാക്കാമോ;

(ഡി) ഈ വിഷയത്തിൽ സർക്കാർ ബഹു. സുപ്രീം കോടതിയിൽ റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുണ്ടോ; ഫയൽ ചെയ്ത തീയതി എന്നാണെന്നും റിവ്യൂ ഹർജിയിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ഇ) സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കുന്നതിനു തടസ്സമുണ്ടോ; വിശദമാക്കാമോ;

(എഫ്) സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കണം എന്ന് ആവശ്യപ്പെട്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് നൽകിയതെന്നും ഈ നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

**<u>പുതുതായി ആരംഭിച്ച ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ</u>**

1458 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.06.2016-ന് ശേഷം സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലകളിലായി പുതുതായി ആരംഭിച്ച ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തീയതിക്ക് ശേഷം ഓരോ ജില്ലയിലും എയ്ഡഡ് മേഖലയിൽ പുതുതായി ആരംഭിച്ച ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ

നടത്തിപ്പുകാരായ മാനേജ്മെന്റിന്റെ വിശദാംശം പ്രത്യേകം ലഭ്യമാക്കാമോ?

## അദ്ധ്യാപക തസ്തിക നിർണയ നിയമന നടപടികൾ

1459 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഒക്ടോബർ 1-ന് പൂർത്തിയാക്കേണ്ട സർക്കാർ ഹൈസ്കൂളുകളിലെ അദ്ധ്യാപക തസ്തിക നിർണയ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിൽ വന്നിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത തസ്തിക നിർണ്ണയ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) 2026 ജൂൺ-ജൂലൈ മാസങ്ങളിലായി കാലാവധി അവസാനിക്കുന്ന വിവിധ ജില്ലകളിലെ ഹൈസ്കൂൾ ടീച്ചർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികൾക്ക് പരമാവധി ഒഴിവുകൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകരുടെ ഹയർ സെക്കണ്ടറിയിലേക്കുള്ള തസ്തിക മാറ്റ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സർക്കാർ സർവീസിലുള്ള അദ്ധ്യാപകർക്കായുള്ള കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത വിജ്ഞാപനം വൈകുന്നത് അദ്ധ്യാപകരുടെ തസ്തിക മാറ്റം, പ്രൊമോഷൻ എന്നിവയെ പ്രതികൂലമായി ബാധിക്കില്ലേയെന്ന് വ്യക്തമാക്കാമോ;

(ഇ) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത്, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പരിഷ്കരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## സ്കൂൾ കലാമേള വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള ആസൂത്രണ പ്രവർത്തനങ്ങൾ

1460 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലാമേളകൾ വിജയകരമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം ആസൂത്രണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂൾ കലോത്സവങ്ങളിൽ തദ്ദേശീയ കലാരൂപങ്ങൾക്ക് പ്രാധാന്യം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(സി) കലാമേളകൾ പരാതിരഹിതമാക്കാൻ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം എങ്ങനെയെല്ലാമാണ് സഹായിച്ചതെന്ന് വിശദമാക്കാമോ;

(ഡി) ഒളിമ്പിക്സ് മാതൃകയിൽ സ്കൂൾ കായികമേള സംഘടിപ്പിച്ചത് വഴി എന്ത് മാറ്റമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) കലോത്സവങ്ങൾ കേവലം മത്സരം എന്നതിലുപരി കുട്ടികളുടെ വ്യക്തിത്വ വികസനത്തെ എങ്ങനെയെല്ലാമാണ് സഹായിക്കുന്നതെന്ന് വിശദമാക്കാമോ;

(എഫ്) ഗോത്ര കലാരൂപങ്ങളെ കലോത്സവങ്ങളിൽ ഉൾപ്പെടുത്തിയതിന്റെ പ്രാധാന്യം വിശദീകരിക്കാമോ?

## എളമക്കര ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ ഫണ്ട് വിനിമയം

1461 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ എളമക്കര ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ യൂണിഫോം വാങ്ങുന്നതിന് ഏതൊക്കെ ഇനത്തിലെ ഫണ്ടുകളാണ് നടപ്പ് അക്കാദമിക വർഷം ലഭിച്ചിട്ടുള്ളത്; ഇതിൽ ചെലവഴിച്ച തുക എത്ര എന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ; ബാക്കി ചെലവഴിക്കാനുള്ള തുക എത്രയെന്ന് അറിയിക്കുമോ; ചെലവഴിക്കാൻ കാലതാമസം ഉണ്ടായതിന്റെ കാരണം അറിയിക്കുമോ;

(ബി) ഫണ്ടുകളിൽ ഏതിലെങ്കിലും തിരിമറി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്രമക്കേട് നടത്തിയത് ആരൊക്കെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പോലീസിലോ മറ്റ് അധികാര കേന്ദ്രങ്ങളിലോ പരാതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

## തട്ടത്തുമല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

1462 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടത്തുമല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; പ്രവർത്തന പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ?

## വരന്തരപ്പിള്ളി പഞ്ചായത്തിലെ ഐ. സി. സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ.ഒ.സി. അനുവദിക്കാൻ നടപടി

1463 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി പഞ്ചായത്തിലെ ഐ. സി. സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ. ഒ. സി. ലഭിക്കുന്നതിനായി സ്കൂൾ മാനേജർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) സ്വന്തം ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്നതും കഴിഞ്ഞ ഇരുപത് വർഷത്തിലധികമായി സി. ബി. എസ്. ഇ. സിലബസിൽ പ്രവർത്തിച്ചുവരുന്നതുമായ ഐ. സി. സി. ഇംഗ്ലീഷ് മീഡിയം സ്കൂൾ, എൻ. ഒ. സി. യ്ക്കായി സമർപ്പിച്ച അപേക്ഷ

പരിഗണിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് ഉള്ളിയേരി ഗവൺമെന്റ് എൽ. പി. സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ നടപടി

1464 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ഗവൺമെന്റ് എൽ. പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന്റെ നിലവിലുള്ള ഭൂമി ഒസ്യത്ത് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാവും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

## കൊല്ലം നിയോജക മണ്ഡലത്തിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

1465 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിലെ ഗവ. മോഡൽ ബോയ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലേയും ഉളിയക്കോവിൽ റ്റി.കെ.ഡി.എം. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലേയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ;

(ബി) നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ജനപ്രതിനിധികളായ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ഡ്യൂട്ടി ലീവ്

1466 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായ സംസ്ഥാനത്തെ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന വിവിധ യോഗങ്ങളിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായി ഡ്യൂട്ടി ലീവ് അനുവദിച്ചു നൽകി കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ഡ്യൂട്ടി ലീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇറക്കിയ 16.01.1998 ലെ ജി.പി.ജി നം 28/98/ജി.ഡി.എൻ എന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമിക്കപ്പെട്ട ജീവനക്കാർ

1467 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ 2016 മുതൽ നാളിതുവരെ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും താൽക്കാലികമായും ജീവനക്കാർ നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഏതെല്ലാം തസ്തികകളിലാണെന്നും ഓരോ

തസ്തികകളിൽ നിയമിക്കപ്പെട്ടവരുടെ എണ്ണം എത്രയാണെന്നും വകുപ്പ്, ജില്ല, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ 2016 മുതൽ നാളിതുവരെ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും താൽക്കാലികമായും നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും ഏതെല്ലാം തസ്തികകളിൽ എന്തിന്റെ അടിസ്ഥാനത്തിൽ ആണ് അവരെ സ്ഥിരപ്പെടുത്തിയതെന്നും വകുപ്പ്, ജില്ല, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ 2021 മുതൽ നാളിതുവരെ നടന്നിട്ടുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങൾ ഏതെല്ലാം തസ്തികകളിലാണെന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ടവർ ആരെല്ലാമാണെന്നും അവർ ഏതു തസ്തികകളിൽ നിന്നാണ് ഡെപ്യൂട്ടേഷൻ തസ്തികകളിലേക്ക് എത്തിയതെന്നുമുള്ള വിവരം വകുപ്പ്, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിലെ തസ്തിക നിർണ്ണയവും അംഗീകാരവും

1468 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ജൂലൈ മാസത്തിൽ പൂർത്തിയാക്കേണ്ട തസ്തിക നിർണ്ണയം ഒക്ടോബർ കഴിഞ്ഞിട്ടും പൂർത്തിയാകാത്തതിനും അധിക തസ്തികകൾക്ക് അംഗീകാരം നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെയും കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി എത്ര അധിക തസ്തികകൾ പുതുതായി കണ്ടെത്തുകയുണ്ടായിയെന്നും ഇതിൽ എത്ര അധ്യാപക തസ്തികകളും എത്ര അനധ്യാപക തസ്തികകളും ഉൾപ്പെടുന്നുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) തസ്തികയ്ക്ക് അംഗീകാരം വൈകുന്നതിനാൽ അധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അധിക തസ്തികകൾക്ക് എന്ന് മുതൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## അദ്ധ്യാപക നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും കെ-ടെറ്റ്

1469 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും കെ-ടെറ്റ് പാസാകണമെന്ന തീരുമാനമെടുത്തിട്ടുണ്ടോ;

വ്യക്തമാക്കാമോ;

(ബി) കെ-ടെറ്റ് പാസ്സാകണമെന്ന സുപ്രീംകോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) അദ്ധ്യാപകരുടെ താൽപര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## താൽക്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ

1470 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ അനുവദിച്ച താൽക്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾക്കിടയിൽ ഷിഫ്റ്റ് ചെയ്ത 38 സ്ഥിരം ബാച്ചുകളിൽ തൊട്ടടുത്ത 2 അധ്യയന വർഷത്തെ അഡ്മിഷൻ അടിസ്ഥാനപ്പെടുത്തി തസ്തികകൾ ഷിഫ്റ്റ് ചെയ്യണമെന്ന ഷിഫ്റ്റിംഗ് ഓർഡറിലെ വ്യവസ്ഥ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് സംസ്ഥാനത്തെ എം. ആർ. എസ്. സ്കൂളുകളിലെ 14 ഹയർ സെക്കൻഡറി ബാച്ചുകളിൽ സ്ഥിരം അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ 10 വർഷത്തിലേറെയായി നിലനിൽക്കുന്ന 22 സ്ഥിരം ബാച്ചുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് തന്നെ പരിഹാരം കാണാനാകുമോ; വിശദമാക്കാമോ?

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം

1471 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഭിന്നശേഷി സംവരണത്തിന്റെ പേരിൽ നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ദിവസവേതന നിയമനങ്ങൾ അവസാനിപ്പിച്ച് അധ്യാപക നിയമനങ്ങൾക്ക് സ്ഥിരമായ അംഗീകാരം നൽകണമെന്ന അദ്ധ്യാപക സംഘടനകളുടെ ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

## കേരള ഹിന്ദി പ്രചാരസഭയുടെ ആചാര്യ കോഴ്സും ഹൈസ്കൂൾ ഹെഡ്മാസ്റ്റർ നിയമനവും

1472 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ആചാര്യ കോഴ്സിനെ ബി. എഡ്. യോഗ്യതയ്ക്കു തുല്യമായി കണക്കാക്കിയിട്ടുണ്ടോ;

(ബി) ആചാര്യ കോഴ്സ് യോഗ്യത നേടിയ ഹൈസ്കൂൾ അധ്യാപകർക്ക് ഹെഡ് മാസ്റ്റർ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ യോഗ്യത നേടിയവർക്കാണ് തടസ്സമുള്ളതെന്ന് വിശദമാക്കുമോ?

## ചാവക്കാട് വിദ്യാഭ്യാസ ജില്ലയിലെ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം

1473 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി നിയമനം സംബന്ധിച്ച സുപ്രീം കോടതി വിധി പ്രകാരം വിവിധ മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി സംവരണം ഒഴികെയുള്ള ഇതര അധ്യാപക തസ്തികകളിൽ ചാവക്കാട് വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ വരുന്ന എത്ര സ്കൂളുകളിൽ നിയമനം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച പ്രകാരം നിയമനം നടത്തിയിട്ടുള്ള ആകെ തസ്തികകളുടെ എണ്ണം എത്രയാണ്; ആയതിന്റെ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിയമിതരായ അധ്യാപകരിൽ എത്രപേർക്ക് ഇതിനോടകം നിയമന അംഗീകാരം നൽകിയിട്ടുണ്ട്; ഏത് വർഷം വരെ നിയമിതരായവർക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇനിയും അംഗീകാരം ലഭിക്കാനുള്ള എത്ര അധ്യാപക തസ്തികകൾ ഉണ്ടെന്ന് അറിയിക്കാമോ; കൂടാതെ, നിയമന അംഗീകാരം നൽകുവാനുള്ള അധ്യാപകരുടെ പേരും, സ്കൂളിന്റെ പേരും ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകുന്നതിന് നിലവിലുള്ള നിയമ തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത അധ്യാപകരുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## എൽ.പി., യു.പി. സ്കൂൾ ടീച്ചേഴ്സ് റാങ്ക് ലിസ്റ്റിലെ നിയമനം

1474 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ-709/2023-എൽ.പി. സ്കൂൾ, കാറ്റഗറി നമ്പർ-707/2023 യു.പി. സ്കൂൾ, ടീച്ചേഴ്സ് റാങ്ക് ലിസ്റ്റിലെ എത്രപേർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിലെ കൂടുതൽ പേർക്ക് നിയമനം നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) സ്കൂളുകളിൽ തസ്തിക നഷ്ടം സംഭവിക്കുന്ന അധ്യാപകരെ അതേ വിദ്യാലയത്തിലെ എച്. ടി. വി. ( ഹെഡ് ടീച്ചർ വേക്കൻസി ) പോസ്റ്റിലേക്ക് പുനർവിന്യസിച്ചുകൊണ്ട് തസ്തിക നിലനിർത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം

1475 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എയ്ഡഡ് സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ ഉണ്ട്; വിദ്യാഭ്യാസ ജില്ല തിരിച്ച് സ്കൂൾ അടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(ബി) മേൽപ്പറഞ്ഞവയിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ നിയമനത്തിന് അംഗീകാരം ലഭിക്കാത്ത എത്ര സ്കൂളുകളും എത്ര തസ്തികകളും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടും അദ്ധ്യാപക നിയമനത്തിന് അംഗീകാരം ലഭിക്കാത്ത എത്ര സ്കൂളുകളും എത്ര തസ്തികളും ഉണ്ടെന്ന് വ്യക്തമാക്കുമോ?

## എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ വിവരങ്ങൾ

1476 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര എയ്ഡഡ് എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്കൂളുകളുടെ പേര്, സ്ഥലം, മാനേജ്മെന്റിന്റെ പേര് എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ക്രിസ്ത്യൻ, നായർ, ഈഴവ, മുസ്ലിം എന്നീ സാമുദായിക വിഭാഗങ്ങളിൽ ഓരോ വിഭാഗങ്ങളും നടത്തുന്നവയുടെ എണ്ണം വ്യക്തമാക്കാമോ?

## അടച്ചു പൂട്ടിയ സർക്കാർ-എയ്ഡഡ് സ്കൂളുകൾ

1477 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് അടച്ചു പൂട്ടിയ സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും വിവരങ്ങൾ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) അടച്ചു പൂട്ടിയ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ 2016 മുതൽ അടച്ചു പൂട്ടിയ അധ്യയനവർഷം വരെ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചിലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അധ്യയനവർഷവും നിയോജക മണ്ഡലവും തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന സ്കൂളുകളിലേക്ക് അനാദായകരമായി പ്രവർത്തിക്കുന്ന സ്കൂളുകൾ ലയിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നിയോജക മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന സ്കൂളുകളിലേക്ക് ലയിപ്പിച്ചിട്ടുള്ള അനാദായകരമായ സ്കൂളുകളിൽ 2016 മുതൽ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അധ്യയനവർഷവും നിയോജക മണ്ഡലവും തിരിച്ച് ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പൊതു വിദ്യാലയങ്ങളിൽ 2021 മുതൽ നാളിതുവരെ 50-ൽ താഴെ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും വിവരം അധ്യയനവർഷവും നിയോജക മണ്ഡലവും തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പൊതു വിദ്യാലയങ്ങളിൽ 50-ൽ താഴെ കുട്ടികൾ പഠിക്കുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2021 മുതൽ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചിലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ നിയോജക മണ്ഡല അടിസ്ഥാനത്തിൽ 2021 മുതൽ നാളിതുവരെയുള്ള അധ്യയനവർഷം തിരിച്ച് ലഭ്യമാക്കാമോ;

(ജി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പൊതു വിദ്യാലയങ്ങളിൽ 50-ൽ താഴെ കുട്ടികൾ പഠിക്കുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2021 മുതൽ നാളിതുവരെ സേവനമനുഷ്ഠിച്ചുവരുന്ന അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണം തസ്തിക, സ്കൂൾ, അധ്യയനവർഷം, നിയോജക മണ്ഡലം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## അൺഎയ്ഡഡ് സ്കൂൾ ജീവനക്കാരുടെ വേതന വർദ്ധനവ്

1478 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് മേഖലയിൽ ജോലിചെയ്യുന്ന അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർക്ക് വളരെ കുറഞ്ഞ നിരക്കുകളിൽ മാത്രമാണ് ശമ്പളം ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ ജീവനക്കാരുടെ സേവന വേതന നിരക്കുകൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) അൺഎയ്ഡഡ് അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർ കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യേണ്ട സാഹചര്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളത്;

(ഡി) അൺഎയ്ഡഡ് അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർക്ക് മിനിമം ശമ്പള സ്കെയിൽ ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## അൺ-എക്കണോമിക്കൽ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ഥിരനിയമനം

1479 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ-എക്കണോമിക്കൽ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സ്ഥിരം നിയമനം നൽകാൻ സർക്കാർ തയ്യാറാകുമോ;

(ബി) അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്ന ഇവർക്ക് സ്ഥിരം നിയമനം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

**<u>ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാരം</u>**

1480 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി അതിരൂപതയുടെ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂൾ അധ്യാപകരുടെ നിയമനം അംഗീകരിച്ച് നൽകുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് എൻ.എസ്.എസ്. മാനേജ്മെന്റിന് സുപ്രീം കോടതി നൽകിയ വിധിക്ക് അനുസൃതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വിവിധ ആവശ്യങ്ങൾ അടിയന്തരമായി നടപ്പാക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും എയ്ഡഡ് മേഖലയിൽ അനുവദിച്ച സ്കൂളുകൾ</u>**

1481 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തുമായി സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും എയ്ഡഡ് മേഖലയിൽ സ്കൂളുകളും ഹയർ സെക്കൻഡറികളും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ആർക്കെല്ലാം; ഏതെല്ലാം മേഖലയിലാണ് അനുവദിച്ചതെന്നതിന്റെ വിശദാംശം നൽകാമോ;

(ബി) എയ്ഡഡ് മേഖലയിൽ സ്കൂളുകളും ഹയർസെക്കണ്ടറി സ്കൂളുകളും അനുവദിക്കാൻ സ്വകാര്യവ്യക്തികളോ സംഘടനകളോ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് അപേക്ഷ നൽകിയിട്ടുള്ളത്; ഇത് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

**<u>അൺ-എക്കണോമിക്കൽ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകർ</u>**

1482 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ-എക്കണോമിക്കൽ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് സമാന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂൾ

അദ്ധ്യാപകരുടെ സ്കെയിലിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇവർക്ക് സമാന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂൾ ജീവനക്കാരുടെ ശമ്പള സ്കെയിലിൽ ശമ്പളം നൽകാൻ ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>എസ്. എൻ. ഡി. പി., മുസ്ലിം മാനേജ്മെന്റുകളുടെ കീഴിൽ അനുവദിച്ചു നൽകിയ സ്കൂളുകൾ</u>**

1483 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്തു വർഷ കാലയളവിൽ എസ്. എൻ. ഡി. പി. യുടെ മാനേജ്മന്റ് അധീനതയിൽ അനുവദിച്ചു നൽകിയ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; അവ ഏതു വർഷങ്ങളിലാണ് അനുവദിച്ചു നൽകിയത് എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ പത്തു വർഷ കാലയളവിൽ മുസ്ലിം മാനേജ്മെന്റിന്റെ കീഴിൽ അനുവദിച്ചു നൽകിയ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; അവ ഏതു വർഷ ങ്ങളിലാണ് അനുവദിച്ചു നൽകിയത് എന്ന് വ്യക്തമാക്കാമോ?

**<u>കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

1484 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്/നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാത്തവ ഉണ്ടെങ്കിൽ അവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിലെ സ്കൂളുകളിലെ വികസന പദ്ധതികൾ</u>**

1485 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്കൂളുകളിൽ അനുവദിച്ച വികസന പദ്ധതികൾ, അവയുടെ ഫണ്ട് വിവരം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി</u>**

1486 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**

**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നാക്ക മേഖലകളിൽ കുറഞ്ഞത് അഞ്ചു വർഷമെങ്കിലും പ്രവർത്തന പരിചയമുള്ള നല്ല നിലയിൽ പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) അംഗീകാരം ഇല്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷനുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) എല്ലാ വർഷവും ഇത്തരത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>സ്കോൾ കേരളയിലെ ഹാജർ തിരിമറി</u>

1487 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ കേരളയുടെ മുഖ്യ ആസ്ഥാനത്തും കീഴിലുള്ള സ്ഥാപനങ്ങളിലും ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സ്കോൾ കേരളയിൽ ഹാജർ രേഖപ്പെടുത്താൻ നിലവിലുള്ള സംവിധാനത്തിൽ പരിഷ്കാരം ഏർപ്പെടുത്തുന്നതുനായി സ്കോൾ കേരള ഭരണസമിതിയുടെയോ സർക്കാരിന്റെയോ ഭാഗത്തുനിന്ന് നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ബയോമെട്രിക് സംവിധാനത്തിലൂടെ ഹാജർ രേഖപ്പെടുത്തുന്ന സ്കോൾ കേരളയുടെ ആസ്ഥാനത്ത് ഹാജരാകാത്ത ജീവനക്കാർക്ക് പകരം മറ്റുള്ളവർ പഞ്ചിംഗ് നടത്തി ഹാജർ രേഖപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളുടെയും പരാതികളിൽ സ്വീകരിച്ച നടപടികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ഡി) ബയോമെട്രിക് ഹാജർ സംവിധാനത്തെ തകരാറിലാക്കി ഐ. ഡി കാർഡിലെ പഞ്ചിംഗ് ഓപ്ഷൻ സജീവമാക്കി ഉദ്യോഗസ്ഥരും ജീവനക്കാരും ഹാജർ രേഖപ്പെടുത്തിയതായി കെൽട്രോൺ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ;

(ഇ) സ്കോൾ കേരളയിൽ നടന്നുവെന്നാരോപിക്കുന്ന ഹാജർ തിരിമറിയും കൃത്യവിലോപവും സംബന്ധിച്ച് സർക്കാർ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന് കാരണമെന്താണെന്നും അതുമായി ബന്ധപ്പെട്ട് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

## <u>സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം</u>

1488 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർനിയമന വ്യവസ്ഥയിൽ സർക്കാർ അനുമതിയില്ലാതെ സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറായി ഡോ. ജിനേഷ് കുമാറിനെ 58 വയസ്സ് വരെ നിയമിച്ച സ്കോൾ-കേരള വൈസ് ചെയർമാന്റെ നടപടിക്ക് സർക്കാർ അംഗീകാരം അല്ലെങ്കിൽ സാധൂകരണം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സെലക്ട് കമ്മിറ്റി നിശ്ചയിച്ച വിരമിക്കൽ പ്രായമായ 58 വയസ്സ് പൂർത്തിയായി 2026 ഫെബ്രുവരിയിൽ വിരമിക്കുന്ന ഡോ. ജിനേഷ് കുമാറിന് ചട്ടപ്രകാരമുള്ള കാലാവധിക്കുശേഷം സേവനകാലം ദീർഘിപ്പിച്ച് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഡോ. ജിനേഷ് കുമാർ വിരമിക്കുന്ന ഒഴിവിൽ സെലക്ട് കമ്മിറ്റി തയ്യാറാക്കിയ പാനലിലെ രണ്ടാമനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) സ്കോൾ-കേരള ചട്ടപ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ രണ്ടാമന് നിയമനം നൽകാത്ത പക്ഷം പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറെ ചട്ടപ്രകാരം തെരഞ്ഞെടുത്ത് നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഹയർ സെക്കണ്ടറി ലാബ് അറ്റന്റേഴ്സ് ടെസ്റ്റ്

1489 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ലാബ് അസിസ്റ്റന്റുമാരുടെ ലാബ് അറ്റന്റേഴ്സ് ടെസ്റ്റിന് ഭേദഗതി വരുത്തി പ്രിസ്ക്രൈബ്ഡ് സിലബസ് നിശ്ചയിക്കുന്നതിനും ടെക്സ്റ്റ്ബുക്ക് തയ്യാറാക്കുന്നതിനും ജെ.ആർ3/89/2025-ജി.ഇ.ഡി.എൻ. പ്രകാരം എസ്.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടെക്സ്റ്റ് ബുക്കും സിലബസ്സും എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) എലിജിബിലിറ്റി ടെസ്റ്റ് പാസായിട്ടില്ലെന്ന കാരണത്താൽ ഹയർ സെക്കന്ററി ലാബ് അസിസ്റ്റന്റ് തസ്തികയിൽ 2013 മുതൽ നിയമിതരായ ഉദ്യോഗസ്ഥരുടെ വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ്, പേ റിവിഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ അധ്യാപകർക്ക് കെ-ടെറ്റ് പാസാവുന്നതിൽ ഇളവ് അനുവദിച്ച മാതൃകയിൽ ഹയർ സെക്കന്ററി ലാബ് അസിസ്റ്റന്റുമാർക്കും ലാബ് അറ്റന്റേഴ്സ് ടെസ്റ്റ് പാസാവുന്നതിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ?

## ബാലുശ്ശേരി ഹയർ സെക്കണ്ടറി- വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ലയനം

1490 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളും ബാലുശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ലയിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഒരു മതിലിനുള്ളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ ഒന്നാവുന്നതോടെ രണ്ട് സ്കൂളുകളുടെയും നിലവിലുള്ള ഭൗതിക സൗകര്യങ്ങളിലെ അപര്യാപ്തത പരിഹരിക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## <u>പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഭിന്നശേഷി കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്</u>

1491 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിലേയ്ക്ക് ഉയർത്തുന്നതിനോടൊപ്പം മലയാളം ഉൾപ്പെടെയുള്ള ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സമ്പൂർണ്ണ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പഠന പിന്തുണ ആവശ്യമായ ഭിന്നശേഷി കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(സി) ശാസ്ത്രീയവും പ്രായോഗികവുമായ മാർഗ്ഗങ്ങളിലൂടെ അത്തരം കുട്ടികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകി പിന്നോക്കാവസ്ഥ പരിഹരിക്കുന്ന പ്രവർത്തനങ്ങളിൽ ഏതെല്ലാം വകുപ്പുകളുടെയും ഏജൻസികളുടെയും സഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>ഹയർസെക്കണ്ടറി അഡീഷണൽ ബാച്ചുകളും അദ്ധ്യാപക നിയമനവും</u>

1492 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ന ശേഷം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ എത്ര അഡീഷണൽ ബാച്ചുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിൽ എത്ര ബാച്ചുകൾ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) അഡീഷണൽ ബാച്ചുകളിൽ തസ്തിക അനുവദിച്ചിട്ടില്ലെങ്കിൽ അവിടെ എപ്രകാരമാണ് താത്കാലിക അധ്യാപക നിയമനം നടത്തുന്നതെന്ന് വിശദമാക്കുമോ; അത്തരം തസ്തികകളിലേക്ക് പി.എസ്.സി ലിസ്റ്റുകളിൽ നിന്നുള്ളവരെയോ ട്രാൻസ്ഫർ മുഖാന്തിരമോ അധ്യാപകരെ നിയമിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) 2022 ന് ശേഷം ഹയർസെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അംഗീകാരം നൽകിയ എച്ച്. എസ്. എസ്. ടി. ജൂനിയർ മലയാളം തസ്തികയിൽ സ്ഥിര അധ്യാപക നിയമനം നടത്തി വരുന്നുണ്ടോ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഹയർസെക്കണ്ടറി ബാച്ചുകളിൽ അൻപത് കുട്ടികളിൽ അധികമായി പ്രവേശിപ്പിക്കുന്ന വിദ്യാർത്ഥികളെ (മാർജിനൽ ഇൻക്രീസ്) മലയാളം ഉൾപ്പെടെയുള്ള സെക്കന്റ് ലാംഗ്വേജ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കാറുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

## ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തിക

1493 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ പ്രവർത്തിച്ചു വരുന്ന സേക്രഡ് ഹാർട്ട് ഹൈസ്കൂളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി അരുണ പി. എന്ന ടീച്ചറുടെ തസ്തിക നിർണയവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ?

## തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. ഹിന്ദി ഒഴിവുകൾ

1494 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്. എസ്. എ. ഹിന്ദി തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ബി) ഹയർസെക്കൻഡറി അദ്ധ്യാപകരായി ബൈ-ട്രാൻസ്ഫർ നിയമനം ലഭിച്ചത് എത്രപേർക്കാണ്; പ്രസ്തുത തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) പ്രഥമ അദ്ധ്യാപക പ്രമോഷൻ എത്രപേർക്കാണ് ലഭിച്ചിട്ടുള്ളത്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) എത്ര ഗസ്റ്റ് അദ്ധ്യാപകരാണ് ജില്ലയിൽ ഹിന്ദി എച്ച്.എസ്. എ. ആയി സേവനമനുഷ്ഠിക്കുന്നത്; ഈ തസ്തികകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനവും തസ്തിക സ്ഥിരപ്പെടുത്തലും

1495 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് ഫിക്സേഷനിലൂടെ നിരവധി അധ്യാപക തസ്തികകൾ നഷ്ടപ്പെടുന്ന സാഹചര്യവും 2022 മുതൽ സംസ്ഥനത്തിന്റെ തെക്കൻ മേഖലയിൽ നിന്നും വടക്കൻ ജില്ലകളിലേക്ക് ഷിഫ്റ്റ് ചെയ്ത ഹയർസെക്കണ്ടറി ബാച്ചുകൾ ഇതുവരെയും സ്ഥിരപ്പെടുത്തിയിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബാച്ചുകൾ സ്ഥിരപ്പെടുത്തി സ്ഥിര അധ്യാപക നിയമനം നടത്താൻ വൈകുന്നതിന്റെ കാരണം അറിയിക്കുമോ;

(ബി) 2022 ന് ശേഷം ഹയർസെക്കണ്ടറിയിൽ സീനിയർ തസ്തികയിൽ നിന്നും ജൂനിയർ തസ്തികകൾ ആക്കി മാറ്റിയ എച്ച്. എസ്. എസ്. റ്റി. മലയാളം (ജൂനിയർ) തസ്തികകൾക്ക് സ്ഥിരാംഗീകാരം നൽകി അധ്യാപക നിയമനം നടത്തുന്നതിന് നടപടി സ്വികരിക്കുമോ; പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;

(സി) എച്ച്.എസ്.എസ്.റ്റി ജൂനിയർ മലയാളം തസ്തികയിലേക്കുള്ള (474/2023) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഹൈസ്കൂൾ അദ്ധ്യാപകരുടെ എച്ച്. എസ്. എസ്. ടി. തസ്തികമാറ്റനിയമനവും കെ-ടെറ്റും**

1496 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യോഗ്യരായ ഹൈസ്കൂൾ അദ്ധ്യാപകർക്ക് തസ്തികമാറ്റം വഴി ഹയർ സെക്കൻ്ററിയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ സേവനത്തിൽ പത്ത് വർഷം പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് നിലവിലുള്ള യോഗ്യതകൾ പ്രകാരം തസ്തികമാറ്റം വഴി ഹയർ സെക്കന്ററി ജൂനിയർ ടീച്ചറായി നിയമനം നല്കുന്നതിനും ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനും കെ- ടെറ്റ് നിർബന്ധമാക്കിക്കൊണ്ട് കോടതിവിധികളോ സർക്കാർ ഉത്തരവുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശംങ്ങൾ ലഭ്യമാക്കാമോ;

(സി) 01.9.2025 ലെ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് സംബന്ധിച്ച ബഹു. സുപ്രീംകോടതി ഉത്തരവിന് മുൻപ്, യോഗ്യരായ ഹൈസ്കൂൾ അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റം വഴി ഹയർ സെക്കന്ററി ജൂനിയർ ടീച്ചർ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയെങ്കിലും നിയമനം ആരംഭിക്കാത്ത സ്ഥിതിയിലാണ് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തികമാറ്റ നിയമനത്തിന് തടസമായിട്ടുള്ള നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) 1.09.2025 ലെ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് സംബന്ധിച്ച ബഹു. സുപ്രീം കോടതി വിധിക്ക് ശേഷം അതെ വിഷയം സംബന്ധിച്ച്, സംസ്ഥാനം നടത്തുന്ന ഒരു യോഗ്യതാപരീക്ഷ വിജയിച്ച അദ്ധ്യാപകർ കെ-ടെറ്റ് യോഗ്യത ഇല്ലെങ്കിലും പ്രസ്തുത നിയമനത്തിന് യോഗ്യരാണെന്ന് വ്യക്തമാക്കിക്കൊണ്ട് 31.10.2025 ന് ബഹു. സുപ്രീം കോടതി (എസ്. എൽ. പി. (സി) നം. 22164) ഉത്തരവായത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിധി പരിഗണിച്ച് എച്ച്. എസ്. എസ്. ടി. തസ്തികമാറ്റ നിയമനങ്ങൾ നടത്താൻ കഴിയുമോയെന്ന് അറിയിക്കാമോ?

**മലപ്പുറം ജില്ലയിലെ അധ്യാപക തസ്തികകളിലെ ഒഴിവുകളും നിയമനങ്ങളും**

1497 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. പി. എസ്. ടി., യു. പി. എസ്. ടി., എച്ച്. എസ്. എസ്. ടി. (വിവിധ വിഷയങ്ങൾ) തസ്തികകളിൽ 2001-2002 അധ്യയന വർഷം മുതൽ ഇതുവരെ മലപ്പുറം

ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്രയെന്ന് അധ്യയന വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്താനായി പി. എസ്. സി. റാങ്ക് പട്ടികയിൽ നിന്നു ഓരോ അധ്യയന വർഷത്തിലും നടത്തിയ നിയമനം, അന്തർജില്ലാ സ്ഥലം മാറ്റം വഴിയുള്ള നിയമനം, തസ്തികമാറ്റം, സ്ഥാനക്കയറ്റം, ആശ്രിത നിയമനം, എന്നിവയുടെ കണക്ക് ഓരോ അധ്യയനവർഷത്തെയും ഓരോ തസ്തികയിലെയും ഒഴിവുകളും നിയമനങ്ങളും തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) എൽ. പി. എസ്. ടി., യു. പി. എസ്. ടി., എച്ച്. എസ്. എസ്. ടി. (വിവിധ വിഷയങ്ങൾ) എന്നീ തസ്തികകളിൽ 2001 -2002 അധ്യയനവർഷം മുതൽ നാളിതുവരെയുള്ള മലപ്പുറം ജില്ലയുടെ കേഡർ സ്ട്രെങ്ത് എത്രയെന്ന് റജിസ്റ്ററിന്റെ പകർപ്പ് സഹിതം വ്യക്തമാക്കാമോ?

## <u>വി. എച്ച്. എസ്. ഇ. നോൺ വൊക്കേഷണൽ ഹയർ സെക്കൻഡറി ജ്യോഗ്രഫി ജൂനിയർ ടീച്ചർ നിയമനം</u>

1498 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ കാറ്റഗറി നമ്പർ 087/2023 പ്രകാരമുള്ള വി. എച്ച്. എസ്. ഇ. നോൺ വൊക്കേഷണൽ ഹയർ സെക്കൻഡറി ജ്യോഗ്രഫി ജൂനിയർ ടീച്ചർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ;

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ഇതുവരെയും ഒന്നാം റാങ്കുകാരന് പോലും നിയമനം ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ എത്ര ഒഴിവുകളാണ് ജ്യോഗ്രഫി ജൂനിയർ ടീച്ചർ തസ്തികയിൽ ഉള്ളത്; ഈ ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേക്കുള്ള തസ്തികമാറ്റ ഒഴിവുകൾ</u>

1499 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേക്ക് 29.12.2020 മുതലുള്ള തസ്തികമാറ്റം ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സീനിയോറിറ്റി അടിസ്ഥാനമാക്കി നികത്തുന്നതിന് 10.03.2025-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ചട്ടപ്രകാരം ഒഴിവുകൾ ഉണ്ടായിട്ടും ഓരോ അധ്യയനവർഷവും പ്രസ്തുത തസ്തികമാറ്റം കൃത്യമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അദ്ധ്യാപക നിയമനങ്ങളിൽ കെ-ടെറ്റ് നിർബന്ധമാക്കിയ സുപ്രീംകോടതി വിധി, പ്രസ്തുത തസ്തികമാറ്റ നിയമനങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; കെ-ടെറ്റ് നിർബന്ധമാക്കിയ സുപ്രീംകോടതി വിധി പ്രകാരം, കെ-ടെറ്റ്

നേടിയെടുക്കാൻ രണ്ടു വർഷത്തെ (2027 വരെ) സാവകാശം ഉണ്ടെന്നിരിക്കെ, പ്രസ്തുത തസ്തികമാറ്റം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വിവിധ ജില്ലകളിലെ ഹൈസ്കൂൾ ടീച്ചർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി തീരാൻ ഇനി ഏതാനും മാസങ്ങൾ മാത്രം അവശേഷിക്കെ, മുൻവർഷങ്ങളിലെ റാങ്ക് ലിസ്റ്റുകളെ അപേക്ഷിച്ച് വളരെ കുറഞ്ഞ നിയമനങ്ങൾ നടന്നതും കഴിഞ്ഞ രണ്ടുവർഷങ്ങളായി ഡിവിഷൻ ഫാൾമൂലം നിരവധി തസ്തികകൾ നഷ്ടപ്പെട്ടതും ഹൈസ്കൂൾ അധ്യാപകരുടെ ഹയർസെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റം ഉൾപ്പെടെയുള്ള മറ്റ് സ്ഥാനക്കയറ്റങ്ങൾ അനന്തമായി നീണ്ടുപോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി തീരുന്നത് മുന്നിൽക്കണ്ട് 2025-26 അധ്യയന വർഷത്തെ അദ്ധ്യാപക തസ്തിക നിർണയ നടപടിക്രമങ്ങൾ പൂർത്തിയാക്കി അധിക തസ്തികകൾ അനുവദിക്കുവാനും പ്രധാനാദ്ധ്യാപക സ്ഥാനക്കയറ്റം നടത്തുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) കൊല്ലം ജില്ലയിലെ സർക്കാർ ഹൈസ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ നേരിട്ടുള്ള നിയമനത്തിനായി വരുന്ന ഒഴിവുകൾ ചട്ടവിരുദ്ധമായി നിലവിലെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവയ്ക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലിചെയ്യുന്ന ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം നിലവിലെ ചട്ടങ്ങൾക്കനുസരിച്ച് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>അദ്ധ്യാപകരുടെ നിയമനാംഗീകാരം</u>

1500 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപകരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എയ്ഡഡ് മേഖലയിൽ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി എത്ര അദ്ധ്യാപകരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ അവശേഷിക്കുന്നുണ്ടെന്ന വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് കെ ടെറ്റ് ഒഴിവാക്കുന്നതിന് സുപ്രീം കോടതിയിൽ റിവിഷൻ ഹർജി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഹൈസ്കൂളിൽ നിന്ന് ഹയർ സെക്കണ്ടറിയിലേക്കുള്ള തസ്തികമാറ്റം, പ്രധാനാദ്ധ്യാപക നിയമനം എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മലപ്പുറം ജില്ലയിലെ എൽ. പി. എസ്. ടി. നിയമനം

1501 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 31/05/25 ന് നിലവിൽ വന്ന എൽ. പി. എസ്. ടി. റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ മലപ്പുറം ജില്ലയിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) 2025-26 വർഷത്തിലെ എൽ. പി. എസ്. ടി. ഫിക്സേഷൻ പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഫിക്സേഷൻ പ്രകാരം എൽ. പി. എസ്. ടി. വിഭാഗത്തിൽ മലപ്പുറം ജില്ലയിൽ എത്ര ഡിവിഷൻ ഫാൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഡിവിഷൻ ഫാൾ വന്ന് തസ്തിക നഷ്ടപെടുന്ന അധ്യാപകരെ എച്ച്.റ്റി.വി. (ഹെഡ് ടീച്ചർ വേക്കൻസി) പോസ്റ്റിലേക്ക് പുനർ വിന്യസിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഹയർസെക്കൻഡറി ജ്യോഗ്രഫി ജൂനിയർ ടീച്ചർ റാങ്ക് ലിസ്റ്റ്

1502 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ കാറ്റഗറി നമ്പർ 736/2021 പ്രകാരം ഉള്ള ഹയർസെക്കൻഡറി ജ്യോഗ്രഫി ജൂനിയർ ടീച്ചർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്;

(ബി) ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകി; നിലവിൽ എത്ര ഒഴിവുകളാണ് നികത്താൻ ഉള്ളത്; ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) 2026 ജൂൺ ഒന്നിന് ഉള്ളിൽ ഹയർസെക്കൻഡറി ജ്യോഗ്രഫി സീനിയർ ടീച്ചർമാർ എത്രപേർ വിരമിക്കാനുണ്ട് എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

## ക്രൈസ്തവ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിലെ അധ്യാപക ഒഴിവുകൾ

1503 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്രൈസ്തവ എയ്ഡഡ് മാനേജ്മെന്റ് സ്കൂളകളിൽ വർഷങ്ങളായി അധ്യാപക ഒഴിവുകൾ നിലനിൽക്കുന്നുണ്ടെങ്കിലും പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ നടപ്പിലാക്കാത്തത് രക്ഷിതാക്കളേയും വിദ്യാർത്ഥികളേയും അധ്യാപക ഉദ്യോഗാർത്ഥികളേയും ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി സമയബന്ധിതമായി പരിഹരിക്കുവാൻ നടപടി സ്വകരിക്കുമോ; വിശദീകരിക്കുമോ?

## എൽ.പി.എസ്.റ്റി./യു.പി.എസ്.റ്റി. അധ്യാപക ഫിക്സേഷൻ

1504 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒക്ടോബർ 1 പ്രാബല്യത്തിൽ പുറപ്പെടുവിക്കേണ്ട 2025-26 അധ്യയന വർഷത്തേക്കുള്ള ഫിക്സേഷൻ ഓർഡർ ഇതുവരെ പുറപ്പെടുവിക്കപ്പെടാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) മലയാളം മീഡിയം - ഭാഷാ അധ്യാപകർ ഒഴികെയുള്ള എൽ.പി.എസ്.ടി, യു.പി.എസ്.ടി വിഭാഗങ്ങളിലും വിവിധ വിഷയങ്ങളിലെ എച്ച്.എസ്.എ തസ്തികകളിലും തിരുവനന്തപുരം ജില്ലയിൽ നിന്ന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള സ്കൂളുകൾ ഏതെല്ലാമാണ്; ഓരോ സ്കൂളിലും ഏത് തസ്തികയ്ക്കാണ് പ്രൊപ്പോസൽ നൽകിയിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ?

**<u>പുതിയ ലേബർ കോഡുകൾ</u>**

1505 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുണ്ടായിരുന്ന 29 ഓളം തൊഴിൽ നിയമങ്ങൾക്ക് പകരം നാല് ലേബർ കോഡുകൾ നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതിയ ലേബർ കോഡുകൾ തൊഴിലാളി സമരങ്ങൾക്കും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലേബർ കോഡുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>തൊഴിൽ വകുപ്പിൽ വിവിധ പരിശോധന റിപ്പോർട്ടുകൾ പ്രകാരം സ്വീകരിച്ച നടപടികൾ</u>**

1506 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലും തൊഴിൽ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) ഓരോ ക്രമക്കേടിലും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**<u>കോട്ടയം മണ്ഡലത്തിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>**

1507 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിൽ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അവയിൽ പൂർത്തിയായത് ഏതൊക്കെയെന്നും പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

## **പുനലൂർ മണ്ഡലത്തിലെ തൊഴിൽ വകുപ്പ് പദ്ധതികൾ**

1508 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിന് കീഴിൽ പുനലൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ഡലത്തിലെ തോട്ടം മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചെലവഴിച്ച തുക സഹിതം ലഭ്യമാക്കാമോ?

## **സഹജ കോൾ സെന്ററിന്റെ പ്രവർത്തനം**

1509 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം നൗഷാദ്**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹജ കോൾ സെന്ററിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) നഗരങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിയ പ്രധാന പദ്ധതികൾ വിശദമാക്കാമോ;

(സി) ഗാർഹിക തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഡി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളുടെ വേതന ഘടനയിൽ മെച്ചപ്പെട്ട നിലവാരം പുലർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ?

## **ലേബർ കോഡ്**

1510 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ലേബർ കോഡ് സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ലേബർ കോഡ് നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് എന്തെങ്കിലും അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ലേബർ കോഡ് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തൊക്കെ ആവശ്യങ്ങളാണ് സംസ്ഥാനത്തോട് ഉന്നയിച്ചിട്ടുള്ളത്;

(ഡി) നിലവിലെ തൊഴിൽ സാഹചര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേന്ദ്രസർക്കാരിന്റെ ലേബർ കോഡ് സംസ്ഥാനത്തെ തൊഴിൽ രംഗത്തെ

ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് കരുതുന്നത്; വിശദാംശം അറിയിക്കുമോ?

**<u>തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി</u>**

1511 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതും മാന്യമായ വേതനം ഉറപ്പുവരുത്തുന്നതുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പ്രത്യേക കർമ്മ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തുനിന്നും യുവജനങ്ങൾ തൊഴിലിനായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നത് തടയാൻ കൈകൊണ്ട നടപടികൾ വിശദമാക്കാമോ?

**<u>ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ കുടിശിക</u>**

1512 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ വിതരണത്തിൽ നിലവിൽ എത്ര മാസത്തെ കുടിശികയുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ബോർഡിലും കുടിശിക തുക പൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ഓരോ ആനുകൂല്യങ്ങളിലും നിലവിൽ എന്ത് തുക കുടിശിക യുണ്ട്; വിശദാംശം ബോർഡ് തിരിച്ച് വ്യക്തമാക്കുമോ?

**<u>ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി</u>**

1513 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി മേഖലയിലുള്ള തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ക്ഷേമനിധി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിന് സർക്കാർതലത്തിൽ നിയമാനുസൃതമായ തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത മേഖലയിലെ തൊഴിലാളികളായ അംഗങ്ങൾ സാംസ്കാരിക ക്ഷേമനിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി സർക്കാരിന് നൽകിയ ഹർജിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) നിലവിൽ പത്തുവർഷം അംശദായം അടയ്ക്കാൻ കഴിയാത്ത ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി മേഖലയിലെ തൊഴിലാളികളായ അംഗങ്ങളെ പെൻഷൻ നൽകുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ; അവർ അടച്ച തുക മാത്രം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പുനഃപരിശോധന നടത്തി അവർക്ക് കൂടി ആനുപാതികമായി പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്നവരെ പ്രത്യേക തൊഴിൽ വിഭാഗമായി അംഗീകരിക്കാൻ നടപടി</u>**

1514 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്നവരെ പ്രത്യേക തൊഴിൽ വിഭാഗമായി അംഗീകരിക്കുകയും അവർക്ക് നിയമാനുസൃത തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുന്നതും പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിൽ മേഖലയിലുള്ളവരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ;

(സി) കേരള ഷോപ്സ് &കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡിൽ കുടിശിക വരുത്തിയിട്ടുള്ള ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കുടിശിക അടച്ച് എല്ലാ ആനുകൂല്യത്തോടുംകൂടി അംഗത്വം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>അളഗപ്പനഗർ ഇ.എസ്.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി</u>**

1515 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പനഗർ ഇ.എസ്.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ജീർണ്ണാവസ്ഥയിലുള്ള പഴയ കെട്ടിടത്തിൽ നിന്നും നിലവിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള കെട്ടിടത്തിലേയ്ക്ക് മാറി പ്രവർത്തിക്കുന്ന അളഗപ്പനഗർ ഇ.എസ്.ഐ.യ്ക്ക് ലാബ് സൗകര്യങ്ങളോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>**

1516 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ സാന്നിധ്യം ഗണ്യമായി വർദ്ധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന പ്രസ്തുത

തൊഴിലാളികളുടെ ഏകദേശ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ;

(ബി) അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവരിൽ എത്ര പേർ സർക്കാരിന്റെ രജിസ്ട്രേഷൻ സംവിധാനത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) രജിസ്റ്റർ ചെയ്യാത്ത അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് ജോലി ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവുകൾ ഏതൊക്കെയാണ്; ആയതിന്റെ പകർപ്പുകൾ നൽകുമോ;

(ഡി) സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളും മയക്കുമരുന്ന് ഉപയോഗവും വിൽപ്പനയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തൊഴിലാളികൾ നിയമപരമായി ജോലി ചെയ്യുന്നവരാണെന്നും രജിസ്റ്റർ ചെയ്തുവെന്നും ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## <u>ലേബർ കോഡുകൾ തിരുത്താൻ നടപടി</u>

1517 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ ലേബർ കോഡുകൾ തിരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നൂറ്റാണ്ടുകളിലൂടെ നേടിയെടുത്ത വിവിധ തൊഴിലവകാശങ്ങൾ ഇല്ലാതാക്കുന്ന പ്രസ്തുത നിയമങ്ങൾ പിൻവലിക്കാൻ നിയമ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കോഡ് ഓൺ വേജസ് 2019</u>

1518 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഡ് ഓൺ വേജസ് 2019 സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്തൊക്കെ മാറ്റങ്ങളാണ് സംസ്ഥാന ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതെന്നും വ്യക്തമാക്കുമോ; പ്രസ്തുത കരട് ചട്ടങ്ങൾ എന്നാണ് പ്രസിദ്ധീകരിച്ചതെന്ന് അറിയിക്കുമോ; നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത കോഡ് നടപ്പാക്കുന്നതിന് പകരം ബദൽ നിയമ നിർമ്മാണം നടത്തുന്നതിന് സാധ്യത ഉണ്ടോ; വിശദാംശം നൽകുമോ?

## <u>കോഡ് ഓൺ വേജസ് 2019</u>

1519 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഡ് ഓൺ വേജസ് 2019 ന്റെ കരട് ചട്ടങ്ങൾ സംസ്ഥാനം വിജ്ഞാപനം ചെയ്തത് എന്നാണ്;പ്രസ്തുത കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിന് മുമ്പ് സംസ്ഥാനത്തെ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തൊഴിലാളി സംഘടനകളുമായി ചർച്ച നടത്താതെയാണ് കരട് ചട്ടം വിജ്ഞാപനം ചെയ്തതെങ്കിൽ അത്തരമൊരു തീരുമാനത്തിലേക്ക് എത്താൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

## പുതിയ തൊഴിൽ നിയമങ്ങൾ

1520 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ നിയമങ്ങളെ ഏകീകരിച്ച് നാല് നിയമങ്ങളാക്കി കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്തിയത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി തൊഴിൽ മേഖലയെ എപ്രകാരം ബാധിക്കുമെന്നാണ് കരുതുന്നത്;

(ബി) പുതിയ തൊഴിൽ നിയമം തൊഴിലാളി യൂണിയനുകളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കോഡ് ഓൺ വേജസ് 2019

1521 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഡ് ഓൺ വേജസ് 2019 -ലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉണ്ടാകാവുന്ന പ്രതിസന്ധികൾ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോഡ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ചട്ട രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കരട് ചട്ടം പ്രസിദ്ധീകരിച്ചത് എന്നാണ്; ഇതിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കരട് ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ തൊഴിലാളികളെ ദോഷകരമായി ബാധിക്കാത്ത വിധത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## വികസന സൗഹൃദ തൊഴിലിട സംസ്കാരം

1522 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പിന്തുടരുന്ന തൊഴിൽ നയം അസംഘടിതരും പാർശ്വവൽകൃതരുമായ തൊഴിലാളികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും മെച്ചപ്പെട്ട ജീവിത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികൾക്കും ഉയർന്ന വേതനവും മറ്റു സാമൂഹിക സുരക്ഷാ പദ്ധതികളും ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന ജനനി ഭവന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ;

(ഡി) തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസവും ഉറപ്പാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ഇ) സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള മിനിമം കൂലി നൽകാൻ ശേഷിയില്ലാത്ത തൊഴിലുടമകളെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## പടിയൂർ ഐ.ടി.ഐ.ക്ക് കെട്ടിട നിർമ്മാണം

1523 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പടിയൂർ ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ; കെട്ടിട നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്; പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## തൊടുപുഴ മണ്ഡലത്തിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1524 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലയളവിൽ തൊടുപുഴ മണ്ഡലത്തിൽ തൊഴിൽ വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

## വ്യാവസായിക പരിശീലന വകുപ്പിലെ തസ്തികകൾ

1525 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ അരിത്തമാറ്റിക് കം ഡ്രോയിംഗ് ഇൻസ്ട്രക്ടർ, എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ എന്നീ തസ്തികകളിൽ നിന്നായി 50 അദ്ധ്യാപക തസ്തികകൾ വെട്ടിക്കുറച്ചത് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ശാസ്ത്രീയമായ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോയെന്ന് വിശദമാക്കാമോ;

(ബി) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ എത്ര ഐ.ടി.ഐ. കളാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവിടങ്ങളിൽ

നിലവിലുള്ള ട്രേഡുകൾ, യൂണിറ്റുകൾ, സീറ്റുകൾ എന്നിവയുടെ എണ്ണം എത്രയാണെന്നും പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(സി) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ സംസ്ഥാനത്താകെ ഓരോ ട്രേഡിലും അനുവദിച്ചിട്ടുള്ള വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികകളുടെ എണ്ണവും ഓരോ ട്രേഡിലും പ്രസ്തുത തസ്തികയിൽ നിന്നും സ്പെഷ്യൽ റൂൾ പ്രകാരം പ്രൊമോഷൻ നൽകാവുന്ന തസ്തികകളുടെ എണ്ണവും നിലവിൽ ഈ തസ്തികയിൽ നിന്നും ഓരോ ട്രേഡിലേക്കും പ്രൊമോഷൻ അനുവദിച്ചിട്ടുള്ളവരുടെ എണ്ണവും പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ഡി) വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ, സീനിയർ ഇൻസ്ട്രക്ടർ, ഗ്രൂപ്പ് ഇൻസ്ട്രക്ടർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ (പേര്, പെൻ നമ്പർ, തസ്തിക, ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർമാരുടെ കാര്യത്തിൽ ട്രേഡ് സഹിതം) ക്രമനമ്പർ ഉൾപ്പെടുത്തി പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

## <u>പേരാമ്പ്ര ഗവ: ഐ.ടി.ഐ.</u>

1526 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ഗവ: ഐ.ടി.ഐ.യിൽ നിലവിൽ എത്ര കുട്ടികളാണുള്ളത്; ഓരോ വിഭാഗത്തിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്രയാണ്;

(ബി) ഐ.ടി.ഐ.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## <u>ഐ.ടി.ഐ. കളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി</u>

1527 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്യാപ്പള്ളി, മണിയൂർ ഐ.ടി.ഐ. കളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കൈവല്യ പദ്ധതി</u>

1528 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവല്യ പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് പരിശീലനം ലഭിച്ചതെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ</u>

1529 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ എം മുകേഷ്**

**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ;

(ബി) വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളും ഗുണഭോക്താക്കൾക്ക് ഇതുവരെ ലഭിച്ച സഹായങ്ങളും വിശദമാക്കാമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കൂടുതൽ ആധുനികവൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; കഴിഞ്ഞ പത്ത് വർഷത്തിനിടെ ഈ രംഗത്തുണ്ടായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഭിന്നശേഷിക്കാർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്ന കാര്യത്തിൽ സർക്കാരിന് എത്രത്തോളം മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

1530 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പയ്യന്നൂർ കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് കെട്ടിട നിർമ്മാണം

1531 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കേന്ദ്രമായി അനുവദിച്ച കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കാൻ സ്വകാര്യ ഭൂമി സൗജന്യമായി സർക്കാരിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## കിലേ സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസുകൾ

1532 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിൽ നാളിതുവരെ എത്ര സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസുകൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മേൽ പരാമർശിച്ച പ്രകാരം സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസുകൾ നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുത്തവരിൽ സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷ എത്രപേർ വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കിലേ സർവ്വീസ് അക്കാഡമിയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും അവരുടെ തസ്തികകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) കിലേ സർവ്വീസ് അക്കാഡമിയിൽ അധ്യാപക നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത നിയമനങ്ങൾ ഏത് രീതിയിലാണ് നടത്തുന്നതെന്നും വിശദമാക്കാമോ;

(ഇ) കിലേയിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും അതിൽ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും എണ്ണം എത്രയെന്നും വ്യക്തമാക്കാമോ; കൂടാതെ, താൽക്കാലിക ജീവനക്കാർ ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കാമോ?

## ഫോർട്ട് കൊച്ചി ഇ. എസ്. ഐ സബ്സ്റ്റോറിലെ മരുന്ന് വിതരണത്തിന് തടസ്സം

1533 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പിന് കീഴിൽ ഇടുക്കി, എറണാകുളം, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകൾ ഉൾപ്പെടുന്ന സെൻട്രൽ സോണിലെ 56 ഇ. എസ്. ഐ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്നുകൾ വിതരണം ചെയ്യുന്ന ഫോർട്ട് കൊച്ചി സബ്സ്റ്റോറിലെ മെഡിസിൻ ക്യാരിയർ വാഹനം ഇല്ലാതായിട്ട് മൂന്ന് വർഷത്തിലധികമായി എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഫോർട്ട് കൊച്ചി സബ്സ്റ്റോറിൽ മെഡിസിൻ ക്യാരിയർ വാഹനം ഇല്ലാത്തതിനാൽ പകരം സംവിധാനമായി ഏർപ്പെടുത്തിയ കരാർ വാഹനത്തിന് വാടക കുടിശിക ഉണ്ടായിരിക്കുന്നതിനെ തുടർന്ന് ഇ. എസ്.ഐ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്ന് വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ കാരണങ്ങളാൽ 4 ജില്ലകളിലെ 56 ഇ. എസ്. ഐ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 7.5 ലക്ഷം ഇ. എസ്. ഐ ഗുണഭോക്താക്കളും അവരുടെ കുടുംബവും നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ഡി) സ്റ്റോറിൽ നിന്നും യഥാസമയം മരുന്നുകൾ ഇ. എസ്. ഐ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും എത്താത്തതിനാൽ മരുന്നിന്റെ ഉപയോഗ കാലാവധി കാലഹരണപ്പെടുന്ന സംഭവങ്ങൾ ഉണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഇ) മരുന്നുകൾ യഥാസമയം വിതരണം ചെയ്യുന്നതിന് ഫോർട്ട് കൊച്ചി ഇ. എസ്. ഐ സബ്സ്റ്റോറിലേയ്ക്ക് ഒരു പുതിയ മെഡിസിൻ ക്യാരിയർ വാഹനം അടിയന്തരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## എറണാകുളം ജില്ലയിലെ ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം

1534 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) എറണാകുളം ജില്ലയിൽ എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്നും എത്രകാലമായി ഇങ്ങനെ തുടരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ജില്ലയിൽ എപ്പോഴെങ്കിലും ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം നടന്നിട്ടുണ്ടോ; എങ്കിൽ എപ്പോഴാണെന്നും അതിനു ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) എറണാകുളം ജില്ലയിൽ നിലവിലുള്ള ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാൻ എത്ര ചെലവ് വേണ്ടി വരുമെന്നും ഈ തുക കണ്ടെത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

## ചേറ്റുവ - രാമുകാര്യാട്ട് സ്മാരക സിനിമ തിയേറ്ററിന് റവന്യൂ ഭൂമി

1535 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ബജറ്റിൽ ഉൾപ്പെടുത്തിയ ചേറ്റുവ - രാമുകാര്യാട്ട് സ്മാരക സിനിമ തിയേറ്ററിന് റവന്യൂ ഭൂമി അനുവദിക്കുന്നതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ തന്നെ പ്രസ്തുത ഭൂമി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പാലക്കാട് ജില്ലയിൽ ഡിജിറ്റൽ റീസർവെ

1536 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ ഇപ്പോൾ ഡിജിറ്റൽ റീസർവേ നടന്നുകൊണ്ടിരിക്കുന്ന വില്ലേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) അടുത്ത ഘട്ടത്തിൽ പാലക്കാട് ജില്ലയിൽ ഡിജിറ്റൽ റീസർവെ ചെയ്യാൻ ഉദ്ദേശിക്കുന്ന വില്ലേജുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ഡിജിറ്റൽ റീസർവ്വെ പൂർത്തിയായ വില്ലേജുകളിലെ പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിന് സ്ഥലം അളന്ന് നൽകുന്നതിനുള്ള അപേക്ഷയിന്മേലുള്ള നടപടി

1537 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണയന്നൂർ പേട്ട വളത്തിക്കടവിലെ ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിനായി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൊടുക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫിഷ് ലാൻഡിങ് സെന്റർ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ പദ്ധതി പ്രദേശം അടിയന്തരമായി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

## സർക്കാർ ഭൂമിയുടെ പാട്ട വ്യവസ്ഥ

1538 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി 99 വർഷത്തേക്ക് പാട്ടത്തിനു നൽകുന്ന സമ്പ്രദായം അവസാനിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പാട്ടക്കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പാട്ടക്കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## അട്ടപ്പാടിയിലെ ഭൂമിപ്രശ്നം

1539 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി താലൂക്കിൽ വർഷങ്ങളായി കൈവശം വച്ച് കൃഷി ചെയ്ത് വരുന്ന കർഷകരുടെ ഭൂമിക്ക് നികുതി അടയ്ക്കാൻ സാധിക്കാത്തതും തണ്ടപ്പേർ ലഭിക്കാത്തതും നിമിത്തം ഭൂവുടമകൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) അട്ടപ്പാടിയിലെ ഭൂവിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി നിയമിച്ച പ്രത്യേക അന്വേഷണസംഘം സർക്കാരിന്

റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ റവന്യൂ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ഇന്റഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം**

1540 **ശ്രീ. എം. എം. മണി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം വിഭാവനം ചെയ്യുന്ന സുസ്ഥിരവും ആധുനികവുമായ റവന്യൂ മാതൃകയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഭൂഭരണ രംഗത്തെ സേവനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ വഹിക്കുന്ന പങ്ക് എപ്രകാരമാണ്; വ്യക്തമാക്കാമോ;

(സി) ഇന്റഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ഐ. എൽ. ഐ. എം. എസ്.) കേരളത്തിലെ ഭൂമി ഇടപാടുകളിൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ട് വരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ സാമൂഹ്യ -സാമ്പത്തിക വികസനത്തിൽ കുറ്റമറ്റ ഭൂരേഖകളുടെ പ്രാധാന്യം എന്താണ്; വിശദമാക്കാമോ?

**പട്ടയ ഭൂമിയിൽ ഖനന പ്രവർത്തനത്തിന് പെർമിറ്റ്**

1541 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ ഖനന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പെർമിറ്റുകളോ ലൈസൻസുകളോ അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എല്ലാ അനുമതികളും നേടിയതിനു ശേഷം ഖനന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള കേസുകളിൽ അസൈൻഡ് ലാൻഡ് ക്രമവൽക്കരിക്കുന്നതിന് ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ കാസർകോട് ജില്ലയിൽ ചെങ്കല്ല് ഖനനത്തിന് പെർമിറ്റ് നേടുവാൻ അനുയോജ്യമായ ഭൂരിഭാഗം പ്രദേശങ്ങളും അസൈൻഡ് ലാൻഡിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഖനനാനുമതിക്കായി അപേക്ഷ സമർപ്പിക്കുവാനോ സമർപ്പിച്ച അപേക്ഷകളിൽ ഖനനാനുമതി ലഭിക്കാത്തതോ ആയ സ്ഥിതി വിശേഷം ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) കരിങ്കല്ല് ഖനനാനുമതിക്കായി ഡി.ഇ.എ.സി. അനുവദിച്ച 13.09.2018 വരെയുള്ള ജില്ലാ പാരിസ്ഥിതികാനുമതികൾ ഒരു വർഷത്തിനുള്ളിൽ reappraisal

ചെയ്യേണ്ടതാണെന്ന് MOEF (Ministry of Environment & Forest) ആഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത മെമ്മോറാണ്ടം അനുസരിച്ച് ഇ.സി.(Environmental Clearance ) റീ അപ്രൈസൽ ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്ന് മുൻപ് പാരിസ്ഥിതി അനുമതി നൽകിയ ഫയൽ PARIVESH PORTAL ൽ അപ് ലോഡ് ചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളോടു കൂടി എസ്.ഒ.പി. പുറപ്പെടുവിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോഴാണ് എസ്.ഒ.പി. പുറപ്പെടുവിച്ചത്;

(എഫ്) PARIVESH PORTAL ൽ EC (Environmental Clearance ) റീ അപ്രൈസൽ അപ് ലോഡ് ചെയ്യുന്നതിനു റവന്യൂ വകുപ്പിലുള്ള കാലതാമസം കാരണം കാസർഗോഡ് ജില്ലയിൽ ക്വാറിയിംഗ് ലീസോടുകൂടി പ്രവർത്തിച്ചു വരുന്ന ഭൂരിഭാഗം ക്വാറികളും പാരിസ്ഥിതികാനുമതി പുതുക്കാൻ കഴിയാത്ത സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

## <u>കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ</u>

1542 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ അനുവദിച്ച പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും അനുബന്ധ രേഖകളും പരിശോധിച്ച് അംഗീകാരം നൽകുന്നത് സംബന്ധിച്ച് ബഹു. റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി സഭയ്ക്ക് നൽകിയ മറുപടിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) കറുകുറ്റി വില്ലേജ് ഓഫീസ് സ്ഥിതി ചെയ്തിരുന്ന സ്ഥലം സ്വകാര്യ വ്യക്തിയുടെ പേരിൽ കിടക്കുന്ന കാര്യം അറിഞ്ഞിട്ടും തിരിച്ച് പിടിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) വസ്തു മറ്റൊരാളുടെ പേരിൽ മാറാനുണ്ടായ സാഹചര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇതിൻമേൽ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) നിലവിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്ലാനിന് എന്ന് അംഗീകാരം നൽകുമെന്ന് വിശദമാക്കാമോ?

## <u>അങ്കമാലി മഞ്ഞപ്രയിലെ പ്രശ്നപരിഹാര നടപടി</u>

1543 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ മഞ്ഞപ്ര വില്ലേജിന് സമീപം പൊതുജനം അനുഭവിക്കുന്ന പ്രശ്ന പരിഹാരത്തിനായി 10.9.2024 ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ പതിനാലാം സമ്മേളനത്തിൽ 8.10.2025-ലെ നക്ഷത്ര ചിഹ്നം ഇല്ലാത്ത 3516 നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) നിയമസഭാ അംഗം മണ്ഡലത്തിലെ ജനകീയ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ട് 17 മാസമായിട്ടും മറുപടി നൽകാതിരിക്കുക, അതിന്മേൽ നടപടി സ്വീകരിക്കാതിരിക്കുക, അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാതിരിക്കുക എന്നതിന്റെ കാരണം വിശദമാക്കാമോ; ഇതിന്റെ യഥാർത്ഥ വസ്തുത റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടേയോ റവന്യൂ വകുപ്പ് മന്ത്രിയുടേയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിലെ ആവശ്യവും അതിന്മേൽ ബന്ധപ്പെട്ടവർ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ നിയമസഭാംഗം നൽകിയ കത്തിന്റേയും ജില്ലാകളക്ടർ നൽകിയ റിപ്പോർട്ടിന്റേയും പകർപ്പ് ലഭ്യമാക്കുമോ?

## ആയുധ ലൈസൻസ് വൈകിയതിനുള്ള അപ്പീൽ അപേക്ഷ

1544 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. സജി മാത്യൂ, (പരിയാത്ത് പടവിൽ വീട്, അയർകുന്നം PO, കോട്ടയം) ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസ് ഫയൽ നമ്പർ 879596/25 (തീയതി 05.12.2025) പ്രകാരം സമർപ്പിച്ച ആയുധ ലൈസൻസ് അപ്പീൽ വൈകിയതിനുള്ള ക്ഷമാപണം സംബന്ധിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോട്ടയം ജില്ലാ കളക്ടർ ആയുധ ലൈസൻസ് അപേക്ഷ നിരസിച്ച ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ തെറ്റായ ഓഫീസിൽ (അഡീഷണൽ ചീഫ് സെക്രട്ടറി) സമർപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ കാലതാമസം, ന്യായമായ കാരണമായി അംഗീകരിക്കാമോ;

(സി) അപ്പീൽ സമർപ്പണ നടപടിക്രമങ്ങളെക്കുറിച്ചുള്ള അവബോധക്കുറവും തെറ്റായ മാർഗനിർദേശവും കണക്കിലെടുത്ത്, അപേക്ഷകനെതിരെ ശിക്ഷാതുല്യ നടപടികൾ ഒഴിവാക്കി അപ്പീൽ കാര്യപരമായി പരിഗണിക്കാമോ;

(ഡി) മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ ഫയൽ നം. 879596/25 പ്രകാരമുള്ള അപ്പീൽ സ്വീകരിച്ച്, ആയുധ ലൈസൻസ് അപേക്ഷ വിഷയത്തിൽ പുതുതായി തീരുമാനം എടുക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകാമോ?

## റവന്യൂ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ

1545 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലും റവന്യൂ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ ക്രമക്കേടിലും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

## റവന്യൂ സേവനങ്ങൾ

1546 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ഐ.ആർ. ഹിയറിംഗിനായി റവന്യൂ വകുപ്പിലെ ജീവനക്കാരെ കൂട്ടത്തോടെ വിന്യസിച്ചതിനാൽ, റവന്യൂ സേവനങ്ങൾ ലഭിക്കാതെ പൊതുജനങ്ങൾ പ്രതിസന്ധിയിലായത് ഗൗരവത്തോടെ കാണുന്നുണ്ടോ; എത്ര ജീവനക്കാരെയാണ് ഇതുപ്രകാരം നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>വയക്കര വില്ലേജ് വിഭജനം</u>

1547 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ വരുന്നതും വിസ്തൃതി കൂടുതലുമായ വയക്കര വില്ലേജ് വിഭജിച്ച് പുതിയ വില്ലേജ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ?

## <u>കോങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികൾ</u>

1548 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ?

## <u>മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ</u>

1549 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) മഞ്ചേശ്വരം താലൂക്കിൽ നിലവിലെ സർക്കാർ അനുവദിച്ച പട്ടയങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## <u>കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

1550 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റവന്യൂ വകുപ്പ് വഴി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതം എന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികൾ

1551 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ അരുവിക്കര നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച വിവിധ പദ്ധതികളുടെയും വികസന പ്രവൃത്തികളുടെയും വിവരങ്ങൾ, അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കുമോ?

## അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ റവന്യൂ വകുപ്പിന്റെ പദ്ധതികൾ

1552 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും റവന്യൂ വകുപ്പ് മുഖാന്തരം വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദാംശം, പദ്ധതികളുടെ പേര് സഹിതം വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ റവന്യൂ വകുപ്പിന്റെ പദ്ധതികൾ

1553 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഇതുവരെയായി റവന്യൂ വകുപ്പ് പയ്യന്നൂർ നിയോജക മണ്ഡല പരിധിയിൽ നടപ്പിലാക്കിയ പദ്ധതികളും ആയതിന്റെ വിശദാംശങ്ങളും അറിയിക്കാമോ;

(ബി) ഈ കാലയളവിൽ പയ്യന്നൂർ മണ്ഡല പരിധിയിൽ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തതെന്നും പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ബാക്കിയുള്ളതെന്നും വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ റവന്യൂ വകുപ്പിന്റെ പദ്ധതികൾ

1554 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പുതിയ വില്ലേജ് ഓഫീസുകൾ അടക്കം കായംകുളം മണ്ഡലത്തിൽ റവന്യൂ വകുപ്പ് അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും ഓരോ

പദ്ധതിക്കും ചെലവഴിച്ച തുക, പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവയും വിശദമാക്കാമോ?

**കോട്ടയം മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

1555 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ, അവയിൽ പൂർത്തിയായവ, പൂർത്തിയാകാനുള്ളവ ഇവ ഏതൊക്കെയെന്ന് വിശദമാക്കുമോ; പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

**മാവേലിക്കര മണ്ഡലത്തിലെ റവന്യൂ പുറമ്പോക്കുകൾ**

1556 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ വില്ലേജുകളുടെ പരിധിയിലുള്ള റവന്യൂ പുറമ്പോക്കുകളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിലെ പട്ടയ വിതരണം**

1557 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം ലഭ്യമായിട്ടുണ്ടെന്ന് അവരുടെ പേരുവിവരങ്ങൾ സഹിതം അറിയിക്കാമോ?

**എറണാകുളം മണ്ഡലത്തിലെ പട്ടയ വിതരണം**

1558 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിൽ എറണാകുളം, ചിറ്റൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഷൺമുഖപുരം പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) എറണാകുളം മണ്ഡലത്തിലെ എറണാകുളം വില്ലേജിൽ ഉൾപ്പെടുന്ന 24 മുറി നഗർ (പാരഡൈസ് നഗർ) പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) എറണാകുളം മണ്ഡലത്തിലെ ഇളംകുളം വില്ലേജിൽ ഉൾപ്പെടുന്ന ദർശന നഗർ പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**ചാലക്കുടി താലൂക്കിലെ പട്ടയ അപേക്ഷകൾ**

1559 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി താലൂക്കിൽ നാളിതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം വില്ലേജ് തിരിച്ചും ഇനം തിരിച്ചും നൽകാമോ;

(ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുടെ ഗുണഭോക്താക്കളുടെ പേര്, വില്ലേജ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) പട്ടയത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കുവാനുള്ളവ എത്രയെന്ന് വില്ലേജ് തിരിച്ച് ഇനം തിരിച്ചും അപേക്ഷകരുടെ പേര് സഹിതം ലഭ്യമാക്കാമോ?

## <u>മംഗലശ്ശേരി തോട്ടം നിവാസികളുടെ പട്ടയ വിതരണം.</u>

1560 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ താഴെക്കോട് വില്ലേജിൽ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പട്ടയം വിതരണം ചെയ്യുന്നതിന് അടുത്ത മാസം തന്നെ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കോതമംഗലം മണ്ഡലത്തിലെ അർഹരായ കൈവശക്കാർക്ക് പട്ടയം</u>

1561 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പട്ടയ നടപടികൾ വേഗത്തിൽ ആക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

## <u>സുനാമി പുനരധിവാസ ഫ്ളാറ്റുകളിലെ താമസക്കാർക്ക് പട്ടയം</u>

1562 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 24-ന് സംഭവിച്ച സുനാമി ദുരന്തത്തിനിരയായവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി നിർമ്മിച്ച ഫ്ലാറ്റുകളുടെ കൈവശക്കാർക്ക് അവകാശരേഖ നൽകേണ്ടതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സുനാമി പുനരധിവാസ ഫ്ളാറ്റുകളുടെ കൈവശക്കാർക്ക് ആനുപാതികമായ സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഫ്ളാറ്റുകളുടെ നിലവിലെ കൈവശക്കാരന്റെ പേരിൽ പട്ടയം അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

## <u>പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ട്രൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിലെ പട്ടയ വിതരണം</u>

1563 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലെ ട്രൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിൽ പട്ടയം അനുവദിച്ചു നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള ഏഴായിരത്തോളം അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>മലമ്പുഴ മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ</u>

1564 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ മണ്ഡലത്തിൽ ആകെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു എന്നതിന്റെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## <u>മത്സ്യഗ്രാമങ്ങളിലെ പട്ടയ വിതരണം</u>

1565 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം വെസ്റ്റ് വില്ലേജിൽ ഉൾപ്പെടുന്ന മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നല്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത മേഖലയിലെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും പട്ടയം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>അട്ടപ്പാടിയിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവം</u>

1566 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ റവന്യൂ സെക്രട്ടറി എം.ജി. രാജമാണിക്യം സന്ദർശനം നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമായിരുന്നു; റിപ്പോർട്ട് ലഭിച്ചതിനു ശേഷം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്; യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) അട്ടപ്പാടിയിൽ 2025-ൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് അട്ടപ്പാടി തഹസിൽദാർ നൽകിയ റിപ്പോർട്ടിന്മേലും പ്രസ്തുത വിഷയത്തിൽ പാലക്കാട് ഡെപ്യൂട്ടി കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്മേലും എന്തെല്ലാം കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) റവന്യൂ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രത്യേക സംഘം സ്ഥലം സന്ദർശിച്ച് സമർപ്പിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ഡി) മേൽ പരാമർശിച്ച മൂന്ന് റിപ്പോർട്ടുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) അട്ടപ്പാടി താലൂക്കിലെ ആറ് വില്ലേജുകളിലായി ഈ സർക്കാരിന്റെ കാലത്ത് ആകെ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തത്; ഏതെല്ലാം വില്ലേജുകളിൽ എത്ര പട്ടയം വീതം വിതരണം ചെയ്തു; ഇതിൽ ആദിവാസികൾക്കും ആദിവാസികൾ അല്ലാത്തവർക്കും എത്ര പട്ടയം നൽകി; ആയതിന്റെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) പുതൂർ വില്ലേജിൽ പട്ടയ വിതരണത്തിൽ ക്രമക്കേട് നടന്നു എന്ന് കാണിച്ച് മണ്ണാർക്കാട് മുൻ തഹസിൽദാർ സർക്കാരിന് റിപ്പോർട്ട് നൽകിയത് എന്നാണ്; ഇതിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണ്; ഏതെല്ലാം വില്ലേജുകളിൽ ഇത്തരം അട്ടിമറി നടന്നിട്ടുണ്ട് എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ പട്ടയ വിതരണം</u>

1567 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ പാറശ്ശാല മണ്ഡലത്തിൽ റവന്യൂ വകുപ്പ്, ഭവനനിർമ്മാണ വകുപ്പ് എന്നിവ മുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ ആകെ എത്ര പേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകിയിട്ടുണ്ട്; ഇവ വില്ലേജ്, പഞ്ചായത്ത് എന്നിവ തിരിച്ച് ലഭ്യമാക്കാമോ; ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്നും നിലവിൽ എത്രയെണ്ണം വിതരണത്തിന് തയ്യാറായിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) പാറശ്ശാല മണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) അമ്പൂരി ഗ്രാമപഞ്ചായത്തിലെ വനമേഖലയിൽ 2006-ലെ വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ ലഭിച്ചവരുടെ ഭൂമി ഫോറസ്റ്റ് വില്ലേജിൽ നിന്നും മാറ്റി റവന്യൂ വില്ലേജ് ആക്കി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി

വിശദമാക്കാമോ; പ്രസ്തുത നടപടികൾ എന്നേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ഇ) പെരുങ്കടവിള, കീഴാറൂർ വില്ലേജുകളിൽ രാജപാത പുറമ്പോക്ക് പ്രദേശത്ത് താമസിക്കുന്നവരിൽ നിന്നും പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ എത്രയെണ്ണത്തിൽ പരിശോധന പൂർത്തിയാക്കി അർഹരായവരെ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) രാജപാത പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്നും അവ പരിഹരിച്ച് പട്ടയ വിതരണം എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ജി) മണ്ഡലത്തിലെ അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങൾ</u>

1568 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങൾ, വനാവകാശ രേഖ എന്നിവ സംബന്ധിച്ച വിവരങ്ങൾ വില്ലേജ് തിരിച്ച് അറിയിക്കാമോ?

## <u>കായംകുളം പൊഴിയിലെ ഊന്നിവലകളുടെ പോക്കുവരവ്</u>

1569 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കായംകുളം പൊഴിയിൽ ഏകദേശം 100 വർഷക്കാലമായി പട്ടയത്തോടു കൂടി പ്രവർത്തിച്ചുവരുന്ന ഊന്നിവലകൾക്ക് നൽകിയിട്ടുള്ള പട്ടയങ്ങൾ അവരുടെ പിൻഗാമികളായ ഇപ്പോഴുള്ള ഉടമസ്ഥരുടെ പേരിലേക്ക് പോക്ക് വരവ് ചെയ്ത് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇക്കാര്യം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) ഊന്നിവലകളുടെ നിലവിലുള്ള ഉടമസ്ഥർക്ക് കരം ഒടുക്കുന്നതിനുള്ള സാങ്കേതിക തടസ്സം കാരണം ഇവർക്ക് മത്സ്യബന്ധന പ്രവർത്തനങ്ങൾക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ പെർമ്മിറ്റും മറ്റ് ആനുകൂല്യങ്ങളും നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഊന്നിവലകളുടെ മുൻ പ്രമാണങ്ങളിൽ പലതും നിലവിലുള്ള ഉടമസ്ഥർക്ക് 2004 ലെ സുനാമിയിൽ തിരിച്ചുകിട്ടാനാകാത്ത വിധത്തിൽ നഷ്ടപ്പെട്ടിരുന്നു എന്ന വസ്തുത കണക്കിലെടുത്ത് 2021 ലെ കേരള ഇൻലാന്റ് ഫിഷറീസ് ആക്റ്റിൽ പ്രത്യേക ഇളവ് ആവശ്യമെങ്കിൽ അത് അനുവദിച്ച് കൊണ്ട് ഊന്നിവലകളുടെ നിലവിലുള്ള ഉടമസ്ഥർക്ക് ഊന്നിവലകളുടെ കരം ഒടുക്കാൻ സാധിക്കുന്നതിനും ഊന്നിവലകളുടെ

പോക്ക് വരവ് എളുപ്പത്തിൽ ചെയ്ത് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ പട്ടയം/ കൈവശാവകാശ രേഖ വിതരണം

1570 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിലും (2016-21) നിലവിലെ സർക്കാരിന്റെ കാലയളവിലും (2021-26) വാമനപുരം മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം, കൈവശാവകാശ രേഖ എന്നിവ വിതരണം ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പട്ടയത്തിന് അപേക്ഷിച്ച അർഹരായ എത്ര അപേക്ഷകർക്ക് ഇനി പട്ടയം ലഭ്യമാകാനുണ്ട്; വ്യക്തമാക്കാമോ; അപേക്ഷകളുടെ തൽസ്ഥിതി വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

## പട്ടയ ഭൂമിയിലെ രാജകീയ മരങ്ങളുടെ അവകാശം

1571 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിലെ രാജകീയ മരങ്ങളുടെ അവകാശം സംബന്ധിച്ച് ചട്ട ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഭൂമി പതിച്ചു നൽകിയതിനു ശേഷം വളർന്നുവരുന്ന രാജകീയ മരങ്ങളുടെ അവകാശം സംബന്ധിച്ച് ഏത് രീതിയിലുള്ള വ്യവസ്ഥയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ

1572 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പട്ടയം ലഭിച്ച കുടുംബങ്ങളുടെ വിശദവിവരം നൽകുമോ;

(സി) നിലവിൽ എത്ര പട്ടയ അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ

1573 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അരൂർ നിയോജക മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരം വില്ലേജ് തിരിച്ച് പേര്, അഡ്രസ്സ് സഹിതം ലഭ്യമാക്കാമോ?

## പട്ടയ വിതരണം

1574 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്കും പട്ടയത്തിനർഹരായവർക്കും പട്ടയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് അർഹരായിട്ടും പട്ടയം ലഭിക്കാത്തവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പട്ടയം വിതരണം വൈകുന്നതിന് പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്നും അവർക്ക് എപ്പോൾ പട്ടയം വിതരണം ചെയ്യുമെന്നും അറിയിക്കുമോ?

**<u>അമ്പലപ്പുഴ മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങളുടെ എണ്ണം</u>**

1575 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ 2016 മെയ് മാസം മുതൽ നാളിതുവരെ അനുവദിക്കപ്പെട്ട പട്ടയങ്ങളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

**<u>മട്ടന്നൂർ നിയോജക മണ്ഡലത്തിൽ മഴക്കെടുതിമൂലം മരിച്ചയാൾക്ക് ധനസഹായം</u>**

1576 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ 2025 ജൂലൈ മാസം ഉണ്ടായ ശക്തമായ മഴയിൽ വീടിനു മുകളിൽ മരം കടപുഴകി വീണ് മരിക്കാൻ ഇടയായ ശ്രീ.എനിയാടൻ ചന്ദ്രൻ എന്നയാളുടെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ആകെ എത്രപേർക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

**<u>ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ</u>**

1577 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റത്തിനുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പു കൽപ്പിക്കാൻ ഉണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ എത്ര തരം മാറ്റ അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; ഭൂമി തരം മാറ്റത്തിനുള്ള ഫീസിനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**<u>കോഴിക്കോട് നിയോജക മണ്ഡലത്തിലെ ഭൂമി തരം മാറ്റം</u>**

1578 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ ഭൂമി തരം മാറ്റുന്നതിനും ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിനുമായി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) മേൽ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## നെൽവയൽ - തണ്ണീർതട ഡേറ്റാ ബാങ്ക്

1579 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ - തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രസിദ്ധീകരിച്ച ഡേറ്റാ ബാങ്ക് വാലിഡേറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ(കെ.എസ്.ആർ.ഇ.സി) ഏതൊക്കെ വില്ലേജുകളിലാണ് പൂർത്തിയാക്കിയത്; ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിയമാനുസൃതം ആരാണിത് പ്രസിദ്ധീകരിക്കേണ്ടതെന്നും ഏതൊക്കെ വില്ലേജുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) വില്ലേജ് ഓഫീസുകൾ, കൃഷി ഭവൻ എന്നിവ കേന്ദ്രീകരിച്ച് എന്തൊക്കെ ചുമതലകളാണ് ഇക്കാര്യത്തിൽ വകുപ്പുകൾ നിർവഹിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) 2017 ൽ ആരംഭിച്ച വാലിഡേഷൻ ജോലികൾ ഇത്രയേറെ നീണ്ടു പോയതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കാമോ;

(ഇ) നെൽവയൽ - തണ്ണീർത്തടഡേറ്റാ ബാങ്ക് വാലിഡേഷൻ നടപടികൾ ഉർജ്ജിതമാക്കുമോ; വിശദമാക്കാമോ?

## ഏറ്റുമാനൂർ–എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്ന പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ

1580 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ – എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണ്; ഇതുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ) തയ്യാറാക്കലും അതിന്റെ അംഗീകാരവും സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണ്; ഇതിനായി സ്ഥല പരിശോധന പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി, വടയാർ എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 1.9652 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇത്രയും കാലം വൈകാൻ കാരണമായ പ്രധാന ഘടകങ്ങൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ അലൈൻമെന്റിൽ ഉൾപ്പെട്ട സർവേ സബ് ഡിവിഷനുകൾ ആദ്യം പുതിയ ആർ.എഫ്. സി. ടി. എൽ. എ. ആർ. ആർ. (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act) നിയമ പ്രകാരമുള്ള 6(1) വിജ്ഞാപനം അനുസരിച്ച് അംഗീകരിക്കപ്പെടാതിരുന്നത് മൂലമുണ്ടായ കാലതാമസം പരിഹരിക്കുന്നതിന് പിന്നീട് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ;

(ഇ) കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ റീസർവേ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി 08-04-2025-ലെ സർക്കാർ ഉത്തരവിലൂടെ പുതുക്കിയ അനുമതി നൽകിയതിനുശേഷം ഭൂമിയേറ്റെടുക്കൽ നടപടികൾ എത്രത്തോളം മുന്നോട്ട് പോയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(എഫ്) ആർ. എഫ്. സി. ടി. എൽ. എ. ആർ. ആർ. നിയമ പ്രകാരം മഹസർ തയ്യാറാക്കൽ, നിർമ്മിതികൾ, വൃക്ഷങ്ങൾ, കാർഷിക വിളകൾ എന്നിവയുടെ വില നിർണ്ണയം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ജി) അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, മഹസർ, വിശദ വില നിർണ്ണയ പത്രിക ( ഡി.വി.എസ്) എന്നിവ ഉൾപ്പെടെയുള്ള ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കൽ പൂർത്തിയാക്കി അവാർഡ് പാസാക്കുന്നതിനും സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനും പ്രതീക്ഷിക്കുന്ന സമയപരിധി എത്രയാണ്; വ്യക്തമാക്കാമോ?

## എരുമേലി തെക്ക് വില്ലേജിലെ വനംവകുപ്പിന്റെ കൈവശമുള്ള ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി ഉപയുക്തമാക്കാൻ നടപടി

1581 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ എരുമേലി മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വിവിധ ഔദ്യോഗിക സംവിധാനങ്ങൾ ഒരുക്കുന്നതിന് വേണ്ടി വനം വകുപ്പ് കൈവശത്തിൽ വെച്ചിട്ടുള്ള എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് നമ്പർ 27 ൽ റീസർവ്വേ 12(1) ൽ പെട്ട 1.8250 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി തിരികെ എടുത്ത് സർക്കാർ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

## അങ്കമാലി ബൈപ്പാസിന് ഭൂമി ഏറ്റെടുക്കൽ

1582 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ അങ്കമാലി ബൈപ്പാസിന് ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള കാലതാമസം എന്ത് കൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നാളിതുവരെയായി എത്ര അവലോകന യോഗങ്ങളാണ് നിയമസഭാ അംഗത്തിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലാ കളക്ടേറ്റിൽ ചേർന്നതെന്നും പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്നതും വിശദമാക്കാമോ;

(സി) അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള ഭൂമി എന്നത്തേയ്ക്ക് ഏറ്റെടുത്ത് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>കോഴിക്കോട് വിമാനത്താവളത്തിലെ റൺവേ എൻഡ് സേഫ്റ്റി ഏരിയ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ</u>

1583 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിലെ റിസ (റൺവേ എൻഡ് സേഫ്റ്റി ഏരിയ) നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്ത വകയിൽ ഇതുവരെ എത്ര പേർക്ക് പണം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റിസ (റൺവേ എൻഡ് സേഫ്റ്റി ഏരിയ) വികസനത്തിനായി സ്ഥലം ഏറ്റെടുത്തതിനെ തുടർന്ന് വീടുകളിലേക്കുള്ള വഴി നഷ്ടപ്പെട്ടവർക്ക് പകരം പുതിയ വഴികളും ക്രോസ് റോഡിന് പകരം റോഡും അനുവദിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് വിമാനത്താവളത്തിന് പുതുതായി സ്ഥലം ഏറ്റെടുത്ത് കൊടുക്കുന്നതിനുള്ള ഏതെങ്കിലും പ്രപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>എറണാകുളം ജില്ലയിലെ ലാന്റ് അക്വിസിഷൻ നടപടികൾ</u>

1584 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിനുകീഴിൽ എറണാകുളം ജില്ലയിൽ ലാന്റ് അക്വിസിഷൻ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതെന്നും അതിനായി എന്ത് തുക നഷ്ടപരിഹാരമായി നൽകി എന്നും വിശദീകരിക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് ലാന്റ് അക്വിസിഷൻ യൂണിറ്റുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുമോ?

## <u>ഗ്രീൻഫീൽഡ് ഹൈവേക്ക് ഭൂമി നൽകിയ ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരം</u>

1585 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേക്ക് വേണ്ടി കോഴിക്കോട് ജില്ലയിലെ പെരുമണ്ണ, ഒളവണ്ണ മേഖലകളിൽ ഏറ്റെടുത്ത ഭൂമിക്ക് പണം നൽകുന്നതിൽ കാലതാമസം വരാനിടയാക്കിയ സാഹചര്യം പരിശോധിക്കുമോ;

(ബി) ഏറ്റെടുത്ത ഭൂമി ഉടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരം റവന്യൂ വകുപ്പിൽ ഡെപ്പോസിറ്റായി ലഭിച്ചത് എന്നാണ്;

(സി) വീടും സ്ഥലവും സർക്കാർ ഏറ്റെടുത്തതിനെ തുടർന്ന് വീട് വെക്കാൻ പുതിയ സ്ഥലം എടുക്കുകയും അഡ്വാൻസ് തുക നൽകുകയും ചെയ്തവർ പണം നൽകാൻ സാധിക്കാതെ ദുരിതത്തിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭൂവുടമകൾക്കുള്ള നഷ്ടപരിഹാര തുക വിതരണം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) തുക ലഭ്യമാക്കുന്നതിൽ ഉദ്യോഗസ്ഥതല വീഴ്ചയുണ്ടോ; പരിശോധിക്കുമോ?

**തിരുവല്ല മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ്**

1586 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ ഉപദേശി കടവ്, കോമളം, ശ്രീവല്ലഭ തെക്കേനട, പുല്ലംപ്ലാവിൽ, കോതേക്കാട്ട് പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് ജോലികൾ ഏതുഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

**പുതുക്കാട് മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ**

1587 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന പുതുക്കാട്-മുപ്ലിയം-കോടാലിറോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ്, നിർദ്ദിഷ്ട മലയോര ഹൈവേ, ചക്കാലക്കടവ് പാലം, നെല്ലായി എൽ.ഐ. കടവ് പാലം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത വികസന പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

**കോഴിക്കോട് കിനാലൂരിൽ എയിംസ് സ്ഥാപിക്കുന്നതിന് നടപടി**

1588 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിനാലൂരിൽ എയിംസ് സ്ഥാപിക്കുന്നതിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) സർക്കാർ ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് നഷ്ട പരിഹാരം നൽകുന്ന നടപടികൾ വേഗത്തിലാക്കാമോ?

## കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ റെയിൽവെ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് പുരോഗതി

1589 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലായി എത്ര കൈവശക്കാരാണുള്ളത്; അവരുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; കടുത്തുരുത്തി റെയിൽവേ മേൽപ്പാലത്തിനായി അനുവദിച്ച ₹4,90,87,234/- രൂപയുടെ അവാർഡ് തുക ലഭിച്ചതിന് ശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ;

(ബി) കടുത്തുരുത്തി റെയിൽവേ മേൽപ്പാല പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ–പുനഃസ്ഥാപന (ആർ&ആർ) പാക്കേജ് അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(സി) കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ലാൻഡ് അക്വിസിഷൻ കേസുകളിലാണ് അവാർഡ് പാസാക്കിയിട്ടുള്ളത്; എത്ര കേസുകളിൽ ഭൂമി കെ. ആർ. ഡി. സി. എൽ-ന് കൈമാറിയിട്ടുണ്ട്; കോതനല്ലൂർ പദ്ധതിയിൽ ബാക്കിയുള്ള ലാൻഡ് അക്വിസിഷൻ കേസുകളിൽ അവാർഡ് തുക പാസാക്കുന്നതിന് ആവശ്യമായ ധനവകുപ്പ് ഡബ്ല്യൂ. എ. എം. എസ് ( വർക്ക്സ് അക്കൗണ്ടിംഗ് മാനേജ്മെന്റ് സിസ്റ്റം ) ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോ ;

(ഡി) കോതനല്ലൂർ റെയിൽവേ മേൽപ്പാല പദ്ധതിക്കായി അനുവദിച്ച കണ്ടിജൻസി ഫണ്ട് കെ. ആർ. ഡി. സി. എൽ. അക്കൗണ്ടിൽ നിന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ. ജനറൽ) കോട്ടയം അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ഇ) കുറുപ്പന്തറ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായ ശേഷം നിലവിൽ അവശേഷിക്കുന്ന പോസ്റ്റ്-അവാർഡ് റവന്യൂ നടപടികൾ ഏതൊക്കെയാണെന്നും; അവ എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ; ഈ പദ്ധതിയിൽ ഉണ്ടായിരിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്;വ്യക്തമാക്കാമോ?

## കോഴിക്കോട് - ബാലുശ്ശേരി ഭൂമി ഏറ്റെടുക്കൽ

1590 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേനയുള്ള കോഴിക്കോട് - ബാലുശ്ശേരി റോഡ് വീതി കൂട്ടൽ പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി

വ്യക്തമാക്കാമോ;

(ബി) കോഴിക്കോട്, വേങ്ങേരി, കച്ചേരി വില്ലേജുകളിലെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) മേൽ പ്രവൃത്തികളുടെ ഭൂമി ഏറ്റെടുക്കൽ നടപടി എത്ര സമയത്തിനകം പൂർത്തികരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ഭൂമി പ്രശ്നങ്ങൾ

1591 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നഞ്ച ഭൂമി പ്രശ്നങ്ങൾ, പുറമ്പോക്ക് ഭൂമികൾക്ക് പട്ടയം നൽകൽ, ദേവസ്വം ഭൂമി പ്രശ്നങ്ങൾ , റീസർവ്വേ പൂർത്തീകരണം എന്നീ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ;

(ബി) കൈപ്പമംഗലം മണ്ഡലത്തിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ അവസാനിപ്പിക്കുന്നതിന് എല്ലാ വില്ലേജുകളിലും ഡിജിറ്റൽ സർവേ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ;

(സി) വനഭൂമിയിൽ സൗജന്യമായി പട്ടയം അനുവദിക്കുമ്പോൾ കാലാകാലമായി ഇവിടെ സ്ഥലം വാങ്ങി താമസിക്കുന്നവർക്ക് ഭൂമി നഞ്ച എന്ന പേരിൽ നിന്നും തരം മാറ്റുമ്പോൾ കൂടുതൽ പണം ഗവൺമെന്റിലേക്ക് കെട്ടിവയ്ക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ?

## ഉദുമ നിയോജക മണ്ഡലത്തിൽ ഒഴിഞ്ഞുകിടക്കുന്ന റവന്യൂ ഭൂമിയിൽ കളിസ്ഥലമൊരുക്കൽ

1592 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിൽ ഒഴിഞ്ഞുകിടക്കുന്ന റവന്യൂ ഭൂമി എവിടെയൊക്കെയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി പഞ്ചായത്തുകൾക്ക് കളിസ്ഥലമൊരുക്കുന്നതിനായി ലീസിന്/പതിച്ച് നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

## പാട്ടകുടിശിക

1593 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ ആകെ എത്ര കോടി രൂപ കുടിശിക ലഭിക്കാനുണ്ട്; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പാട്ടക്കുടിശിക വരുത്തിയ എത്ര പേർക്ക് നോട്ടീസ് നൽകുകയും പാട്ടം റദ്ദാക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം ജില്ല

തിരിച്ച് വ്യക്തമാക്കാമോ;

(സി) പാട്ടക്കുടിശികയിൽ ഇളവ് നൽകികൊണ്ട് കുടിശിക പിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം ഇളവാണ് നൽകുന്നതെന്നും ഈ ഇളവുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**<u>വാമനപുരം മണ്ഡലത്തിലെ ഫ്ലഡ് റോഡ് പ്രവൃത്തികൾ</u>**

1594 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ വാമനപുരം മണ്ഡലത്തിൽ എത്ര ഫ്ലഡ് റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; അതിന് ചെലവായ തുക എത്രയാണ്; ഗ്രാമപഞ്ചായത്ത് തിരിച്ച് ക്രോഡീകരിച്ച് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ പുതിയ ഫ്ലഡ് റോഡ് പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റോഡുകളാണ്; വകയിരുത്തിയ തുകയും പ്രവൃത്തിയുടെ തൽസ്ഥിതിയും അറിയിക്കാമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ</u>**

1595 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇനി ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്താൻ ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കല്ല്യാശ്ശേരി മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളെയും സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മലപ്പുറത്ത് റവന്യൂ ടവർ നിർമ്മാണം</u>**

1596 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കളക്ടറേറ്റിലെ ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചു മാറ്റി റവന്യൂ, സർവേ വകുപ്പുകളിലെ ഓഫീസുകൾക്കായി പുതിയ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രസ്തുത പദ്ധതിക്ക് 75.20 കോടി രൂപയുടെ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കി പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിൽ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിയേണ്ടതിനാലും സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയുടെ

ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും റവന്യൂ ടവർ അനിവാര്യമായതിനാൽ പ്രസ്തുത പദ്ധതിക്ക് എത്രയും വേഗം അനുമതി നൽകുമോ; വിശദമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

1597 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകൾ ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയതിന് അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ;

(സി) സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്ത മലമ്പുഴ -II വില്ലേജ് ഓഫീസിന്റെ നിർമ്മാണം ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ; ആയത് എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

## കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ

1598 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മിനി സിവിൽ സ്റ്റേഷന് 2016-21 സർക്കാറിലെ റവന്യൂ മന്ത്രി തറക്കല്ലിട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതു വർഷം എവിടെ വച്ച് നടന്ന ചടങ്ങിലാണ് ശിലാസ്ഥാപനം നടന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിച്ചതിന് ശേഷമാണോ കാസർഗോഡ് മിനി സിവിൽ സ്റ്റേഷന് തറക്കല്ലിട്ടതെന്ന് വ്യക്തമാക്കാമോ; എങ്കിൽ എസ്റ്റിമേറ്റിന്റെയും ഭരണാനുമതികളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ എപ്പോൾ യാഥാർത്ഥ്യമാകും എന്ന് വ്യക്തമാക്കാമോ?

## റവന്യൂ - സർവ്വേ വകുപ്പുകളിൽ ജീവനക്കാരുടെ കാര്യക്ഷമത

1599 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ റവന്യൂ - സർവ്വേ വകുപ്പുകളിൽ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ;

(ബി) സൂപ്പർവൈസർ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാരിൽ നിന്നും കീഴ് ജീവനക്കാരുടെ മനോവീര്യം തകർക്കുന്ന രീതിയിലുള്ള പെരുമാറ്റം സംബന്ധിച്ച

പരാതികളിന്മേൽ വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ആഭ്യന്തര പരാതി പരിഹാര സമിതിക്ക് എത്ര പരാതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരാതികളിന്മേൽ ഇതുവരെ സ്വീകരിച്ച അച്ചടക്ക നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പാലാ ബൈപാസ്സ് റോഡ്- സ്ഥലം ഏറ്റെടുക്കൽ

1600 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ പാലാ ബൈപാസ്സ് റോഡ് ഏറ്റുമാനൂർ- പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജംഗ്ഷനിൽ ശ്രീ. സാജൻ ഗീതാഞ്ജലി എന്ന വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ലഭ്യമാക്കാത്തതു മൂലം നിർമ്മാണം പൂർത്തീകരിക്കുവാൻ വർഷങ്ങളുടെ കാലതാമസം നേരിടുന്ന പാലാ ബൈപാസ്സ് റോഡ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

## പാലാ റിവർവ്യൂ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ

1601 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല നിയോജക മണ്ഡലത്തിലെ പാലാ റിവർവ്യൂ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മെയിൻ റോഡുമായി ചേരുന്ന ആർ.വി. പാർക്കിനു സമീപം കോമളം ഹോട്ടൽ സ്ഥിതിചെയ്യുന്ന ഏകദേശം രണ്ട് സെന്റ് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി സമയബന്ധിതമായി ഏറ്റെടുത്ത് റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

## ചാത്തന്നൂർ താലൂക്ക് രൂപീകരണം

1602 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന പതിറ്റാണ്ടുകളായി ഉയർന്നുവരുന്ന ആവശ്യം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ നിലപാട് എന്താണ്; പ്രസ്തുത ആവശ്യം പരിഗണിക്കുമോ; ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനും അതിർത്തി പുനർനിർണയിക്കുന്നതിനുമായി റവന്യൂ വകുപ്പ് നിയോഗിച്ച വിദഗ്ധ സമിതി നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>അനധികൃതമായി ഭൂമി കൈമാറ്റം</u>

1603 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാക്കാൽ പാട്ടം എന്ന പേരിൽ അനധികൃതമായി ഭൂമി കൈമാറ്റം ചെയ്ത് തണ്ടപ്പേര് പിടിച്ച് കരമടച്ചു വരുന്നതായി റവന്യൂ സെക്രട്ടറി എം. ജി. രാജമാണിക്യം സർക്കാരിനു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; റിപ്പോർട്ടിൽ കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## <u>റവന്യൂ കാർഡ്</u>

1604 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൂവുടമകളുടെ വിവര ശേഖരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ കാർഡ് നൽകാൻ ആലോചിക്കുന്നുണ്ടോ;

(സി) വ്യക്തികളെ സംബന്ധിച്ച വിവരങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## <u>കേരളത്തിലെ വിവിധ ആർ.ഡി.ഒ. കളിലെ അപേക്ഷകൾ</u>

1605 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റൽ നടപടികൾക്കായി കേരളത്തിലെ വിവിധ ആർ.ഡി.ഒ. കളിൽ നിലവിൽ എത്ര അപേക്ഷകളാണ് തീരുമാനമാകാതെയുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് ആർ.ഡി.ഒ. ഓഫീസിൽ ഇനിയും തീരുമാനമാകാതെ എത്ര അപേക്ഷകളുണ്ടെന്ന് വിശദമാക്കാമോ?

## <u>എന്റെ ഭൂമി പദ്ധതി</u>

1606 **ശ്രീ. എം. എം. മണി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ ഭൂമി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൽ സർവേ പൂർത്തിയാക്കിയ വില്ലേജുകളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഡിജിറ്റൽ സർവേയ്ക്കായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകളും ഉപകരണങ്ങളും ഏതെല്ലാമാണെന്നും അവയുടെ സവിശേഷതകളും വ്യക്തമാക്കാമോ;

(സി) സർവേ പൂർത്തിയാകുന്ന മുറയ്ക്ക് ഭൂവുടമകൾക്ക് നൽകുന്ന പ്രോപ്പർട്ടി കാർഡിന്റെ സവിശേഷതകൾ അറിയിക്കാമോ;

(ഡി) ഡിജിറ്റൽ സർവേയിലെ പരാതികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(ഇ) സംസ്ഥാനത്ത് ഡിജിറ്റൽ സർവേ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

## <u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ഡിജിറ്റൽ സർവേ പൂർത്തീകരണം</u>

1607 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഡിജിറ്റൽ സർവേയാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര വില്ലേജുകളിലെ ഡിജിറ്റൽ സർവേയാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

## <u>ഡിജിറ്റൽ സർവേ-അതിർത്തി തർക്കങ്ങൾ പരിഹരിക്കാൻ നടപടി</u>

1608 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന എന്റെ ഭൂമി ഡിജിറ്റൽ സർവേ പദ്ധതി പൂർത്തിയാകുന്നതോടെ ഉയർന്നുവരാനിടയുള്ള വലിയ തോതിലുള്ള അതിർത്തി തർക്കങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനായി താലൂക്ക് തലത്തിൽ സ്പെഷ്യൽ ട്രിബ്യൂണലുകൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) തീരദേശത്തെ വീട് നഷ്ടപ്പെട്ടവർക്കായുള്ള പുനർഗേഹം പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്ന ധനസഹായം, നിർമ്മാണ സാമഗ്രികളുടെ നിലവിലെ വിലവർദ്ധനവ് കണക്കിലെടുത്ത് വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

## <u>കോങ്ങാട് മണ്ഡലത്തിലെ ഡിജിറ്റൽ സർവേ</u>

1609 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഡിജിറ്റൽ സർവേയാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഡിജിറ്റൽ സർവേയാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളതെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

## ഡിജിറ്റൽ സർവേ

1610 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ഏതൊക്കെ വില്ലേജുകളിൽ ഡിജിറ്റൽ സർവേ നടപടികൾ പൂർത്തിയായിട്ടുണ്ട്; വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ദേവികുളം താലൂക്കിലെ മുഴുവൻ വില്ലേജുകളിലും ഡിജിറ്റൽ സർവേ നടപടികൾ എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഡിജിറ്റൽ സർവേ നടത്തിയ വില്ലേജുകളിലെ പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## ഇരിട്ടി താലൂക്കിലെ അയ്യൻക്കുന്ന്, ആറളം പഞ്ചായത്തുകളിൽ നടന്ന ഡിജിറ്റൽ സർവേ

1611 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി താലൂക്കിലെ അയ്യൻക്കുന്ന്, ആറളം പഞ്ചായത്തുകളിൽ നടന്ന ഡിജിറ്റൽ സർവേയുമായി ബന്ധപ്പെട്ട് പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനു പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ചുള്ള ഇ3/17/2022/റവന്യൂ എന്ന ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

## സംസ്ഥാനത്തെ ഡിജിറ്റൽ റീസർവേ നടപടികൾ

1612 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ റീസർവേ നടപടികൾ എന്നാണ് ആരംഭിച്ചതെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിജിറ്റൽ റീസർവേ പ്രവർത്തനം നിലവിൽ ഏതു ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക ചെലവിനത്തിൽ വേണ്ടി വരുമെന്നും വ്യക്തമാക്കാമോ;

(സി) സർവ്വേ സംബന്ധിച്ചുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഡിജിറ്റൽ റീസർവേ സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ?

## ചിറയിൻകീഴ് മണ്ഡലത്തിലെ പട്ടയ വിതരണം

1613 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും ചിറയിൻകീഴ് മണ്ഡലത്തിൽ (തിരുവനന്തപുരം & ചിറയിൻകീഴ് താലൂക്ക് പരിധി) എത്രപേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകി എന്ന് വില്ലേജ്, പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അവർക്ക് ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പട്ടയം, കൈവശരേഖ എന്നിവ ലഭിക്കുന്നതിനായി ചിറയിൻകീഴ് മണ്ഡലത്തിൽ ഇനി എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്നും അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ?

## കോന്നി മണ്ഡലത്തിലെ റവന്യൂ ഭവന നിർമ്മാണ വകുപ്പിന്റെ പദ്ധതികൾ

1614 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും റവന്യൂ ഭവന നിർമ്മാണ വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

## പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ

1615 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള പുതുക്കാട് പഞ്ചായത്തിലെ മാട്ടുമലയിലെ സ്ഥലത്ത് ലൈഫ് ഗുണഭോക്താക്കൾക്കായി ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## മൈലപ്പള്ളി തൂക്കുപാലം നവീകരിക്കുന്നതിന് നടപടി

1616 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ നിർമ്മിച്ച കോട്ടയം ഏറ്റുമാനൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൈലപ്പള്ളി തൂക്കുപാലം ഇപ്പോൾ അപകടാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക എത്രയാണെന്നും ആയത് അനുവദിക്കുന്നത് ഏത് വകുപ്പിൽ നിന്നാണെന്നും വ്യക്തമാക്കാമോ;

(സി) അപകടാവസ്ഥയിലായ പ്രസ്തുത പാലം എത്രയും വേഗം നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>വയനാട് ചൂരൽമല ദുരന്തബാധിത കുടുംബസഹായ ഫണ്ട്</u>**

1617 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമല ദുരന്തബാധിത കുടുംബ സഹായ ഫണ്ടിലേയ്ക്ക് വയനാട് എം.പി. ശ്രീമതി പ്രിയങ്കഗാന്ധി എത്ര തുകയാണ് ലഭ്യമാക്കിയതെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജനവിഭാഗങ്ങളുടെ പുനരധിവാസത്തിനായി എം.പി. ഫണ്ടിൽ നിന്നും എത്ര തുകയാണ് സ്ഥലം എം.പി. എന്ന നിലയിൽ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ?

**<u>ചൂരൽമല - മുണ്ടക്കൈ ദുരിതബാധിതർക്കുള്ള എം.പി./എം.എൽ.എ.ഫണ്ട്</u>**

1618 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂരൽമല-മുണ്ടക്കൈ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ ഓരോ എം.പി. മാരും (രാജ്യസഭ അടക്കം) ഓരോ എം.എൽ.എ. മാരും എത്ര തുക വീതം എം.പി./എം.എൽ.എ. ഫണ്ടിൽ നിന്നും ലഭ്യമാക്കി എന്ന് വിശദമാക്കാമോ;

(ബി) ഇതുവരെ യാതൊരു തുകയും ലഭ്യമാക്കാതിരുന്ന എം.പി. മാർ, എം.എൽ.എ. മാർ ആരെല്ലാമാണ് എന്ന് അറിയിക്കാമോ?

**<u>പാട്ട കുടിശ്ശിക</u>**

1619 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി വിവിധ ആവശ്യങ്ങൾക്കായി പാട്ടത്തിന് നൽകിയ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണെന്ന കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിലെ പാട്ട നിരക്ക് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കുടിശ്ശിക പാട്ടത്തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം</u>**

1620 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാം; അനുവദിച്ച തുക, നിലവിലെ പ്രവൃത്തികളുടെ സ്ഥിതി എന്നിവയും വിശദമാക്കാമോ?

**<u>വയനാട് ചൂരൽമല - മുണ്ടക്കൈ ദുരന്ത പുനരധിവാസ ഫണ്ട്</u>**

1621 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് കേരളത്തിൽ നിന്നുമുള്ള എം.പി. മാരിലും (രാജ്യസഭയിലെയും ലോകസഭയിലെയും) സംസ്ഥാനത്തെ എം.എൽ.എ. മാരിലും ആരെല്ലാമാണ് എം.പി.ഫണ്ട്, എം.എൽ.എ. ഫണ്ട്, മറ്റ് അടിസ്ഥാന വികസന ഫണ്ട് എന്നിവയിൽ നിന്നും തുക നൽകാത്തവർ എന്നുള്ള വിശദാംശം അറിയിക്കാമോ?

**<u>വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം</u>**

1622 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഒന്നാംഘട്ട പുനരധിവാസം ഏത് മാസത്തോട് കൂടി പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

**<u>പുല്ലൂരാംപാറ പുനരധിവാസം</u>**

1623 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുല്ലൂരാംപാറയിലെ ഉരുൾപൊട്ടലിനെ തുടർന്ന് പുനരധിവസിപ്പിക്കേണ്ട ആറു കുടുംബങ്ങൾക്കുള്ള വീടും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) എസ്.ഡി.ആർ.എഫ്. നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര നിർദ്ദേശം ലഭിക്കുന്നതിനായി അയച്ച കത്തിന് അടിയന്തര ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് തന്നെ ഇവർക്ക് ആനുകൂല്യം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ</u>**

1624 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആധാരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്ന സാഹചര്യത്തിൽ, ഭൂമി സംബന്ധമായ രേഖകളുടെ സുരക്ഷ ഉറപ്പാക്കാൻ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ നടപ്പിലാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ ഒഴിവാക്കൽ**

1625 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ടീം ബേഡകം കുടുംബശ്രീ അഗ്രോ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ ഒഴിവാക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**ആധാരം തയാറാക്കൽ സ്റ്റേറ്റ് ലൈസൻസിനുള്ള എക്സാമിനേഷൻ**

1626 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന രജിസ്ട്രേഷൻ വകുപ്പ് വസ്തു കൈമാറ്റ പ്രമാണം/ആധാരം തയാറാക്കുന്നതിന് നിലവിൽ അനുമതി നൽകിയിട്ടുള്ളത് ആർക്കൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) ആധാരം തയാറാക്കൽ സ്റ്റേറ്റ് ലൈസൻസിനുള്ള എക്സാമിനേഷൻ നടത്തുന്നത് ആരാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത എക്സാമിനേഷൻ നടത്തുന്നത് നിർത്തിവച്ചിരിക്കുകയാണോ; എങ്കിൽ എന്നുമുതലെന്നും അതിന് കാരണമെന്തെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത പരീക്ഷ ഒരു അപേക്ഷകന് എത്ര തവണ എഴുതാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഇ) ആധാരം തയാറാക്കൽ പരീക്ഷ വിജയിച്ച ആൾക്ക് ആധാരം എഴുതി തയാറാക്കുന്നതിന് കൈപ്പട ലൈസൻസ് പരീക്ഷയും പാസാകേണ്ടതുണ്ടോ;

(എഫ്) ആധാരം തയാറാക്കൽ സ്റ്റേറ്റ് ലൈസൻസിനുള്ള എക്സാമിനേഷൻ ഈ വർഷം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ**

1627 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ധനകാര്യ

ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലും രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ക്രമക്കേടിലും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## ആധാരമെഴുത്തുകാരുടെ ക്ഷേമനിധി

1628 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരമെഴുത്തുകാരുടെ ക്ഷേമനിധിയിൽ അംഗമാകുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ടോ; എങ്കിൽ എന്ന് വരെ ലഭിച്ച അപേക്ഷകളിന്മേലാണ് നടപടി പൂർത്തീകരിച്ച് വരിസംഖ്യ കൈപ്പറ്റി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ആധാരമെഴുത്തുകാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, പ്രസ്തുത ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള നടപടി ക്രമങ്ങൾ, സബ്& ജില്ലാ രജിസ്ട്രാർ ഓഫീസ്, ഐ.ജി. ഓഫീസ് എന്നിവിടങ്ങളിൽ അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന തുടർനടപടികൾ എന്നിവ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) സേവനാവകാശ നിയമ പ്രകാരം പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് എത്രയാണെന്ന് അറിയിക്കാമോ; നിർദിഷ്ട കാലയളവിനുള്ളിൽ നടപടികൾ പൂർത്തീകരിക്കാനാകാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷണം

1629 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പരിഷ്കാരങ്ങൾ മൂലം ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) എന്റെ ഭൂമി പോർട്ടൽ നടപ്പിലാക്കുമ്പോൾ ആധാരമെഴുത്തുകാരുടെ തൊഴിലിനെ ബാധിക്കാതിരിക്കാൻ, ഈ മേഖലയിലുള്ളവർക്ക് ഇതിനെക്കുറിച്ച് പരിശീലനം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വാണിജ്യ ബാങ്കുകളിൽ നിന്നും ചെറുകിട വ്യവസായ വായ്പകൾക്കും വ്യക്തിഗത വായ്പകൾക്കുമുള്ള കരാറുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം

1630 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ,

മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന നിലവിലെ സാഹചര്യം എന്തെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തടസ്സം മാറ്റുന്നതിന് രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ നടപടികൾ എന്തെന്ന് വിശദീകരിക്കാമോ?

## മാനാഞ്ചിറ രജിസ്ട്രേഷൻ ഓഫീസ് പ്രവർത്തനം

1631 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറയിൽ സ്ഥിതിചെയ്യുന്ന രജിസ്ട്രേഷൻ ഓഫീസിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം കഴിഞ്ഞിട്ടും അവിടെ ഓഫീസ് പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ തടസ്സങ്ങൾ നീക്കി പുതിയ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വാമനപുരം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

1632 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ വാമനപുരം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണെന്നും നടപടി ക്രമങ്ങളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

## വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം

1633 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കി രജിസ്ട്രേഷൻ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫയൽ നമ്പറും സ്ഥലത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും നിലവിൽ ഈ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) മന്ദിര നിർമ്മാണത്തിനായി ഭരണാനുമതിയോ സാങ്കേതികാനുമതിയോ ലഭ്യമായിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട വകുപ്പുതല ഫയൽ നമ്പറുകൾ

ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മൂപ്പിൽ നായരുടെ അവകാശികളുടെ ഭൂമി വിൽപ്പന

1634 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മൂപ്പിൽ നായരുടെ അവകാശികൾ അട്ടപ്പാടിയിൽ ഇതുവരെ എത്ര ഏക്കർ ഭൂമി വിൽപ്പന നടത്തിയെന്നും ഈ കേസിൽ രജിസ്ട്രേഷൻ വകുപ്പ് ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

(ബി) കേരള ഹൈക്കോടതിലെ ഒ.പി നമ്പർ. 2313/1965 കേസിലെ സിംഗിൾ ബഞ്ച് ഉത്തരവ് അനുസരിച്ചാണോ മൂപ്പിൽ നായരുടെ അവകാശികൾ ഭൂമി രജിസ്ട്രേഷൻ നടത്തിയതെന്ന് വിശദമാക്കുമോ?

## രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു പുരാരേഖ വകുപ്പുകളിൽ നിന്നുള്ള വിവിധ പദ്ധതികൾ

1635 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു- പുരാരേഖ വകുപ്പുകളിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) അവയിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

## ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം

1636 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്ന പ്രവൃത്തിയുടെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾക്കായി കേരള മ്യൂസിയവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് വി.കെ. കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണം

1637 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വി.കെ. കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും പ്രദർശന സംവിധാനം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രദർശന സംവിധാനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) വി.കെ. കൃഷ്ണമേനോൻ മ്യൂസിയത്തോടനുബന്ധിച്ച് പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>ബുദ്ധമത പഠനങ്ങൾക്ക് വേണ്ടി ഒരു കേന്ദ്രം</u>

1638 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ബുദ്ധസ്മാരകവും ബുദ്ധ ജംഗ്ഷനും കേന്ദ്രമാക്കി മ്യൂസിയം സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത പ്രദേശത്ത് ബുദ്ധമത പഠനങ്ങൾക്ക് വേണ്ടി ഒരു കേന്ദ്രം അനുവദിക്കുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

## <u>ക്ഷേത്രങ്ങളിലെ ചുമർ ചിത്രങ്ങളും കൊത്തുവേലകളും സംരക്ഷിക്കാൻ നടപടികൾ</u>

1639 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം, തൃക്കരിപ്പൂർ ചക്രപാണി ക്ഷേത്രം, ചെറുവത്തൂർ വീരഭദ്ര ക്ഷേത്രം എന്നിവിടങ്ങളിലെ ചുമർ ചിത്രങ്ങളും കൊത്തുവേലകളും സംരക്ഷിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആർക്കിയോളജി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>

1640 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആർക്കിയോളജി വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## <u>പുരാവസ്തു ഖനനങ്ങൾ</u>

1641 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പുരാവസ്തു ഖനനങ്ങളുടെ എണ്ണം, അവയുടെ പ്രധാന കണ്ടെത്തലുകൾ എന്നിവ വിശദമാക്കാമോ; പുതിയ ഖനനങ്ങൾ

ആരംഭിക്കാൻ വകുപ്പ് പരിഗണിക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## <u>പുനലൂർ തൂക്കുപാലത്തിന്റെ നവീകരണം</u>

1642 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനലൂർ മണ്ഡലത്തിലെ തൂക്കുപാലത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് അനുമതി നൽകിയ പ്രവൃത്തികളുടെ എണ്ണം, ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ച തീയതി, അനുവദിച്ച തുക, ചെലവഴിച്ച തുക, പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പുനലൂർ നിയോജകമണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകങ്ങൾ, പുരാവസ്തു കേന്ദ്രങ്ങൾ, ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ/ സ്ഥാപനങ്ങൾ എന്നിവ ഏതൊക്കെയാണെന്നും, അവയുടെ സ്ഥലം, നിലവിലെ സംരക്ഷണ സ്ഥിതി, ഇതുവരെ നടത്തിയ സംരക്ഷണ/ നവീകരണ പ്രവൃത്തികൾ, എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
26-01-2026

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>**പ്രത്യേക ശ്രദ്ധയ്ക്ക്:**</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].